FMPB

# മിത്രസമാചാർ

(for private circulation only)

വാല്യം 15 | ലക്കം 6 | ജൂൺ 2025




"എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ." എബ്രായർ 11:6

# വിശ്വാസം

ദൈവത്തിലുള്ള
വിശ്വാസം കൂടുതൽ
ശക്തിപ്പെടുത്തുക

## ആമുഖം ...

## വിശ്വാസത്തിൽ പുറത്തു കടക്കുക



**“കോവേണി മുഴുവൻ കാണാത്തപ്പോഴും കോവേണിയുടെ ആദ്യ പടിയിൽ പാദമൂന്നതാണ് വിശ്വാസം”**
**മാർട്ടിൻ ലൂഥർ കിംഗ് ജൂനിയർ**

ചാൾസ് സ്പർജൻ തന്റെ മുത്തച്ഛൻ ജയിംസിനെ കുറിച്ചുള്ള ഒരു കഥ പങ്കുവെച്ചു. വലിയ കുടുംബത്തെ പരിപാലിക്കേണ്ട തുച്ഛമായ വരുമാനമുള്ള ഒരു ദരിദ്ര പാസ്റ്ററായിരുന്ന അദ്ദേഹം കർത്താവിനെ സ്നേഹിച്ചിരുന്നു. ഒരു കരണവശാലും അദ്ദേഹം സുവിശേഷ പ്രസംഗം ഉപേക്ഷിക്കത്തില്ല. അവരുടെ ഒരേയൊരു പശു ചത്തു. കുട്ടികൾക്കു പാൽ നൽകുന്നതിനുള്ള വഴി അടഞ്ഞപ്പോൾ ജയിംസ് ആത്മവിശ്വാസത്തോടെ പറഞ്ഞു, എനിക്കു ആവശ്യമെങ്കിൽ 50 പശുക്കളെ നൽകുവാൻ ദൈവത്തിനു കഴിയും. അതെ ദിവസം ഈ ചുറ്റുപാടുകൾ അറിയാത്ത ലണ്ടനിലുള്ള ഒരു കൂട്ടർ, കഷ്ടപ്പെടുന്ന പാസ്റ്ററന്മാരെ സഹായിക്കുന്നതിനു ധനശേഖരണം നടത്തി. അവരുടെ കയ്യിലുണ്ടായിരുന്ന പാസ്റ്ററന്മാരുടെ പട്ടിക അവസാനിച്ചപ്പോൾ അഞ്ചു പൗണ്ട് ബാക്കി വന്നു. അവരിൽ ഒരാൾ പറഞ്ഞു ഈ തുക ജയിംസ് സ്പർജനു അയച്ചു കൊടുക്കാം. മറ്റൊരാൾ പറഞ്ഞു വെറും അഞ്ച് പൗണ്ട് അയയ്ക്കരുത് ഞാൻ അതിന്റെ കൂടെ അഞ്ച് കൂടെ നൽകാം. മറ്റുള്ളവരും ഇതിനോടു ചേർന്നു. അദ്ദേഹത്തിന്റെ പശു ചത്തതിന്റെ അടുത്ത ദിവസം ഈ സമ്മാനം അദ്ദേഹത്തിനു ലഭിച്ചു. പശുവിനെ നഷ്ടപ്പെട്ടതിനു തൊട്ടു പിന്നാലെ സഹായം ലഭിച്ചു.

ദൈവം നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുമെന്നും അവൻ തന്റെ വാഗ്ദത്തം പാലിക്കുമെന്നും ഈ സംഭവം എടുത്തു കാണിക്കുന്നു. ദൈവത്തിലുള്ള വിശ്വാസം പ്രകടമാക്കുന്നത് അവന്റെ കരുതലിനായുള്ള നമ്മുടെ പ്രാർത്ഥനകളിലൂടെ മാത്രമല്ല ദൈവത്തിന്റെ നീതിയിലുള്ള നമ്മുടെ ക്ഷമാപൂർവ്വമായ കാത്തിരിപ്പിലൂടെയും ആണ്. നിങ്ങളോടു അന്യായം ചെയ്യുമ്പോൾ അവരോടു പ്രതികാരം ചെയ്യുവാൻ പോകാതെ ദൈവം നിങ്ങളെ പരിപാലിക്കുമെന്നും ആ വിഷയം ദൈവം കൈകാര്യം ചെയ്യുമെന്നും ഉറച്ചു ദൈവത്തിൽ ആശ്രയിക്കുക.

നമുക്കു സ്വന്തമായി കാര്യങ്ങൾ നിർവഹിക്കുവാൻ കഴിയാതെ വരുമ്പോൾ നാം ഒരു ഡോക്ടറെയോ, ഒരു അഭിഭാഷകനെയോ ഒരു ബാങ്കിനെയോ വിശ്വസിച്ച് അവരിൽ ആശ്രയിക്കും. ഇതേ പോലെ നമുക്കു അസാധ്യമായ കാര്യങ്ങൾ വരുമ്പോൾ നമ്മുടെ രക്ഷിതാവായ യേശുവിൽ യഥാർത്ഥമായി വിശ്വസിച്ച് നമ്മുടെ നിസാഹായ അവസ്ഥ അവനിൽ സമർപ്പിക്കുക, ആശ്രയിക്കുക. FMPB യുടെ അടുത്ത ധർമ്മചിന്ത “വിശ്വാസം” ആകുന്നു. *“എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിപ്പാൻ കഴിയുന്നതല്ല; ദൈവത്തിന്റെ അടുക്കൽ വരുന്നവൻ ദൈവം ഉണ്ട് എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ”* (എബ്രായർ.11:6).

രക്ഷക്കായി ദൈവത്തിൽ ആശ്രയിക്കുമ്പോൾ വിശ്വാസത്തിന്റെ ആദ്യപടി എടുക്കുന്നു. നമ്മുടെ ജീവിത കാലം മുഴുവൻ കർത്താവിനെ അനുഗമിക്കുന്നതിലൂടെ നാം തുടർന്നുള്ള നടപടികൾ കൈക്കൊള്ളുന്നു. അതുകൊണ്ട് യേശുക്രിസ്തുവിലൂടെ ദൈവത്തിൽ വിശ്വസിക്കണം. കാരണം അവൻ നമ്മെ ഒരുനാളും കൈവിടുകയോ ഉപേക്ഷിക്കുകയോ നിരാശപ്പെടുത്തുകയോ പരാജയപ്പെടുത്തുകയോ ചെയ്യുകയില്ല. വിശ്വാസത്തിന്റെ പിതാവായ അബ്രഹാമിനെ പോലെ നമ്മുടെ എല്ലാ മിഷനറിമാരും ആരംഭം മുതൽ - പ്രാർത്ഥനക്കായി ഒത്തുകൂടിയ നാലു ഇതിഹാസ പുരുഷന്മാർ മുതൽ ഈ സംഘടനയുടെ വളർച്ചക്കായി ചേർന്നു വരുന്ന അവസാനത്തെ വ്യക്തി വരെ - ഈ വിശ്വാസത്തിന്റെ ആദ്യപടി സ്വീകരിച്ചിരിക്കുന്നു (എബ്രായർ.11:8). FMPB യുടെ ചരിത്രത്തിലൂടനീളം കർത്താവ് നമുക്ക് വിശ്വസ്തനായിരുന്നു. നമുക്ക് ആത്മാക്കളെ

പേജ് 4 ൽ തുടരുന്നു →→→

**"അവർ വിശ്വാസത്തിന്റെ മർമ്മം ശുദ്ധമനസ്സാക്ഷിയിൽ വെച്ചുക്കൊള്ളുന്നവർ ആയിരിക്കേണം."**

– 1 തിമൊഥെയൊസ്. 3:9

**"വിശ്വാസം ഒരു വികാരമല്ല. മുന്നിലുള്ള പാത അനിശ്ചിതമാകുമ്പോൾ ദൈവത്തിൽ ആശ്രയിക്കുവാൻ തീരുമാനിക്കുന്നതാണ് വിശ്വാസം"**

– ഡേവ് വില്ലിസ്

**"കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല."**

– എഫെസ്യർ 2:8-9

**"അദൃശ്യമായതു കാണുന്നതും, അവിശ്വസനീയമായതു വിശ്വസിക്കുന്നതും അസാധ്യമായതു സ്വീകരിക്കുന്നതുമാണ് വിശ്വാസം."**

– കോറി ടെൻ ബൂം

# മിത്രസമാചാർ

## ഞങ്ങളുടെ ദർശനം

FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു

## ഞങ്ങളുടെ ദൗത്യം

ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.

വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.

സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.

കേരള സോൺ:-
FMPB, വടവാതൂർ പി ഒ;
കോട്ടയം - 686 010
Mob: 9847 799 031; 9562 750 796
E-mail: abrahamthomas@fmpb.org

മിത്ര സമാചാർ

FMPB യുടെ പ്രതിമാസ സുനം

*Publisher & Editor*
**S. ജോൺ ബർലിൻ**

| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |

H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in

**Layout and Preparation:**
Communication Dept., fmpb



# ജനറൽ സെക്രട്ടറിയുടെ കത്ത്...

പ്രിയപ്പെട്ട പ്രാർത്ഥന സഹകാരികളെ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിൽ സ്നേഹവന്ദനം.

സംഘർഷം, അനിശ്ചിതത്വം, ദുർബലമായ വെടിനിർത്തലുകൾ എന്നിവകളാൽ അടയാളപ്പെട്ട ഈ കാലത്തു നമ്മുടെ രാഷ്ട്രം നിർണ്ണായകമായ ഒരു വഴിത്തിരിവിലാണ്. അതിർത്തികളിലെ സംഘർഷം, രാഷ്ട്രീയ അസ്ഥിരത, അക്രമം അവശേഷിപ്പിച്ച ആഴത്തിലുള്ള മുറിവുകൾ എന്നിവ ആഴമായ ഉത്കണ്ഠക്കു കാരണമായിട്ടുണ്ട്. മാധ്യമങ്ങളിൽ ചർച്ചകളും പ്രതികാര നടപടികളും തലക്കെട്ടുകളോടു കൂടെ പ്രതിധ്വനിക്കുമ്പോൾ ശാശ്വതമായ സമാധാനം വേരൂന്നുവാൻ സഭകളിൽ തീഷ്ണമായ മധ്യസ്ഥ പ്രാർത്ഥനകളും ധീരമായ സാക്ഷ്യങ്ങളും ഉയർന്നു വരണമെന്നതു നമ്മെ ഓർമ്മപ്പെടുത്തുന്നു. ദൗത്യ നിർവഹണത്തിലും പ്രാർത്ഥനയിലും സഹകാരികളായ നാം വികസിച്ചുവരുന്ന നാടകത്തിന്റെ നിഷ്ക്രീയ കാഴ്ചക്കാരായിരിക്കാതെ ദൈവത്തിന്റെ വീണ്ടെടുപ്പിൻ പ്രവർത്തിയിൽ സജീവ പങ്കാളികളായി തീരണം. തലവാചകങ്ങൾക്കപ്പുറത്തേക്കു നോക്കി നമ്മുടെ ദിവ്യ ഉത്തരവാദിത്തമായ പ്രാർത്ഥന, സുവിശേഷ ഘോഷണം, സമാധാനത്തിന്റെ പ്രതിനിധികളാകുക എന്നിവ പ്രാവർത്തികമാക്കുവാൻ ഇതു നമ്മെ ആഹ്വാനം ചെയ്യുന്നു.

## സംഘർഷത്തിന്റെ സ്വഭാവം മനസ്സിലാക്കുക

യുദ്ധങ്ങളുടെയും കലാപങ്ങളുടെയും വിവരണങ്ങൾ വേദപുസ്തകത്തിൽ ധാരാളമുണ്ട്. എന്നിരുന്നാലും ഭൗതിക പോരാട്ടങ്ങളെക്കാൾ തിരുവെഴുത്ത് ആഴമായ ആത്മീക യാഥാർത്ഥ്യങ്ങളെ വെളിപ്പെടുത്തുന്നു. യാക്കോബ് 4:1 ചോദിക്കുന്നു, "നിങ്ങളിൽ ശണ്ഠയും കലഹവും എവിടെ നിന്നു വരുന്നു?" പാപം, അഹങ്കാരം, സ്വാർത്ഥ അഭിലാഷം എന്നിവയിൽ വേരൂന്നിയ ആന്തരിക സംഘർഷത്തിലേക്കു ഇതു വിരൽ ചൂണ്ടുന്നു. ഈ അർത്ഥത്തിൽ ഇന്നു നാം കാണുന്ന യുദ്ധങ്ങൾ ആത്മീക അസ്വസ്ഥതയുടെ പ്രതിഫലനങ്ങൾ ആകുന്നു. അവിടെ അന്ധകാരത്തിന്റെ രാജ്യം തകർക്കുവാനും നശിപ്പിക്കുവാനും ശ്രമിക്കുന്നു.

---

➔➔➔ കവർ പേജ് 2 ന്റെ തുടർച്ച

നൽകുന്നതിലോ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിലോ ഒരിക്കൽ പോലും കർത്താവ് നമ്മെ കൈവിട്ടിട്ടില്ല. പ്രവൃത്തി ഇല്ലാത്ത വിശ്വാസം നിർജ്ജീവമാണെന്നു വായിക്കുന്നതു പോലെ നാം വിശ്വാസത്തിന്റെ സ്ഥിരീകരണ വാക്കുകൾ ഉപയോഗിക്കുകയും വിശ്വാസത്തെ പ്രവൃത്തിയിലൂടെ കാണിക്കുകയും ചെയ്യണം. കടുകു മണിയോളം വിശ്വാസം ഉണ്ടെങ്കിൽ നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ അതു പര്യാപ്തമാണ്. നിങ്ങളുടെ വിശ്വാസം എത്ര വലിയതാകുന്നു?

- **മേഴ്സി സെൽവിൻ**, കമ്യൂണിക്കേഷൻ വിഭാഗം

വെടി നിർത്തൽ കരാർ താൽക്കാലിക ആശ്വാസം മാത്രമാണ്. രാഷ്ട്രത്തിന്റെ ഹൃദയത്തിലേറ്റ മുറിവ് സൗഖ്യമാക്കുവാൻ ഇതിനു കഴികയില്ല. വേദപുസ്തകം അർത്ഥമാക്കുന്ന സമാധാനം കേവലം യുദ്ധമില്ലാത്ത അവസ്ഥയല്ല, നീതിയുടെ പുനഃസ്ഥാപനവും ധർമ്മത്തിന്റെയും നിറ സാന്നിധ്യവുമാണ്. യിരമ്യാവ് മുന്നറിയിപ്പ് നൽകുന്നു, "സമാധാനം ഇല്ലാതിരിക്കെ, സമാധാനം സമാധാനം എന്നു പറഞ്ഞു എന്റെ ജനത്തിന്റെ മുറിവിന്നു ലഘുവായി ചികിത്സിക്കുന്നു" (യിരെ.6:14).

ദൈവവുമായി നിരപ്പ് പ്രാപിക്കുമ്പോൾ മാത്രമേ യഥാർത്ഥ സമാധാനം സ്ഥാപിതമാകയുള്ളൂ. ദൈവമക്കളെന്ന നിലയിൽ പ്രത്യാശയുടെ ഈ സന്ദേശം നമ്മെ ഭരമേല്പിച്ചിരിക്കുന്നു. സംഘർഷത്തിൽ തകർന്ന അവസ്ഥയിലുൾപ്പടെ എല്ലാ സാഹചര്യത്തിലും ഇതു പ്രഘോഷിക്കുവാൻ നമ്മെ നിയോഗിച്ചിരിക്കുന്നു.

## മദ്ധ്യസ്ഥതക്കും ദൗത്യത്തിനുമുള്ള വേദപുസ്തക കല്പന

ചരിത്രത്തിലുടനീളം ദേശത്തിനു വേണ്ടി ഇടിവിൽ നിൽക്കുവാൻ ആളുകളെ ദൈവം അന്വേഷിക്കുന്നു. യെഹസ്കേൽ 22:30 പറയുന്നു, "ഞാൻ ദേശത്തെ നശിപ്പിക്കാതവണ്ണം അതിന്നു മതിൽ കെട്ടി എന്റെ മുമ്പാകെ ഇടിവിൽ നിൽക്കേണ്ടതിനു ഒരു പുരുഷനെ ഞാൻ അവരുടെ ഇടയിൽ അന്വേഷിച്ചു..." അശാന്തിയുടെ കാലഘട്ടത്തിൽ പിൻവാങ്ങാനല്ല മറിച്ച് ആത്മീക അധികാരത്തോടെ ഇടിവിൽ നിൽക്കുവാനാണ് സഭയെ ദൈവം വിളിച്ചത്.

യേശു കർത്താവ് യരുശലെമിനെ സമീപിച്ചപ്പോൾ അതിനെ കണ്ടു യരുശലെമിനെക്കുറിച്ച് കരഞ്ഞു, "ഈ നാളിൽ നിന്റെ സമാധാനത്തിനുള്ളതു നീയും അറിഞ്ഞെങ്കിൽ കൊള്ളായിരുന്നു..." (ലൂക്കോ.19:42). നഗരങ്ങളും രാഷ്ട്രങ്ങളും യഥാർത്ഥമായ സമാധാനത്തിലേക്കു തിരിയണമെന്ന ദിവ്യമായ ആഗ്രഹത്തെയാണ് യേശുവിന്റെ കണ്ണീർ വെളിപ്പെടുത്തുന്നത്.

അതിലുപരിയായി പർവ്വത പ്രസംഗത്തിൽ യേശു പ്രഖ്യാപിച്ചു, "സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും" (മത്തായി. 5:9). സമാധാന നിർമ്മാതാവിന്റെ പങ്ക് നിഷ്ക്രീയമല്ല. അവർ കരുണ, ജ്ഞാനം, ദൈവരാജ്യ മൂല്യങ്ങളോടുള്ള പ്രതിബദ്ധത എന്നിവയോടു കൂടി സംഘർഷ മേഖലയിലേക്കു ഇറങ്ങിച്ചെന്നു പ്രവർത്തിക്കും.

## പ്രതിസന്ധികളുടെ മദ്ധ്യത്തിലെ ദൗത്യം

യുദ്ധത്താൽ ബാധിക്കപ്പെട്ട മേഖലയിൽ സുവിശേഷത്തിന്റെ ആവശ്യകത അടിയന്തിരമാകുന്നു. ശാരീരികമായ തകർച്ചക്കൊപ്പം വൈകാരികവും ആത്മീകവുമായ ആഘാതം ഉരുവാക്കുന്നു. ഭയം, സ്ഥാനഭ്രംശം, നഷ്ടങ്ങൾ തുടങ്ങിയവ പലരെയും ഉത്തരങ്ങളും സ്ഥിരതകളും തേടുവാൻ പ്രേരിപ്പിക്കുന്നു.

ഇവിടെയാണ് നമ്മുടെ ദൗത്യം ഏറെ പ്രസക്തമാകുന്നത്. ക്രിസ്തുവിന്റെ സന്ദേശം – മനുഷ്യനെ ദൈവവുമായി നിരപ്പിക്കുകയും തകർന്ന ബന്ധങ്ങൾ പുനഃസ്ഥാപിക്കുകയും ചെയ്യുന്ന ക്രിസ്തുവിന്റെ സന്ദേശം യഥാർത്ഥ, നിലനിൽക്കുന്ന സമാധാനത്തിന്റെ അടിസ്ഥാനം ആകുന്നു.

സചേതനവും അസ്ഥിരവുമായ പ്രദേശങ്ങളിൽ പോലും എത്തിച്ചേരപ്പെടാത്തവർക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും ഒപ്പം FMPB യായി നാം നിലകൊള്ളുന്നു. പ്രത്യാശയുടെ സാന്നിധ്യമാകുവാനും ക്രൂശിക്കപ്പെട്ടവനും ഉയിർത്തെഴുന്നേറ്റവനുമായ ക്രിസ്തുവിനെ പ്രസംഗിക്കുവാനും സൗഖ്യം ആവശ്യ

മായ മേഖലയിൽ കരുണയോടു സേവിക്കുവാനുമുള്ള നമ്മുടെ പ്രതിബദ്ധത അചഞ്ചലമാകുന്നു.

## സംഘർഷ മേഖലകളിലെ ദിവ്യമായ സംരക്ഷണം

ജമ്മു, കാശ്മീർ, പഞ്ചാബ് എന്നീ മേഖലകളിൽ പ്രർത്തിക്കുന്ന നമ്മുടെ മിഷനറിമാർ, സുവിശേഷകർ, വിശ്വാസികൾ എന്നിവർക്കു ദൈവം നൽകിയ സംരക്ഷണത്തിനു ഹൃദയത്തിന്റെ ആഴത്തിൽ നിന്നു നന്ദിയും സ്തോത്രവും അർപ്പിക്കുന്നു. സങ്കീർണ്ണവും പലപ്പോഴും അസ്ഥിരവുമായ സാഹചര്യങ്ങളിൽ അവർ തങ്ങളുടെ വിളിയിൽ വേരൂന്നി നിന്ന് ധൈര്യത്തോടും കൃപയോടും അചഞ്ചലമായ വിശ്വാസത്തോടും കൂടെ ജനത്തെ സേവിച്ചു.

തദ്ദേശിയരോടൊപ്പം നിന്ന് പ്രാർത്ഥനയും ഉത്സാഹവും വ്യക്തമായ പിന്തുണയും നൽകുവാനുള്ള അവരുടെ പ്രതിബദ്ധത ക്രിസ്തുവിന്റെ സ്നേഹത്തിന്റെ അഗാധമായ സാക്ഷ്യമാകുന്നു. അവർ അർപ്പിക്കുന്ന ഓരോ പ്രാർത്ഥനയിലും പങ്കുവെക്കുന്ന ഓരോ തിരുവെഴുത്തിലും കാണിക്കുന്ന ഒരോ ദയാ പ്രവൃത്തിയിലും സുവിശേഷത്തെ അവർ ഉൾക്കൊള്ളുന്നു.

അവരുടെ ജീവിതം സങ്കീർത്തനക്കാരൻ എഴുതിയതിനെ പ്രഖ്യാപിക്കുന്നു, "തന്റെ തൂവലുകൾ കൊണ്ടു അവൻ നിന്നെ മറെക്കും; അവന്റെ ചിറകിൻ കീഴിൽ നീ ശരണം പ്രാപിക്കും; അവന്റെ വിശ്വസ്തത നിനക്കു പരിചയും പലകയും ആകുന്നു" (സങ്കീ. 91:4).

അവരുടെ ജീവിതത്തിലും ശുശ്രൂഷയിലും ദൈവീക വാഗ്ദത്തങ്ങൾ അവകാശപ്പെട്ടു കൊണ്ട് ഇതുപോലെ തന്ത്രപ്രധാനമായ മിഷൻവയലുകളിൽ അവരെ നിലനിർത്തുന്ന ദൈവത്തിനു നന്ദിയർപ്പിച്ചുകൊണ്ട് അവർക്കു വേണ്ടി നിരന്തരം പ്രാർത്ഥിക്കുവാൻ നമ്മുടെ പ്രാർത്ഥന ശൃംഖലയിലുള്ള എല്ലാവരെയും ഞങ്ങൾ ക്ഷണിക്കുന്നു.

## പ്രതീക്ഷയുടെ കിരണങ്ങൾ

നാം നേരിടുന്ന വെല്ലുവിളികൾ അനവധിയാണെങ്കിലും നമ്മുടെ പ്രത്യാശ വലിയതാകുന്നു. വെളിപ്പാട് 21 ൽ വരുവാൻ പോകുന്നതിനെ കുറിച്ചു ഒരു ദർശനം നമുക്കു നൽകുന്നു. "അവൻ അവരുടെ കണ്ണിൽ നിന്ന് കണ്ണുനീർ എല്ലാം തുടെച്ചുകളയും. ഇനിയും മരണം ഉണ്ടാകുകയില്ല; ദുഃഖവും മുറവിളിയും കഷ്ടതയും ഇനി ഉണ്ടാകുകയില്ല..." (വെളി.21:4,5). ഇതു ഒരു മനോരാജ്യമല്ല – അവന്റെ മുന്തിരിത്തോട്ടത്തിലെ വേലക്കാരായി ക്രിസ്തുവിന്റെ സ്ഥാനാപതികളായി എല്ലാ ദിവസവും അതിനായി പ്രവർത്തിക്കുന്നു എന്നത് യാഥാർത്ഥ്യമാകുന്നു. അതേ സമയം നെഹമ്യാവും അവന്റെ കൂടെ നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ടവരും ചെയ്തതുപോലെ ഒരു കൈയ്യിൽ കുട്ടയും മറു കയ്യിൽ വാളും പിടിച്ചു ദൈവരാജ്യം കെട്ടുപണി ചെയ്യുന്ന നാം പ്രാർത്ഥനയിൽ പോരടണം. "നന്മ ചെയ്യുന്നതിൽ നാം തളർന്നു പോകരുത്; തളർന്നു പോകാഞ്ഞാൽ തക്കസമയത്തു നാം കൊയ്യും" (ഗലാ.6:9).

ദൗത്യ നിർവഹണത്തിൽ പ്രീയപ്പെട്ട സഹകാരികളെ, ഇതു അടിയന്തിര സമയമാകുന്നു. എന്നാൽ നമ്മുടെ ദൈവം പരമാധികാരിയാകുന്നു. സംഘർഷം രൂക്ഷമാകുകയും സമാധാനം ദുർബലമാകുകയും ചെയ്യുമ്പോൾ മദ്ധ്യസ്ഥതയിൽ വിശ്വസ്തരും സാക്ഷ്യത്തിൽ ധൈര്യശാലികളും പ്രത്യാശയിൽ അചഞ്ചലരുമായി മതിലിന്മേൽ കാവൽക്കാരായി നമുക്കു എഴുന്നേൽക്കാം. ഇപ്പോൾ ഇടിവിൽ നിൽക്കേണ്ട

സമായമാകുന്നു. ഇപ്പോൾ ക്രിസ്തുവിലൂടെയുള്ള സമാധാനം പ്രഖ്യാപിക്കേണ്ട സമയമാകുന്നു. ഇപ്പോൾ അന്ധകാരത്തിൽ വെളിച്ചം ശക്തിയായി പ്രകാശിക്കേണ്ട സമയമാകുന്നു. എല്ലാ ശക്തി കേന്ദ്രങ്ങളും തകരുന്നതു വരെ എല്ലാ ഹൃദയങ്ങളിലെ മുറിവുകളും ഉണങ്ങുന്നതു വരെ നമ്മുടെ രാജ്യത്തുള്ള എല്ലാവരും യേശുവിനെ കർത്താവെന്നു ഏറ്റു പറയുന്നതു വരെ നമുക്കെല്ലാവർക്കും ഒരുമിച്ചു പ്രയത്നിക്കാം.

**ജൂണിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്:**

ദൗത്യത്തിൽ ഏർപ്പെടുക, സജ്ജീകരിക്കുക, വികസിപ്പിക്കുക.

ഈ മാസം സുവിശേഷത്തിനായുള്ള നമ്മുടെ അടിയന്തിരതയും പ്രത്യാശയും പ്രതിഫലിപ്പിക്കുന്ന ചില സംരഭങ്ങളുമായി FMPB മുന്നോട്ടു പോകുന്നു:

ജൂൺ 6-7 **പുതിയ മിഷനറിമാരെ തിരഞ്ഞെടുക്കുന്നതിനുള്ള ഇന്റർവ്യൂ** നടത്തുന്നു. സുവിശേഷം എത്താത്ത മേഖലകളിൽ കൊയ്ത്തുകാരെ അയയ്ക്കുന്നതിനുള്ള സുപ്രധാനമായ പ്രക്രീയ. ഇന്റർവ്യൂവിനായി വരുന്നവർക്കായി പ്രാർത്ഥിക്കുക. കർത്താവിന്റെ വിളി അവർ ഉറപ്പിക്കേണ്ടതിനും വിളിയിൽ അവർ വ്യക്തതയുള്ളവരാകേണ്ടതിനും ഓരോരുത്തരും നഷ്ടപ്പെട്ടു പോകുന്ന ആത്മാക്കളെ കുറിച്ചു അഭിനിവേശം ഉള്ളവരും ആകേണ്ടതിനായി പ്രാർത്ഥിക്കുക.

നമ്മുടെ ആരംഭകാല മിഷനറിമാർ കണ്ണീരോടെ വിത്തു വിതെച്ചതിന്റെ പൈതൃകത്തെയും പാരമ്പര്യത്തെയും സ്മരിച്ചു കൊണ്ട് ജൂൺ 9 ന് നാം **പെരിയമലൈ ദിനം** ആഘോഷിക്കുന്നു. നമ്മുടെ മിഷനറി പ്രസ്ഥാനത്തിന്റെ ലളിതവും ചരിത്രപരവുമായ വേരുകൾ, എല്ലാ മഹത്തായ പ്രസ്ഥാനങ്ങളും ആരംഭിക്കുന്നത് അനുസരണം, ത്യാഗം, പ്രാർത്ഥന എന്നിവയിൽ നിന്നാണെന്നതും ഇതു നമ്മെ ഓർമ്മപ്പെടുത്തുന്നു.

കൂടാതെ ജൂൺ 23 - 29 വരെ **സെന്റർ സോണിലെ മിഷൻ വയലുകൾ സന്ദർശിക്കുന്നതാണ്.** നമ്മുടെ മിഷനറിമാരെയും നേതാക്കളെയും ഉത്സാഹിപ്പിക്കുന്നതിനും അവരുടെ പ്രവർത്തനം വിലയിരുത്തുന്നതിന്റെയും ദർശനം പങ്കിടുന്നതിന്റെയും നിർണ്ണായ സമയമാകുന്നു. ഒരോ ഇടപെടലുകളും മുന്നോട്ടുള്ള പ്രവർത്തനത്തിനു ശക്തിയും വ്യക്തതയും പുതുക്കുന്നതിനുള്ള അവസരമാകേണ്ടതിനായി പ്രാർത്ഥിക്കുക.

രോഗവും ദുഃഖവും വ്യക്തിപരമായ ബുദ്ധിമുട്ടുകളും സഹിക്കുന്ന നമ്മുടെ മിഷനറിമാർക്കും സഹകാരികൾക്കുമായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിമാരിൽ ചിലർ പ്രീയപ്പെട്ടവരുടെ വേർപാടിൻ വേദനയിലാണ്. മറ്റു ചില മിഷനറിമാർ ചെറിയ അപകടത്തിൽ നിന്നും ആരോഗ്യ സംബന്ധമായ വെല്ലുവിളികളിൽ നിന്നും സൗഖ്യം പ്രാപിച്ചു വരുന്നു.

**"യഹോവ തന്റെ ജനത്തിനു ശക്തി നൽകും; യഹോവ തന്റെ ജനത്തെ സമാധാനം നൽകി അനുഗ്രഹിക്കും"**
(സങ്കീ.29:11).

ക്രിസ്തുവിൽ ആത്മാർത്ഥതയോടെ

റവ. വിജയ് പ്രസന്ന ഐസക്
ജനറൽ സെക്രട്ടറി.

# വിശ്വാസം



ക്രിസ്തീയ വിശ്വാസം അടിസ്ഥാനപരമായി ത്രീയേക ദൈവത്തെയും ദൈവനിശ്വാസിയവും ആധികാരികവുമായ ദൈവവചനമായി വേദപുസ്തകത്തെയും അംഗീകരിക്കുന്നതിനെയും ചുറ്റിപറ്റിയുള്ളതാകുന്നു.

നമ്മുടെ ക്രിസ്തീയ വിശ്വാസത്തിന്റെ മൂലക്കല്ലാകുന്നു വിശ്വാസം. വിശ്വാസം കൂടാതെ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴികയില്ല.

### 1. വിശ്വാസം എന്നത് ദൈവത്തിന്റെ ആസ്തിത്വത്തിലും സ്വഭാവത്തിലുമുള്ള വിശ്വാസവും ആശ്രയവും ആകുന്നു.

"ദൈവത്തിന്റെ അടുക്കൽ വരുന്നവർ ദൈവം ഉണ്ടു എന്നും തന്നെ അന്വേഷിക്കുന്നവർക്കു പ്രതിഫലം കൊടുക്കുന്നു എന്നും വിശ്വസിക്കേണ്ടതല്ലോ" (എബ്രാ.11:6). വിശ്വാസത്താൽ നാം ദൈവത്തിന്റെ അധികാരവും ശക്തിയും സാന്നിധ്യവും ഗ്രഹിക്കുന്നു. ഒരുവൻ ജീവനുള്ള ദൈവത്തിന്റെ സാന്നിധ്യം അനുഭവച്ചറിയുന്നത് ദൈവവചനത്തിലൂടെയും വെളിപ്പാടിലൂടെയും വ്യക്തിപരമായ അനുഭവത്തിലൂടെയും ആകുന്നു.

വിശ്വാസത്താൽ ഒരുവനു ദൈവത്തിന്റെ സ്വഭാവം മനസ്സിലാക്കുവാനും സ്വായത്തമാക്കുവാനും കഴിയും. ദൈവത്തിനു സകല സൃഷ്ടിയുടെമേലും പരിധികളില്ലാത്ത ശക്തിയും അധികാരവും ഉണ്ട്. ദൈവ സാന്നിധ്യം എല്ലായിടത്തും എല്ലായ്പോഴും ഉണ്ട്. സകല സൃഷ്ടിയോടുമുള്ള ദൈവീക കരുതലിന്റെയും മാനവജാതിയോടുള്ള ദൈവീക ബന്ധത്തിന്റെയും അടിസ്ഥാനഘടകം ദൈവസ്നേഹമാകുന്നു. ദൈവം പാപമില്ലാത്ത സമ്പൂർണ്ണ പരിശുദ്ധനാകുന്നു. നീതി, നന്മ തുടങ്ങി ദൈവത്തിന്റെ നിരവധി സ്വഭാവങ്ങൾ നമുക്ക് അനുഭവിക്കുവാൻ സാധിക്കും. ദൈവത്തിന്റെ സാന്നിധ്യവും സ്വഭാവവും നമ്മുടെ ജീവിതത്തിൽ അനുഭവമാക്കാം.

### 2. വിശ്വാസം എന്നത് ദൈവത്തിലും ദൈവീക വാഗ്ദാനങ്ങളിലുമുള്ള സമ്പൂർണ്ണമായ ആശ്രയമാകുന്നു.

ഒരിക്കൽ ഒരു മനുഷ്യൻ രണ്ടു മലകളുടെ മുകളിൽ നാട്ടിയ നീളമുള്ള മുളയിൽ വലിച്ചു കെട്ടിയ കയറിലൂടെ നടക്കുകയായിരുന്നു. ഈ അത്ഭുത പ്രകടനം നടത്തിയപ്പോൾ അവന്റെ തോളിൽ സ്വന്തം മകൻ ഇരിപ്പുണ്ടായിരുന്നു. ആ മനുഷ്യൻ തന്റെ മകനോടുകൂടെ കയറിലൂടെ നടന്നു മറുവശത്ത് എത്തിയപ്പോൾ ശ്വാസം അടക്കി ഈ കാഴ്ച കണ്ടു കൊണ്ടിരുന്ന ജനക്കൂട്ടം ആവേശത്തോടെ കൈകൊട്ടുവാനും വിസിൽ അടിക്കുവാനും തുടങ്ങി. ആ

മനുഷ്യൻ ജനക്കൂട്ടത്തോടു ചോദിച്ചു എനിക്കു ഇതു വീണ്ടും ചെയ്യുവാൻ കഴിയുമെന്നു നിങ്ങൾ കരുതുന്നുവോ? ജനക്കൂട്ടം ആർത്തുവിളിച്ചു പറഞ്ഞു അതെ. അദ്ദേഹം വീണ്ടും ചോദിച്ചു എന്റെ കഴിവിൽ നിങ്ങൾക്കു പൂർണ്ണ ഉറപ്പുണ്ടോ? ജനക്കൂട്ടം മറുപടി പറഞ്ഞു ഉണ്ട്. അങ്ങനെയെങ്കിൽ നിങ്ങളിൽ ഒരാൾ നിങ്ങളുടെ മകനെ എന്റെ അടുക്കലേക്കു അയയ്ക്കുക. ഞാൻ അവനെ തോളിൽ എടുത്തു മറുകര എത്തിക്കാം. എന്നാൽ ഒരാൾ പോലും ഈ സാഹസത്തിനു തയ്യാറായില്ല. ഈ മനുഷ്യനു തങ്ങളുടെ പൈതലിനെ മറുകര എത്തിക്കുവാൻ കഴിയുമെന്നു ഈ ജനത്തിനു അറിയാം. എന്നാൽ അത് തങ്ങളുടെ ജീവിത അനുഭവ മായപ്പോൾ അവർക്കു പൂർണ്ണ ഉറപ്പും ആശ്രയവുമില്ല. ഇത്തരത്തിലുള്ള ഉറപ്പു നമുക്കില്ല എങ്കിൽ ദൈവത്തിൽ ആശ്രയിക്കുവാൻ കഴികയില്ല. നാം എല്ലായ്പോഴും ആകുലചിത്തരാകുകയും മാനസിക സംഘർഷം അനുഭവിക്കും. നമുക്കു ദൈവത്തിലും അവന്റെ വാഗ്ദാനത്തിലും പൂർണ്ണമായി ആശ്രയിക്കുവാൻ കഴിയുമോ. (സദൃ.3:5-6)

### 3. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ രക്ഷപ്രാപിക്കുന്നു

നിത്യമായ നാശത്തിൽ നിന്നുള്ള വിടുതലാണ് രക്ഷ എന്നതു കൊണ്ടു അർത്ഥമാക്കുന്നത്. ഇത് പലപ്പോഴും സൂചിപ്പിക്കുന്നത് പാപത്തിൽ നിന്നും അതിന്റെ അനന്തരഫലത്തിൽ നിന്നുമുള്ള രക്ഷ, അത്യന്തികമായി നിത്യ ശിക്ഷാവിധിയിൽ നിന്നോ അല്ലെങ്കിൽ ദൈവത്തിൽ നിന്നുള്ള വേർപാടിൽ നിന്നോ ഉള്ള രക്ഷ. രക്ഷിക്കപ്പെടുന്നതിനു നാലു പടികൾ ഉണ്ട്.

a) രക്ഷകനായ യേശുക്രിസ്തുവിൽ വിശ്വസിക്കുകയും വിശ്വാസം ഏറ്റു പറയുകയും ചെയ്യുക (റോമർ.10:10).

b) നമ്മുടെ പാപ പ്രകൃതം തിരിച്ചറിയുക.

c) പാപം തിരിച്ചറിഞ്ഞ് അനുതാപ ഹൃദയത്തോടെ അത് ഏറ്റുപറയണം. അനുതാപത്തിന്റെ സുപ്രധാന നടപടിയാകുന്നിത്. ഇത്തരത്തിലുള്ള അനുതാപം രക്ഷയിലേക്കു നയിക്കും. (2 കൊരി.7:10)

d) ക്രിസ്തീയ വിശ്വാസം എല്ലായ്പോഴും ജീവിത ശൈലിയായി വിശദീകരിക്കുന്നു (2 കൊരി. 5:7). വിശ്വാസം വാക്കുകളെക്കാൾ അധികം ജീവിത പ്രവൃത്തിയിലൂടെ പ്രകടമാക്കണം (യാക്കോ.2:14)

### 4. ത്യാഗപരമായ സേവനം വിശ്വാസത്തെ വർദ്ധിപ്പിക്കും

വിശ്വാസം വർദ്ധിപ്പിച്ചു തരണമെന്ന ശിഷ്യന്മാരുടെ അപേക്ഷക്കു മറുപടിയായി യേശു അവരെ പഠിപ്പിച്ചത് ചെറിയ വിശ്വാസം വങ്കാര്യങ്ങളെ ചെയ്യും (ലൂക്കോ.17:5-10), അത്ഭുതങ്ങൾ അന്വേഷിക്കുന്നതിനെക്കാൾ അനുസരിക്കുന്നതാണ് പ്രാധാന്യം എന്നതിനു ഊന്നൽ നൽകി. ഒരു ദാസനെ കുറിച്ചുള്ള ഉപമയിലൂടെ യേശു ഈ വിഷയം വിശദീകരിച്ചു. വിശ്വാസം എന്നത് ഒരു ഉത്തരവാദിത്വം നിറവേറ്റുന്നതാണ്. അംഗീകാരവും പ്രതിഫലവും പ്രതീക്ഷിക്കാതെ മറ്റുള്ളവരെ സേവിക്കുക. ഇത്തരത്തിലുള്ള പ്രവർത്തിയിലൂടെ ദൈവത്തിന്റെ ശക്തിയുടെയും സ്നേഹത്തിന്റെയും സാക്ഷികളാകാം.

### 5. വിശ്വാസത്തിന്റെ പരിശോധന

ഓരോ വ്യക്തിയുടെയും വിശ്വാസത്തിന്റെ ആഴവും പ്രതിബദ്ധതയും വെളിപ്പെടുത്തുന്നതിനായി ദൈവം അവരുടെ വിശ്വാസത്തെ ശോധന ചെയ്തേക്കാം. കനാന്യ സ്ത്രീയുടെ യേശുവിലുള്ള അചഞ്ചലമായ വിശ്വാസം വെളിപ്പെടുത്തുവാൻ ദൈവം അവളുടെ വിശ്വാ

സത്തെ പരിക്ഷിച്ചു (മത്തായി.5:21–28). പ്രാരംഭത്തിൽ യേശു അവളുടെ അപേക്ഷ അവഗണിച്ചു. രണ്ടാമത് യേശുവിനെ യിസ്രായേല്യർക്കു വേണ്ടിയാണ് അയച്ചത് എന്നു പറഞ്ഞു അവളുടെ അപേക്ഷ നിരസിച്ചു. മൂന്നാമത് കുട്ടികളുടെ അപ്പം, നായ്ക്കൾ തുടങ്ങിയ സാദൃശ്യം ഉപയോഗിച്ച് കൊണ്ട് ദൈവത്തിന്റെ ആശിർവാദം യിസ്രായേല്യർക്കു മാത്രമുള്ളതാണ് അവളെ പോലെയുള്ള വിജാതിയർക്കുള്ളതല്ല എന്നു പറഞ്ഞു അവളുടെ അപേക്ഷ പൂർണ്ണമായി തള്ളിക്കളഞ്ഞു.

ഈ തിരസ്കരണത്തിന്റെ മദ്ധ്യത്തിലും കനാന്യ സ്ത്രീ തന്റെ അപേക്ഷയിൽ ഉറച്ചുനിന്നു. എന്തുകൊണ്ട്? കാരണം യേശുവിനു മാത്രമേ അവളുടെ പ്രശ്നം പരിഹരിക്കുവാൻ കഴികയുള്ളു എന്ന അറിവ് അവൾക്കുണ്ടായിരുന്നു.

ഇത്തരത്തിലുള്ള വിശ്വാസം എല്ലാ പരീക്ഷകളെയും അതിജീവിക്കുവാൻ നമ്മെ സഹായിക്കും. ഇയ്യോബിനെ സാത്താൻ പരീക്ഷിച്ചു. അബ്രഹാമിനെ ദൈവം പരീക്ഷിച്ചു. ശിഷ്യന്മാർ ഒരു പ്രാവശ്യം കൊടുങ്കാറ്റിനാൽ പരീക്ഷിക്കപ്പെട്ടു. നാം ദൈവത്താലോ പിശാചിനാലോ പ്രകൃതി ക്ഷോഭത്താലോ മറ്റോ പരീക്ഷിക്കപ്പെടാം. എന്നാൽ ത്രീയേക ദൈവത്തിലുള്ള നമ്മുടെ അചഞ്ചലമായ വിശ്വാസം ഈ പരീക്ഷകളെ അതിജീവിക്കുവാൻ നമ്മെ സഹായിക്കും (1 പത്രോ. 1:6–7). പരീക്ഷകളും ശോധനകളും നമ്മുടെ വിശ്വാസത്തെ ശുദ്ധീകരിച്ച് സ്വർണ്ണത്തെക്കാൾ മഹത്വകരമാക്കുന്നു.

റവ. ഏബ്രഹാം തോമസ്
സോണൽ സെക്രട്ടറി, കേരളം


## FINANCE DEPARTMENT




**FMPB Bank Account details for sending the offering through online transaction**

A/c Name: **FRIENDS MISSIONARY PRAYER BAND**

**ICICI** - A/c No. 602701216912 - IFS Code ICIC0006027 - Branch: Anna Nagar

**ICICI Bank UPI ID: fmpb@icici**

**SBI** - A/c No. 10402752621 - IFS Code SBIN0000987 - Branch: Ambattur

**Indian Bank** - A/c No. 406157474 - IFS Code IDIB000A599 - Branch: Vijayalakshmipuram, Ambattur

Kindly contact us: **finance@fmpb.org, WhatsApp: 7904648270**

## QR Code

**facilities to send your offertory**

**Kindly avail the BARCODE facility also to send your offertory to the ministries of FMPB.**

# പെരിയമലൈ ദിനം 2025



പെരിയമലൈ കേവലം ഒരു സ്ഥല നാമമല്ല – അത് ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ (FMPB) ജീവിത ഉദ്ദേശ പൈതൃകത്തിന്റെ പ്രതീകമാകുന്നു. 1967 ജൂലൈ ഒമ്പതിനാണ് ധർമ്മപുരി ജില്ലയിലെ പേട്ടമുകിലാലത്തുള്ള പെരിയമലൈ എന്ന ശാന്തമായ മലയോര ഗ്രാമത്തെ FMPB യുടെ ദൗത്യത്തിന്റെ ആദ്യവിത്തു പാകുന്നതിനുള്ള പുണ്യഭൂമിയായി ദൈവം തിരഞ്ഞെടുത്തു. അതിന്റെ ജനപ്രീതിയോ പ്രാധാന്യതയോ കൊണ്ടല്ല അതിനെ തിരഞ്ഞെടുത്തത് മറിച്ച് വങ്കാര്യങ്ങൾ ചെയ്യുന്നതിന് എളിയ തുടക്കം ഉപയോഗിക്കുന്നതിൽ ദൈവം സന്തോഷിക്കുന്നതിനാലാണ്. കടുക് മണി വലിയ മരമായി വളരുന്നതു പോലെ FMPB എന്ന ദൗത്യ നിർവഹണ പ്രസ്ഥാനം അനുസരണത്തിന്റെ ചെറിയ പ്രവർത്തിയിലൂടെ ദേശവ്യാപകമായി വളർന്നു പന്തലിച്ച് വലിയ സംരഭമായി തീർന്നു.

ദൈവത്തിന്റെ വിശ്വസ്ത ദാസന്മാരുടെ അക്ഷീണ പ്രയത്നം, പ്രാർത്ഥന, കണ്ണിർ, ത്യാഗം എന്നവയാൽ നനയ്ക്കപ്പെട്ട പെരിയ മലയിലെ വിത്ത് വിശാലവും ശക്തവും ജീവൻ നൽകുന്നതുമായ ഒരു ആൽമരമായി വളർന്നു. ആൽമരത്തിന്റെ ശിഖരം പോലെ ഇതിന്റെ ശിഖരങ്ങൾ വളർന്നു പന്തലിച്ചു. സംഘടന വളർന്നു സംസ്ഥാനങ്ങളും സംസ്കാരങ്ങളും കടന്ന് എല്ലാ കാലത്തും ഫലം പുറപ്പെടുവിച്ചു ക്രിസ്തുവിന്റെ സ്നേഹത്തിൻ കീഴിൽ ബഹുജനങ്ങൾക്കു അഭയം നൽകി. പെരിയമലൈ കേവലം നമ്മുടെ ആദ്യ മിഷൻ വയൽ മാത്രമല്ല അത് നമ്മുടെ ആത്മീക അടിത്തറയാകുന്നു. ചെറിയ ആരംഭത്തെ ദൈവീക കരങ്ങളാൽ നയിച്ചപ്പോൾ വലിയ ഒരു കൊയ്ത്തായി രൂപാന്തരപ്പെട്ടു എന്നത് ഇതിന്റെ സാക്ഷ്യമാകുന്നു.

പേട്ടമുകിലാലത്തുള്ള പെരിയമലൈ നമ്മുടെ പ്രസ്ഥാനത്തിന്റെ ജന്മസ്ഥലമാകുന്നു. കഴിഞ്ഞ 58 വർഷമായി അവിടെ ആരംഭിച്ച വേലയെ ദൈവം വിശ്വാസ്തതയോടെ വഴി നടത്തുകയും പരിപോഷിപ്പിക്കുകയും ചെയ്തു. ദൈവരാജ്യത്തിന്റെ വിപുലീകരണത്തിനായി ഓരോരുത്തരും അതുല്യമായ സംഭവാനകൾ നൽകിക്കൊണ്ട് എണ്ണമറ്റ വിധങ്ങളിൽ അനവധി വിശ്വസ്ത വ്യക്തികൾ ഈ ദിവ്യദൗത്യത്തിൽ പങ്കുവഹിച്ചിട്ടുണ്ട്. ഇന്നു നാം പുറകിലേക്കു തിരിഞ്ഞുനോക്കുമ്പോൾ അവരുടെ

സമർപ്പണത്തിലൂടെയും അനുസരണത്തിലൂടെയും ഉണ്ടായ സമൃദ്ധമായ ഫലങ്ങൾ തിരിച്ചറിയുമ്പോൾ നമ്മുടെ ഹൃദയം കൃതജ്ഞതയാൽ നിറഞ്ഞു കവിയുന്നു.

ഈ ദർശനാത്മക ഭൂമിയിലെ ആദ്യത്തെ മിഷനറിമാരായിരുന്ന കർത്താവിന്റെ വിശ്വസ്ത ദാസന്മാരായ റവ. ഹാരീസ് ഹിൽട്ടൺ, ശ്രീമതി പത്മ എന്നിവർക്കായി ദൈവത്തെ സ്തുതിക്കുന്നു. അവരുടെ അനുസരണത്തിന്റെ ആദ്യ കാൽച്ചുവട് തലമുറകൾ കെട്ടിപ്പെടുക്കുന്നതിനു അടിസ്ഥാനമിട്ടു. അവരുടെ സ്നേഹം, വിനയം, ത്യാഗം ഈ പ്രദേശത്തിന്റെ ആത്മീക ഭൂപ്രകൃതിയെ രൂപപ്പെടുത്തി. ഇപ്പോഴും ജ്വലിക്കുന്ന ഒരു അഗ്നി ജ്വലിപ്പിച്ചു.

നമ്മുടെ സീനിയർ മിഷനറിമാരെയും അവരുടെ കുടുംബത്തെയും നാം ഓർക്കുന്നു. അവർ സന്തോഷത്തോടെ അവരുടെ സുരക്ഷിതത്വം, സാമ്പത്തീകം, വിദ്യാഭ്യാസം, യൗവ്വനപ്രായം, താലന്തുകൾ എന്നിവ ദൈവരാജ്യം പണിയുന്നതിനായി സമർപ്പിച്ചു. അവരുടെ കാൽച്ചുവടുകൾ തലമുറകൾക്കു പിന്തുടരുന്നതിനുള്ളള വിശ്വാസത്തിന്റെ പൈതൃകമായി തീർന്നു.

അതിനു തുല്യമായി ഞങ്ങൾ ഹൃദയംഗമായ നന്ദി പ്രകാശിപ്പിക്കുന്നത് പ്രാർത്ഥന ക്കൂട്ട നേതാക്കന്മാർക്കും സഹകാരികൾക്കുമാണ്. അവരുടെ മഹത്തായ വിശ്വാസവും ത്യാഗപൂർവ്വമായ സമർപ്പണവും പറഞ്ഞു, "പോകുക, മിഷൻ വയലിൽ കർത്താവിന്റെ വേല ചെയ്യുക. ഞങ്ങൾ നിങ്ങൾക്കായി പ്രാർത്ഥിക്കുകയും സഹായിക്കുകയും ചെയ്യാം." പിന്നണിയിൽ നിന്നു പ്രവർത്തിച്ച ഈ വീര നേ താക്കൾ അവരുടെ അചഞ്ചലമായ മദ്ധ്യസ്ഥ പ്രാർത്ഥനയാലും സാമ്പത്തിക സഹായത്താലും നമ്മുടെ രാജ്യത്തിന്റെ ദക്ഷിണ മേഖലയിൽ ദൈവരാജ്യം സ്ഥാപിക്കുന്നതിനു പ്രധാന പങ്കുവഹിച്ചു.

ഇരുളർ, ലിംഗായത്, ആദി ദ്രാവിഡർ, അരുദ്ധതിയാർ, വണ്ണിയർ, വെള്ളാളർ ഗൗണ്ടർ എന്നിങ്ങനെ വ്യത്യസ്ഥരായ ആളുകളുടെ പാർപ്പിടമാകുന്നു പെ രിയമലൈ. 1967 നു മുമ്പ് ഇവരിൽ പലരും യേശുക്രിസ്തു എന്ന നാമം പേ ാലും കേട്ടിട്ടില്ലായരുന്നു. എന്നാൽ ദൈവത്തിന്റെ പരമമായ കൃപയാൽ ഗ്രാമത്തിലേക്കും ജനഹൃദയങ്ങളിലേക്കുമുള്ള വഴി ദൈവം തുറന്നു. സുവിശേഷം സ്വീകരിക്കുന്നതിനു ജനത്തെ ഒരുക്കി.

### സംഘടനയുടെ ആദ്യ ഫലം



### ശ്രീ. രാമൻ ( സ്റ്റീഫൻ)

ഈ ദൗത്യ നിർവഹണ സംഘത്തിന്റെ പ്രഥമ ഫലം. ആദ്യം ഇയാൾ മിഷനറിമാരെ ശക്തമായി എതിർത്തിരുന്നു. ദേശത്തു മഴ പെയ്യാതിരിക്കുന്നതിന്റെ കാരണം മിഷനറിമാരാണെന്നു ആരോപിച്ചു അവർ പാർക്കുന്ന കുടിൽ കത്തിക്കുവാൻ രാമൻ സുഹൃത്തുക്കളായ ആറു പേരോടു ചേർന്നു പദ്ധതിയിട്ടു. എന്നാൽ ആ രാത്രിയിൽ ശക്തമായ മഴ പെയ്തു. അവരുടെ ശ്രമം പരാജയപ്പെട്ടു. ഈ

അത്ഭുതത്തിൽ കുറ്റബോധം തോന്നിയ രാമൻ അടുത്ത ദിവസം രാവിലെ മിഷനറിയോടു ചോദിച്ചു. നിങ്ങളുടെ ദൈവമാണോ നിങ്ങളെ രക്ഷിച്ചത്? ക്രൂശിതനായ യേശുവിന്റെ ഒരു ചിത്രം കാണിച്ചു കൊണ്ട് സഹോദരി പത്മ സുവിശേഷം ലളിതമായ രീതിയിൽ പങ്കുവെച്ചു. അവന്റെ ഹൃദയത്തിൽ രൂപാന്തരം സംഭവിച്ചു. തന്റെ കയ്യിലുണ്ടായിരുന്ന സിഗരറ്റും ബീഡിയും വലിച്ചെറിഞ്ഞ് തന്റെ ജീവിതം ക്രിസ്തുവിനായി സമർപ്പിച്ചു. അങ്ങനെ രാമൻ സ്റ്റീഫനായി മാറി.



**ശ്രീ. ജോൺ അല്ലിമുത്തു.**

പോസ്റ്റ് മാസ്റ്ററായ ഇദ്ദേഹം സ്റ്റീഫന്റെ സുഹൃത്തായിരുന്നു. പേട്ടമുകിലാലത്തുണ്ടായ അഗ്നിബാധയിൽ 50 വീടുകൾ കത്തി നശിച്ചു. നഷ്ടം വിലയിരുത്തുന്നതിനായി അദ്ദേഹം അവിടെ വന്നു. അവിടെ അദ്ദേഹം മിഷനറി ഹിൽട്ടണെയും ഭാര്യ പത്മയെയും കണ്ടു. മിഷനറി കുടുംബത്തോടൊപ്പം താമസിച്ചു സുവിശേഷം ശ്രവിച്ചു. ഒരു പുതിയ നിയമം അദ്ദേഹത്തിനു നൽകി. രണ്ടു വർഷത്തിനു ശേഷം 1969 ൽ ഡാനീഷ് പേട്ടിൽ നടന്ന യോഗത്തിൽ അദ്ദേഹം യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു രക്ഷിതഗണത്തിലായി.



**ശ്രീ. വിക്ടർ രാമലിംഗം**

ഉലഗനല്ലി ഗ്രാമത്തിലേക്കു 1967 ൽ നിയമിതനായ പ്രധാനാദ്ധ്യാപകൻ. അല്ലമുത്തുവാണ് ഇദ്ദേഹത്തെ പരിചയപ്പെടുത്തിയത്. പേട്ടമുകിലാലത്തുണ്ടായ തീ പിടുത്തത്തിന്റെ കണക്കെടുക്കുവാൻ വന്നവരുടെ കൂട്ടത്തിൽ ഇദ്ദേഹവും ഉണ്ടായിരുന്നു. മഴയിൽ നനഞ്ഞ ഇവരെ മിഷനറി "യഹോവ യിരെ" എന്ന തന്റെ കൊച്ചുകുടിലിൽ സ്വീകരിച്ചു. അവർക്കു ഭക്ഷണവും വസ്ത്രവും നൽകി. കൂട്ടത്തിൽ സുവിശേഷവും പങ്കുവെച്ചു. മിഷനറിമാരുടെ ദയാപൂർണ്ണമായ പ്രവൃത്തിയും സുവിശേഷത്തിന്റെ ശക്തിയും അവരെ സ്പർശിച്ചു. പെരിയമലയിൽ ആദ്യമായി വിശ്വാസ പ്രഖ്യാപനം നടത്തിയത് വിക്ടർ ആയിരുന്നു. തുടർന്നു അദ്ദേഹത്തിന്റെ കുടുംബത്തിലുള്ള 25 പേർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു വിശ്വാസത്തിലേക്കു വന്നു.

## സുവിശേഷം മുന്നേറുന്നു

പേട്ടമുകിലാലത്തു നിന്നു സുവിശേഷം മാരണ്ഡഹള്ളി താഴ്വരയിലേക്കു യാത്ര ചെയ്തു. ശ്രീ. എബൻ അസറിയ, ശ്രീ. വിജയകുമാറിനെ ക്രിസ്തുവിങ്കലേക്കു ആനയിച്ചു. ഇരുത്തു കോട്ടയിലുള്ള ശ്രീ. ധർമ്മമണിയിലൂടെയും ഭാര്യയിലൂടെയും പ്രവർത്തനം സമൃദ്ധമായി വളർന്നു. ശ്രീ. പീതരു മുനിയപ്പ ആദ്യത്തെ പ്രാദേശിക സുവിശേകനായി.

വർഷങ്ങളായി നിരവധി മിഷനറി കുടുംബങ്ങൾ ധർമ്മപുരി ജില്ലയിൽ വിശ്വസ്തരായി സേവനം ചെയതിട്ടുണ്ട്. ഇന്ന് അവരുടെ പ്രവർത്തനത്തിന്റെ ഫലം കർത്താവിനെ ആരാധിക്കുന്ന നാലാം തലമുറ വിശ്വാസികളുടെ ജീവിതത്തിൽ കാണാം.

ഈ മിഷൻ വയലിൽ നിന്നും

- 27 വ്യക്തികൾ മിഷനറിമാരായി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ കർത്താവിന്റെ വേല ചെയ്യുന്നു.
- 55 പേർ പ്രാദേശിക സുവിശേഷകരായി സേവനം ചെയ്യുന്നു.
- ഈ പ്രദേശം ഇപ്പോൾ മൂന്നു സജീവ മേഖലകളായി വികസിച്ചിരിക്കുന്നു.
- പ്രാദേശിക സഭകൾ വളർന്നു സാമ്പത്തികമായും ഭരണപരമായും സ്വയ പര്യാപ്തതയിലെത്തിയിരിക്കുന്നു.
- വിശ്വാസികൾ പ്രർത്ഥനയിലൂടെയും സാമ്പത്തിക സഹായത്തിലൂടെയും സജീവമായി മിഷനറി പ്രവർത്തനത്തെ പിന്തുണയ്ക്കുന്നു.

**വിശ്വാസത്തോടും ദർശനത്തോടും മുന്നോട്ടു നോക്കുന്നു**

ദൗത്യ നിർവഹണം തുടരുന്നു. താഴെ പറയുന്ന ലക്ഷ്യം 2030 നകം നേടുന്നതിനായി പ്രതിജ്ഞാബദ്ധരായി പ്രവർത്തിക്കുന്ന ഇവിടെയുള്ള മിഷനറി സംഘത്തിനു വേണ്ടി നമുക്കു പ്രാർത്ഥിക്കാം.

- 4,40,000 പേരോടു സുവിശേഷം പങ്കുവെക്കുക
- 880 പുതിയ ഗ്രാമങ്ങളിൽ സുവിശേഷം എത്തിക്കുക.
- 88 ആരാധനക്കൂട്ടങ്ങൾ ഉരുവാക്കുക
- 44 ദൈവാലയങ്ങൾ നിർമ്മിക്കുക
- 4,400 പേരെ ശിഷ്യരാക്കി ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയിലെ അംഗമാക്കുക

***“അല്പകാര്യങ്ങളുടെ ദിവസത്തെ ആർ തുച്ഛീകരിക്കുന്നു? സർവ്വഭൂമിയും ഊടാടിച്ചെല്ലുന്ന യഹോവയുടെ ഈ ഏഴു കണ്ണു സെരുബ്ബാബേലിന്റെ കയ്യിലുള്ള തൂക്കുകട്ട കണ്ടു സന്തോഷിക്കുന്നു.”*** സെഖര്യാവ് 4:10

**ഓർക്കുവാൻ ഒരു ദിവസം, ആഘോഷിക്കുവാൻ ഒരു പൈതൃകം**


ഈ പെരിയമലൈ ദിനത്തിൽ ഈ ആദ്യ മിഷൻ വയലിൽ അദ്ധ്വാനിച്ച മിഷനറിമാരെയും അവരുടെ കുടുംബത്തെയും ഓർത്ത് നമുക്ക് നന്ദി നിറഞ്ഞ ഹൃദയത്തോടു കർത്താവിനു സ്തുതി സ്തോത്രങ്ങൾ അർപ്പിക്കാം. അവരുടെ പ്രതിബദ്ധതയുടെ സ്നേഹത്തിന്റെയും പൈതൃകം ഈ സംഘടനയെയും ദേശത്തെയും അനുഗ്രഹിച്ചിരിക്കുന്നു. ദൈവവിളിയോടു അവർ കാണിച്ച വിശ്വസ്തത അന്ധകാരത്തിലായിരുന്ന അനേക ഗ്രാമങ്ങളിലും ഹൃദയങ്ങളിലും വെളിച്ചം കൊണ്ടുവന്നു.

നമുക്ക് അവരെ ആദരിക്കാം - വെറും വാക്കുകലൂടെയല്ല, അവർ ആരംഭിച്ച ദൗത്യം തുടരുന്നതിലൂടെ. ദൈവഹിതത്തിനു കീഴടങ്ങിയ എളിയ ഹൃദയങ്ങളിലൂടെ ദൈവത്തിനു എന്തു ചെയ്യുവാൻ കഴിയും എന്നതിന്റെ ഒരു പവിത്രമായ പ്രതീകമായി പെരിയമലൈ എന്നും നിലനിൽക്കട്ടെ.

- മേഴ്സി സെൽവിൻ (കമ്യൂണിക്കേഷൻ വിഭാഗം)

# ഗോഗമുഖ് & ധകുവഖാന






## മിഷൻ വയലുകൾ

ഇന്ത്യയുടെ വടക്കു കിഴക്കൻ മേഖലയിലുള്ള സ്ഥലമാണ് അസം. കിഴക്കൻ ഹിമാലയത്തിന്റെ താഴ്‌വരയിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. ഈ സംസ്ഥാനത്തിന്റെ അതിർത്തിയുടെ വടക്ക് ഭൂട്ടാൻ, തെക്ക് ബംഗ്ലാദേശ് എന്നീ രാജ്യങ്ങളാണ്. ഇന്ത്യയുടെ ഏഴു സഹോദരിമാർ എന്ന അറിയപ്പെടുന്ന അരുണാചൽ പ്രദേശ്, മേഘാലയ, ത്രിപുര, നാഗലാന്റ്, മണിപ്പൂർ, മിസോറാം എന്നീ സംസ്ഥാനങ്ങളുമായി ഇത് അതിർത്തി പങ്കിടുന്നു. 35 ജില്ലകളുള്ള അസമിന്റെ തലസ്ഥാനം ദിശ്പൂർ നഗരം ആകുന്നു. ഭൂമിശാസ്ത്രപരമായി അസം മലകളും താഴ്‌വരകളും നിറഞ്ഞതാണ്. കിഴക്കൻ ഹിമാലയ നിരകൾ അസം ഹിമാലയമെന്നു അറിയപ്പെടുന്നു. ബറൈൽ നിരകളും ധാരാളം ചെറിയ മലനിരകളും ഇവിടെയുണ്ട്. ബ്രഹ്മപുത്ര നദി ആസമിലൂടെ എതാണ്ട് 650 മുതൽ 725 കിലോമീറ്ററുകൾ ഒഴുകുന്നു. ബ്രഹ്മപുത്ര താഴ്‌വരകളും ബരാക് താഴ്‌വരകളും കൃഷിക്കും തേയിലത്തോട്ടങ്ങൾക്കും ഫലഭൂയിഷ്ടമായ വെള്ളപ്പൊക്ക പ്രദേശമായി വർത്തിക്കുന്നു. ആസമിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ ഈ സംസ്ഥാനത്തിന്റെ പ്രകൃതി ഭംഗി വർദ്ധിപ്പിക്കുന്നു.



ഗോഗമുഖ്, ധകുവഖാന എന്നീ മിഷൻ വയലുകൾ അസമിലെ ധീമാജി, ലക്കീംപൂർ ജില്ലകളിലാണ് സ്ഥിതിചെയ്യുന്നത്. ബ്രഹ്മപുത്രയുടെ സമീപത്താണ് ഈ മേഖലകൾ. ഈ പ്രദേശത്തെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയും മത്സ്യബന്ധനവും ആകുന്നു. ഈ പ്രദേശത്തു ധാരാളം മഴ ലഭിക്കുന്നതിനാലും വർഷത്തിൽ രണ്ടോ മൂന്നോ പ്രാവശ്യം വെള്ളപ്പൊക്കം ഉണ്ടാകുന്നതിനാലും ഇവിടുത്തെ ആളുകൾ തൂണുകളിൽ പണിതുയർത്തീയ വീടുകളിലാണ് പാർക്കുന്നത്.



വടക്കു കിഴക്കൻ ഇന്ത്യയിലെ രണ്ടാമത്തെ വലിയ വിഭാഗമായ മിഷിംഗ് ഗോത്രം ഗോഗമുഖ്, ധകുവഖാന എന്നീ മിഷൻ വയലുകളിലാണ് താമസിക്കുന്നത്. മുമ്പ് ഇവരെ മിരി എന്നാണ് വിളിച്ചിരുന്നത് എന്നാൽ ഇപ്പോൾ ഇവരെ ഔദ്യോഗികമായി മിഷിംഗ് ജനങ്ങൾ എന്നറിയപ്പെടുന്നു. ബ്രഹ്മപുത്ര നദിയുടെ ചുറ്റുപാടുകളിൽ പാർക്കുന്നതിനാൽ ഇവരെ നദിജല ആളുകൾ എന്നും വിളിക്കുന്നു.

ഈ പ്രദേശത്തുള്ള ജനങ്ങൾക്കു വ്യത്യസ്തമായ സംസ്കാരങ്ങളും പരമ്പരാഗത ആചാരങ്ങളും ഉണ്ട്. മിഷിംഗ് ജനങ്ങൾ പ്രകൃതിയെ ആരാധിക്കുന്നവരാണ്. അവരുടെ വിശ്വാസ രീതി സൂര്യനെയും (ധോണി) ചന്ദ്രനെയും (പോളോ) ചുറ്റിപറ്റിയുള്ളതാണ്. അവർ പൂർവ്വപിതാക്കന്മാരുടെ ആത്മാക്കളെയും താരങ്ങളെയും പ്രകൃതിയിലുണ്ടാകുന്ന ഇടിയെയും മിന്നലിനെയും ഒക്കെ ആരാധിക്കുന്നു. ഉദാഹരണമായി അലി-അയ്-ലിഗാങ് എന്ന ഉത്സവം വിത്തു വിതെക്കുന്നതിനു മുമ്പായി അവർ ആഘോഷിക്കും. ഈ ഉത്സവത്തിൽ അവർ നല്ല വിളവ് ലഭിക്കുന്നതിനായി സൂര്യഭഗവാനോടു പ്രാർത്ഥിക്കുന്നു.

2019 ൽ FMPB ഇവരുടെ മദ്ധ്യത്തിൽ പ്രവർത്തനം ആരംഭിച്ചു. എന്നിരുന്നാലും നമ്മുടെ മിഷനറിമാരായ കവിതയും അഹിലയും ഗോപൂർ മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന വേളയിൽ സുവിശേഷത്തിന്റെ വിത്തു ഈ പ്രദേശത്തു വിതെച്ചു. ഗോപൂറിലെ ശുശ്രൂഷയിലെ ആദ്യകാല ഫലങ്ങളിൽ ഒന്ന് നമ്മുടെ വിശ്വാസിയും 2006 ൽ സ്വദേശ സുവിശേഷകനുമായ മില്ലൻ കുതുമിന്റെ മകൾ റിങ്കു കുതും എന്ന യൗവ്വനക്കാരിയായിരുന്നു. റിങ്കുവിന്റെ വിവാഹം ഗോഗമുഖിലുള്ള ഒരു അക്രൈസ്തവനുമായി നടന്നു. ഭർത്താവിന്റെ സഹോദരിമാരുടെ മതപരമായ രീതികൾ പിന്തുടരുവാൻ അവളുടെമേൽ സമ്മർദ്ദം ചെലുത്തി. അവൾ നീണ്ട പത്തു വർഷം ഭർത്താവിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. 2019 ൽ അവളുടെ പ്രാർത്ഥന ദൈവം കേട്ടു ഭർത്താവ് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഈ ദമ്പതികളുടെ ക്ഷണ പ്രകാരം FMPB യുടെ പ്രവർത്തനം ഗോഗമുഖ് മേഖലയിൽ ആരംഭിച്ചു.

വളരെ സാവധാനത്തിലാണ് പ്രവർത്തനം ആരംഭിച്ചതെങ്കിലും ദൈവം അത്ഭുതം പ്രവർത്തിച്ചു. സമീപത്തുള്ള കോസുത്തുലി ഗ്രാമത്തിൽ പുതിയൊരു ആരാധനക്കൂട്ടം സ്ഥാപിച്ചു. അടുത്തുള്ള പ്രദേശങ്ങളിലും വിവിധ അത്ഭുതങ്ങൾ സംഭവിച്ചു. ശ്രീമതി ലീല മിസോങിന്റെ ഉദരത്തിലുള്ള മുഴ കർത്താവ് സൗഖ്യമാക്കി. രക്താർബുധത്തിൽ നിന്നും ബിലേശ്വരി വിടുതൽ പ്രാപിച്ചു. ഹേമകാന്തോ മദ്യാസക്തിയിൽ നിന്നും മുക്തനായി. വൃക്ക തകരാറിലായ മജ്ജുവിനെ കർത്താവ് സൗഖ്യമാക്കി. ഹത്തിയമോര ഗ്രാമത്തിലെ മംഗ്ലാസണിന്റെ ഉദരത്തിലെ അൾസറും മുഴയും സൗഖ്യമായതിനെ തുടർന്നു അവിടെ ഒരു ആരാധനക്കൂട്ടം ആരംഭിച്ചു.

കഴിഞ്ഞ ആറു മാസത്തിൽ 111 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ആദ്യത്തെ അഞ്ചു വർഷം 60 വിശ്വാസികളെ

ലഭിച്ചതെങ്കിൽ കഴിഞ്ഞ വർഷം 51 പേർ വിശ്വാസത്തിലേക്കു കടന്നുവന്നു. ഇപ്പോൾ ഗോഗമുഖ് പ്രദേശത്തു നാലു ആരാധനക്കൂട്ടങ്ങൾ ഉണ്ട്. ഈ അത്ഭുതങ്ങൾക്കായി ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു.

2022 ൽ ധകുവഖാന മിഷൻ വയൽ തുറന്നു പ്രവർത്തിക്കുവാൻ ദൈവം സഹായിച്ചു. കാൻസർ ബാധിതനായ ശ്രീ. ദേവകാന്തോയെ കർത്താവ് അത്ഭുതകരമായി സൗഖ്യമാക്കി. അദ്ദേഹത്തിലൂടെ ചെറിയ ഒരു കൂട്ടായ്മ ആരംഭിച്ചു. ഈ മിഷൻ വയലിൽ ദൈവം വങ്കാര്യം ചെയ്യുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. മിഷിംഗ് ജന വിഭാഗത്തിന്റെ ഇടയിലുള്ള ഞങ്ങളുടെ പ്രവർത്തനം വപുലികരിച്ചു ലംക്കിംപൂർ വരെ എത്തിയിരിക്കുന്നു. ഈ വർഷത്തെ ഞങ്ങളുടെ ദർശനം യഥാക്രമം 250, 160 ഗ്രാമങ്ങളുള്ള ഗോഗമുഖ്, ധകുവഖാന എന്നീ മിഷൻ വയലുകളിൽ നിന്ന് 100 വ്യക്തികളെ രക്ഷയിലേക്കു നയിക്കുക എന്നതാകുന്നു.

ഈ പ്രദേശത്തു ഞങ്ങൾ നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്ന് ഇവിടെയുള്ള ജനങ്ങൾ ക്രിസ്തു മതത്തെ വിദേശ മതമായി കാണുന്നു എന്നതാണ്. ക്രിസ്ത്യാനികൾ സമൂഹത്തിലെ താഴ്ന്ന ജാതിക്കാരാണെന്നു അവർ കരുതുന്നു. മാത്രമല്ല അവർ തങ്ങളുടെ വിശ്വാസം ഉപേക്ഷിച്ചാൽ സമൂഹം അവരെ ഒറ്റപ്പെടുത്തുമെന്ന് ഭയപ്പെടുന്നു. ഈ മിഷൻ വയലിലെ പ്രവർത്തനം സുഗമമായി മുന്നേറേണ്ടതിനായും കൂടുതൽ ആളുകൾ യേശുവിനെ താല്പര്യപൂർവ്വം സ്വീകരിക്കേണ്ടതിനുമായി നമുക്കു പ്രാർത്ഥിക്കാം.

## പ്രാർത്ഥനക്കായി:-

- മഴ, കൊടുങ്കാറ്റ്, ബ്രഹ്മപുത്ര നദി, NHPC അണക്കെട്ട് എന്നിവ മൂലമുണ്ടാകുന്ന ജലപ്രളയത്തിൽ നിന്നും സുരക്ഷിതത്വം ലഭിക്കേണതിനായി പ്രാർത്ഥിക്കുക. ഇവ കൃഷിയെ കാര്യമായി ബാധിക്കുന്നു. കുടിയേറ്റത്തിനും ജലജന്യ രോഗങ്ങൾക്കും ഇതു കാരണമാകുന്നു. സർക്കാർ ബണ്ടുകളും ചെക്ക് ഡാമുകളും നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയുടെ വിജയത്തിനും രോഗങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനുമായി പ്രാർത്ഥിക്കുക.
- ജനങ്ങൾക്കിടയിൽ മാനസികാരോഗ്യ പ്രശ്നങ്ങൾ ഉരുവാക്കുന്ന മയക്കു മരുന്നിന്റെ ഉപയോഗം ഇവിടെ അധികമാകുന്നു. കള്ള്, ചാരായം എന്നിവയുടെ ശക്തികേന്ദ്രങ്ങൾക്കെതിരെ പ്രാർത്ഥിക്കുക.
- കാൻസർ, മസ്തിഷ്ക വീക്കം തുടങ്ങിയ മാരകമായ രോഗങ്ങളിൽ നിന്നും ജനങ്ങൾ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.
- മറ്റു സമൂഹങ്ങളുടെ ആത്മീക കടന്നു കയറ്റത്തിന്റെ സ്വാധീനത്തിൽ കൊണ്ടുവരുന്ന വിഗ്രഹാരാധന, ആസക്തി എന്നിവ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക.
- പൂർവ്വികരെ ആരാധിക്കുന്നതിനു പ്രോത്സാഹിപ്പിക്കുകയും ക്രിസ്ത്യാനികളെയും സുവിശേഷ വേലയെയും എതിർക്കുകയും ചെയ്യുന്ന സുവിശേഷ വിരോധികളിൽ നിന്നും സുരക്ഷിതത്വം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## വാഗ്ദാനം പാലിക്കുന്ന ദൈവം

മഹാരാഷ്ട്രയിൽ ഇഗത്പൂർ മിഷൻ വയിലിലുള്ള ക്രിസ്തീയ വിശ്വാസിയായ അനിത ബാലാവാടിയിൽ ജോലി ചെയ്യുന്നു. അവിടെ ജോലി സ്ഥലത്തു എത്തുവാൻ അവൾക്കു ഒരു നദി കടന്നു പോകണം. മഴക്കാലത്തു ഈ നദി പലപ്പോഴും പെട്ടന്നുണ്ടാകുന്ന വെള്ളപ്പൊക്കം മൂലം നിറഞ്ഞു കവിഞ്ഞൊഴുകും. ഒരു ദിവസം അവൾ നദിയിലൂടെ നടന്നു മറുകരയെത്തുവാൻ ശ്രമിച്ചു അവളുടെ പാദം മുങ്ങുന്നത്ര വെള്ളമെ നദിയിലുണ്ടായിരുന്നുള്ളു. അവൾ മുന്നോട്ടു നടന്നപ്പോൾ പെട്ടെന്നു വെള്ളത്തിന്റെ നില ഉയർന്നു മുട്ടോളമായി. പിന്നെ അരയോളമായി. ഈ ഗുരുതര സാഹചര്യത്തിൽ അവൾ സഹായത്തിനായി കർത്താവിനെ വിളിച്ചു. ദൈവത്തിന്റെ വിശ്വസ്തതയാൽ ദൈവം അവളെ പരിപാലിച്ചു. യെശയ്യാവ് 43:2 ലെ വാഗ്ദത്ത പ്രകാരം ദൈവം അവളെ രക്ഷിച്ചു. വെള്ളം അവളുടെ മീതെ കവിഞ്ഞില്ല. ദൈവനാമം മഹത്വപ്പെടുമാറാകട്ടെ.

## മിഷനറി സമർപ്പണം



ദൈവത്തിന്റെ അളവില്ലാത്ത കൃപയാൽ നമ്മുടെ മൂന്നു മിഷനറിമാരുടെ സമർപ്പണ പ്രാർത്ഥന കാക്കിനാടുള്ള ഇമ്മാനുവേൽ ബന്നിയുടെ സഭയിൽ വെച്ച് ഏപ്രീൽ ആറിനു നടത്തി. ഈ മിഷനറിമാരെ സഹായിക്കുവാൻ മുന്നോട്ടു വന്ന എല്ലാ വന്ന എല്ലാ സ്പോൺസറന്മാർക്കായും ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു.

- പാസ്റ്റർ. സാം ബന്നി, ഹോണററി സെക്രട്ടറി, ഇശരഝഴ

## പീഡന മദ്ധ്യെ വിശ്വാസത്തിൽ ഉറച്ചു നിന്നു

രാജസ്ഥാനിൽ തപുകാര മിഷൻ വയലിലുള്ള മനോജിനും ഭാര്യയ്ക്കും യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചതു നിമിത്തം ഗ്രാമത്തിലെ പഞ്ചായത്തിനു മുമ്പിൽ നിൽക്കേണിവന്നു. സമ്മർദ്ദങ്ങളുടെ മദ്ധ്യെ മനോജും ഭാര്യയും ധൈര്യമായി യേശുവിലുള്ള വിശ്വാസം ഏറ്റു പറഞ്ഞു. യേശുക്രിസ്തുവിന്റെ സാക്ഷിയായി നിലകൊണ്ടു. ഇതിനു പ്രതികാരമായി മനോജിനെ ക്രിസ്തീയ വിശ്വാസത്തിലേക്കു നയിക്കുവാൻ പ്രേരിപ്പിച്ചു എന്ന കുറ്റം ചാർത്തി മറ്റൊരു വിശ്വാസിയായ രാജപാലിനെ മനോജിന്റെ ബന്ധുക്കൾ മർദ്ദിച്ചു. അവർ രാജപാലിനെ ഗ്രാമത്തിൽ നിന്നും ഓടിച്ചു വിട്ടു. ഈ വെല്ലുവിളികളുടെ മദ്ധ്യത്തിൽ മനോജും കുടുംബവും രാജപാലും ക്രിസ്തീയ വിശ്വാസത്തിൽ ഉറച്ചു നിന്നു.

# മയക്കുമരുന്ന് ദുരുപയോഗത്തിനും കടത്തിനും എതിരായുള്ള അന്താരാഷ്ട്ര ദിനം



1987 ഡിസംബർ ഏഴിന് ഐക്യ രാഷ്ട്ര സഭയുടെ ജനറൽ അസംബ്ളി ജൂൺ 26 മയക്കുമരുന്ന് ദുരുപയോഗത്തിനും കടത്തിനും എതിരായുള്ള അന്താരാഷ്ട്രദിനമായി പ്രഖ്യാപിച്ചു. ആഗോളതലത്തിൽ മയക്കുമരുന്ന് പ്രശ്നം പരിഹരിക്കുന്നതിനാണ് ഈ ദിനം ആചരിക്കുന്നത്. മയക്കു മരുന്നും മനുഷ്യക്കടത്തും ഇല്ലാത്ത ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനുള്ള അവബോധം വളർത്തുന്നതിനാവശ്യമായ നടപടികൾ എടുക്കുന്നു.

ഒരു വ്യക്തി ഒരു പ്രവർത്തിയിലോ വസ്തുവിലോ ദോഷകരമായ അനന്തരഫലം ഉണ്ടാകുമെന്നറിഞ്ഞിട്ടും അതിൽ ഏർപ്പെടുന്ന അവസ്ഥയാണ് ആസക്തി. മയക്കു മരുന്ന് ഉപയോഗം ഇത്തരത്തിൽ ഉള്ള ഒരു അവസ്ഥയാണ്. ഇതിന് അടിമയായ വ്യക്തി നീയന്ത്രണമില്ലാത്ത അളവിൽ അതു ഉപയോഗിക്കും. അത് ആ വ്യക്തിയെ നൈമിഷിക ആനന്ദവലയത്തിലാക്കും എന്നാൽ അതിന് വലിയ വില കൊടുക്കേണ്ടിവരും. മയക്കുമരുന്ന് തലച്ചോറിലെ നാഡീവ്യവസ്ഥയുടെ പ്രവർത്തനത്തെ ബാധിക്കും. ഇത് ദീർഘകാല പ്രശ്നങ്ങൾക്കു കാരണമാകുന്നു - അതായത് പഠിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടും, കാര്യങ്ങൾ നിർണ്ണയിക്കുവാൻ സാധിക്കയില്ല, ഓർമ്മശക്തി നഷ്ടപ്പെടും, മാനസിക സംഘർഷമുണ്ടാകുകയും പെരുമാറ്റത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാകുകയും ചെയ്യും. ഇത്രയധികം ദോഷകരമായ ഫലങ്ങൾ ഉണ്ടാകുമെന്നറിഞ്ഞിട്ടും നിർഭാഗ്യവശാൽ അനവധിയാളുകൾ മയക്കു മരുന്നു ഉപയോഗിക്കുന്നു. ദൈനംദിന ജീവിതത്തിൽ നേരിടുന്ന സംഘർഷങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനുള്ള ഒരു മാർഗ്ഗമായിട്ടാണ് ഇതിനെ കാണുന്നത്.

ഐക്യരാഷ്ട്ര സഭയിലെ മയക്കുമരുന്ന് കുറ്റകൃത്യങ്ങൾക്കായുള്ള ആഫീസ് അവതരിപ്പിച്ച 2024 ലെ ആഗോള മയക്കുമരുന്ന് സംബന്ധിച്ച റിപ്പോർട്ട് 2022 ലെ കണക്കനുസരിച്ച് ലോകമെമ്പാടുമായി 292 ദശലക്ഷം മയക്കു മരുന്ന് ഉപയോക്താക്കളുണ്ടെന്നും അതിൽ 64 ദശലക്ഷം ആളുകൾ മയക്കുമരുന്ന് ഉപയോഗം മൂലമുള്ള വൈകല്യങ്ങളാൽ കഷ്ടപ്പെടുന്നവരാണെന്നും പറയുന്നു. കഴിഞ്ഞ ദശാബ്ദം കൊണ്ട് 20 ശതമാനം വർദ്ധനവുണ്ടായെന്നത് എടുത്തു പറയേണ്ടതാണ്. ഇന്ത്യയിൽ 73.25 ദശലക്ഷത്തിലധികം ആളുകൾ മദ്യം,

മയക്കുമരുന്ന് ഉപയോഗിക്കുന്നവരാണ്. 2021 ലെ കണക്കനുസരിച്ച് ഏറ്റവും കൂടുതൽ മയക്കു മരുന്ന് ഉപയോഗ വൈകല്യമുള്ള രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യ മൂന്നാം സ്ഥാനത്താണ്. 6.3 ദശലക്ഷം ആളുകൾ ഇതു നിമിത്തം ദുരിതം അനുഭവിക്കുന്നു.

വർഷങ്ങളായിട്ടുള്ള മയക്കുമരുന്ന് കടത്ത് ബിസിനസ്സിലുണ്ടായ വർദ്ധന വാണ് മയക്കുമരുന്നിന്റെ ഈ വ്യാപനത്തിനു കാരണം. ലോകത്തിലെ മൂന്നാമത്തെ വലിയ വ്യാപാരമായി മയക്കുമരുന്ന് വ്യാപാരം നിലകൊള്ളുന്നു. അനധികൃത മയക്കുമരുന്ന് കയറ്റുമതിയുടെ പ്രധാനകേന്ദ്രങ്ങളിലൊന്നായി ഇന്ത്യയെ UNODC നിരീക്ഷിച്ചിട്ടുണ്ട്. 2024 മാത്രം രാജ്യത്ത് 1.07 കോടി ഡോളർ മൂല്യമുള്ള മയക്കുമരുന്ന് കണ്ടെത്തിയതായി റിപ്പോർട്ട് പറയുന്നു. ഗ്രാമങ്ങളിലും നഗരങ്ങളിലും മയക്ക് മരുന്ന് ബിസിനസ്സ് ഇപ്പോഴും തഴച്ചു വളർന്നു കൊണ്ടിരിക്കയാകുന്നു. കേരളത്തിൽ മാത്രം 1377 മയക്കുമരുന്ന് വില്പന കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നു പോലീസ് സർവ്വെ കാണിക്കുന്നു. നമ്മുടെ രാജ്യം ഇപ്പോൾ നേരിടുന്ന ഗുരുതരമായ അവസ്ഥയാണ് ഇത് കാണിക്കുന്നത്.

സമപ്രായക്കാരുടെ സമ്മർദ്ദം മൂലം ധാരാളം യൗവ്വനക്കാർ മയക്കുമരുന്നിന ടിമകളാകുന്നു. പലപ്പോഴും അവർ മയക്കു മരുന്നു ഉപയോഗിക്കുന്നത് ധീരതയായി കണക്കാക്കുന്നു. മദ്യത്തിനും സിഗരറ്റിനും പകരം മയക്കുമരുന്നുകളാണ് ഇക്കാലത്ത് കൗമാരക്കാർ ഇഷ്ടപ്പെടുന്നത് എന്ന് സർവ്വെകൾ വെളിപ്പെടുത്തുന്നു. സ്കുളിൽ പഠിക്കുന്ന കുട്ടികൾക്കു പോലും മയക്കുമരുന്നു സുലഭമായി ലഭിക്കുന്നതിനാൽ ഇന്ന് ഇത് സാധരണമായിരിക്കുന്നു. സ്കൂളിൽ പോകുന്ന കൗമാരക്കാർക്കു മയക്കുമരുന്നു സൗജന്യമായി നൽകുന്നു. പ്രത്യുപകാരമായി അവർ ഇതു കൊണ്ടുനടന്നു അനേകർക്കു വിതരണം ചെയ്യുന്നു. ഈ പ്രവൃത്തിയിലേർപ്പെടുന്ന യൗവ്വനക്കാർ തങ്ങളുടെ ജീവിതം ഈ മാർഗ്ഗത്തിലൂടെ നശിപ്പിക്കുന്നു.

18 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളാണ് മയക്കുമരുന്നി നടിമകളാകുന്നത്. ഇത് അവരുടെ വളർച്ചയെയും ഉല്പാദനക്ഷമതയെയും ബാധിക്കുന്നു. ശരീര ആരോഗ്യത്തിലുണ്ടാകുന്ന സങ്കീർണ്ണതകളോടൊപ്പം മയക്കുമരുന്ന് ഉപയോഗം അവരെ മാനസികമായും ബാധിക്കുന്നു. മയക്കുമരുന്നിനടിമകളായവർ ജീവനും മരണത്തിനുമിടയിലുള്ള ഒരു അവസ്ഥയിലാണ്. ഈ യൗവ്വനക്കാർ ആക്രമാസക്തരാകുന്നതിനുള്ള സാധ്യത വലുതാണ്. അതുപോലെ കുലപാതകം, മോഷണം പോലെയുള്ള കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനും പ്രേരിതരാകും. ഫെബ്രുവരി മാസത്തിൽ 23 വയസ്സുള്ള ഒരു യൗവ്വനക്കാരൻ തന്റെ കുടുംബത്തിലുള്ളവരുൾപ്പടെ ആറു പേരെ കുലപ്പെടുത്തിയത് ഇതിനു ഉദാഹരണമാണ്. മയക്കു മരുന്നിന്റെ അമിതമായ ഉപയോഗം അവനെ വലിയ കടക്കെണിയിലാക്കിയതാണ് ഇതിനു കാരണം. ഈ ആസക്തിയിൽ നിന്നും പുറത്തുകടക്കുക ഏറെ ശ്രമകരമാണ്. അതുകൊണ്ട് അവർ മറ്റു കുറ്റകൃത്യങ്ങളിൽ മുഴുകാതിരിക്കേണ്ടതിനു അവർക്കു ശരിയായ ചികിത്സയും പുനരധിവാസ സൗകര്യങ്ങളും നൽകേണ്ടത് അത്യാവശ്യമാണ്.

ചികിത്സയെക്കാൾ പ്രതിരോധമാണ് പ്രധാനം. ഈ തത്വം മയക്കുമരുന്ന് ഉപയോഗിക്കുന്നവരുടെ കാര്യത്തിലും പ്രായോഗികമാണ്. മഞ്ഞുവീഴ്ച പോലെയുള്ള ഈ പ്രശ്നം പരിഹരിക്കുന്നതിനു എന്തെങ്കിലും ചെയ്യേണ്ടുന്ന കാലം അതിക്രമിച്ചിരിക്കുന്നു. മയക്കുമരുന്നുകളുടെ ഉല്പാദനവും വിതരണവും തടയുന്നതിനു സർക്കാർ വിവിധ പ്രകാരത്തിലുള്ള പദ്ധതികളിൽ നിയമപാലകരിലൂടെയും ഇതരസംഘടനകളിലൂടെയും നടപ്പിലാക്കുവാൻ നല്ല രീതിയിൽ ശ്രമിക്കുന്നു. എന്നിരുന്നാലും ദൈവമക്കളായ നാമും ഈ വിഷയത്തിൽ ഇടപെടുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ രാജ്യത്തു വ്യതിയാനം വരുന്നതു കാണുവാൻ ആത്മാർത്ഥതയോടെ പ്രാർത്ഥിക്കുക എന്നത് നമ്മുടെ കടമയാകുന്നു.

1 കൊരിന്ത്യർ 6:19 പറയുന്നു, "ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലെക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?" ദൈവം നമുക്കു നൽകിയ ശരീരം ദൈവത്തിന്റെതാണ്. നാം അതു സ്വയം നശിപ്പിക്കാതെ വിശുദ്ധിയോടെ സൂക്ഷിക്കണം. അതുകൊണ്ട് നമ്മുടെ രാജ്യത്തെ മയക്കുമരുന്ന് സംബന്ധമായ എല്ലാ പ്രശ്നങ്ങൾക്കും ഒരു പരിഹാരം കാണുന്നതിനായി ഈ ജൂൺ 26 ന് കർത്താവിനോടു നമുക്കു പ്രാർത്ഥിക്കാം.

## പ്രാർത്ഥനക്കായ്...

- നമ്മുടെ രാജ്യത്ത് നിലവിൽ മയക്കുമരുന്നിനടിമകളായ കൗമാരക്കാർ മുതൽ മുതിർന്നവർ വരെയുള്ള എല്ലാവർക്കായും അവരുടെ കുടുംബത്തിനായും...
- മയക്കുമരുന്നിൽ നിന്നും മോചനം പ്രാപിക്കുന്നതിനായി ബുദ്ധുമുട്ടനുഭവിക്കുന്നവർക്കായി അവരുടെ വിടുതലിനായി...
- ചികിത്സക്കു വിധേയരാകുന്ന ആളുകൾ വീണ്ടും ആസക്തിയിലേക്കു മടങ്ങാതിരിക്കേണ്ടതിനായി...
- മയക്കുമരുന്നു ഉപയോഗിക്കുന്ന ചെറുപ്പക്കാർക്കായും സ്കൂളിൽ പോകുന്ന കുട്ടകൾക്കായും... അറിഞ്ഞോ അറിയാതോ ഇതിന്റെ വിതരണക്കാരായിരിക്കുന്നവർക്കായി...
- സാധാരണക്കാർക്കു താങ്ങുവാൻ കഴിയുന്ന വിധത്തിലുള്ള കൂടുതൽ പുനരധിവാസ സൗകര്യങ്ങളും ചികിത്സ രീതികളും ഉണ്ടാകേണ്ടതിനായി...
- നിയമവിരുദ്ധമായ മയക്കുമരുന്ന് ലഭ്യത, ഉല്പാദനം, കടത്ത് എന്നിവ തടയുന്നതിന് സർക്കാർ അതിന്റെ അധികാരം ഉചിതമായി ഉപയോഗിക്കേണ്ടതിനായി...
- ഇത്തരത്തിലുള്ള ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നവർ മാനസാന്തരപ്പെട്ടു മറ്റു ജീവിത മാർഗ്ഗം കണ്ടെത്തേണ്ടതിനായി...
- നമ്മുടെ മിഷൻ വയലുകളിൽ മയക്കുമരുന്നിനു ഇരയായവരുടെ മാനസാന്തരത്തിനായും അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി...

# കഷ്ടതയുടെ നടുവിൽ ആനന്ദം



ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ് കുടുംബത്തിലെ പ്രാർത്ഥന പോരാളികളേ,

യേശുക്രിസ്തുവിന്റെ നിസ്തുല്യ നാമത്തിൽ സ്നേഹവന്ദനം.

2025 ജനുവരി 13 ന് ഞങ്ങൾ ജിൻജാക്കിൽ നിന്നും ബിന്ദകി മിഷൻ വയലിലേക്കു സ്ഥലം മാറി വന്നു. ജനുവരി 26 ന് ചോട്ടെലാൽപൂർ ഗ്രാമത്തിൽ ഞായറാഴ്ച ആരാധന നടത്തിക്കൊണ്ടിരിക്കുമ്പോൾ പോലീസ് അകമ്പടിയോടെ ഒരു കൂട്ടം ആളുകൾ വന്നു മതപരിവർത്തനം ആരോപിച്ചു ഞങ്ങളെ അറസ്റ്റു ചെയ്തു കൊണ്ടു പോയി. ആ രാത്രി മുഴുവൻ ഞങ്ങൾ പോലീസ് സ്റ്റേഷനിൽ കഴിഞ്ഞു. ജനുവരി 27 ന് മതപരിവർത്തന നിരോധന നിയമ ലംഘന കുറ്റം ചുമത്തി ഫത്തെപൂർ ജയിലിൽ അടച്ചു. ഫെബ്രുവരി 15 വരെ ഞങ്ങൾ ജയിലിൽ കിടന്നു.

**ഞങ്ങളുടെ കഷ്ടതയിൽ ദൈവ കരം**

ഞങ്ങളുടെ കുഞ്ഞുങ്ങളെ പിരിഞ്ഞിരിക്കുന്നു എന്ന വേദനയിലും ദൈവയിഷ്ടത്തിനായി ഞങ്ങളെ സമർപ്പിച്ചു. ദൈവവചനത്തിലൂടെയുള്ള ദൈവസാന്നിധ്യം ഞങ്ങളെ നിലനിർത്തി (യോശുവ. 1:6–7; സങ്കീ.46; യെശ. 43). ക്രിസ്തുവിന്റെ കഷ്ടത ഞങ്ങളെ ഓർമ്മപ്പെടുത്തി. ജനക്കൂട്ടത്തിൽ നിന്നോ പോലീസുകാരിൽ നിന്നോ ഒരു ദോഷവും വരാതെ ദൈവം ഞങ്ങളെ പരിപാലിച്ചു.

**ജയിലിലെ ശുശ്രൂഷ:** ജയിലിലുണ്ടായിരുന്ന യൗവ്വനക്കാരോടു സുവിശേഷം പങ്കുവെച്ചു. അവർക്കു വേണ്ട ആലോചന നൽകി. അവരിൽ പത്തു പേർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു എന്നോടു കൂടെ പ്രാർത്ഥിച്ചു. എന്റെ ഭാര്യ സ്ത്രീകളുടെ ജയിലിൽ കർത്താവിന്റെ വേല ചെയ്തു. ഗർഭപാത്ര സംബന്ധമായ രോഗത്താൽ കഴിഞ്ഞ 15 വർഷത്തിലധികമായി കഷ്ടപ്പെട്ട ഉമ ദേവിയെ കർത്താവ് സൗഖ്യമാക്കി.

**പ്രാർത്ഥനയുടെ ശക്തി**

നിങ്ങൾ പ്രാർത്ഥനയാൽ ഞങ്ങളെ താങ്ങി. ഫെബ്രുവരി 15 ന് ഞങ്ങൾ ജയിൽ മോചിതരായി. കാൺപൂർ റീജിനൽ സെക്രട്ടറി, രണ്ടു സുവിശേഷകർ, എന്റെ ഭാര്യാപിതാവ് റവ. ഫിലിപ്പ് ബിഷോയ് (ബ്ലസ്സിംങ് യൂത്ത് മിഷനിലെ സീനിയർ മിഷനറി) എന്നിവർ ഞങ്ങളെ സ്വീകരിക്കുവാൻ പുറത്തുണ്ടായിരുന്നു.

നിങ്ങളുടെ പ്രാർത്ഥനക്കും സഹായത്തിനും നന്ദി. ദൈവത്തിനു മഹത്വം!

**– റവ. സമരേന്ദ്ര സിങ് & ശ്രീമതി സുഷ്മിത അറൈലത**

**ജൂൺ**

**1**

**ഞായർ**

## ജന്മദിനാശംസകൾ

സുകന്തി ബത്തുൽ,
ഊർമ്മിള ബൻ,
വിനയരാജ് എം,
വസാവ പച്ചിയബായി,
കമലേശ് സിങ്കാബായി,
ബോയ ദേവുബായി ഗങ്ജുബായി,
റെയിച്ചൽ ജോയ്സ്,
ഗവിത് ജമുബൻ,
ക്രൂന്താജ്ഞലി പായ്ക്ക്,
വസാവ സുനിൽ കുമാർ,
ബോർസാത് ബാബുബായി,
വസാവ രമേശ്ബായി,
പ്രിതി ബല പ്രധാൻ,
സൗമി ഏബ്രഹാം,
ഹോശിയാൽ നായക്ക്,
കോക്കാനി ഭാരതിബൻ,
യാദവ് സരസ്വതിബഹൻ,
വസാവ ആജുബായി,
ബോടാർ അമൃത് ബായി,
സർക്കാർ രാമേഷ് ബായി,
ലാമാനി രത്ന,
ജലീൻ ജയ പ്രദ,
കുമാരൻ ജി,
തിമ്മാന @ തിമോത്തി,
സുനന്ത കുൽക്കർണി,
മീനാഖി ബീറോ,
വസാവ അരവിന്ദ് കാലുസിങ്,
തദ്‌വി മനിഷ ഹനിയ,
ജയറാണി സുകിൻലാൽ,
പവാർ ദിനേശ്,
ഗോണ്ട് ദേവു വിശ്രാം,
റാഥൊ ലക്ഷ്മിബൻ നവാസുബായി

# ജമ്മു

**റീയാസി : ഡേവിഡ് അയ്യനാർ & മാൻപ്രീത് കൗർ**

സുവിശേഷീകരണ യജ്ഞത്തിലൂടെ രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഡൻസാൽ ഗ്രാമത്തിലെ ജനങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. സുവിശേഷം ശ്രവിച്ച തലവാര ഗ്രാമത്തിലെ ഗുജ്ജാർ സമുദായത്തിലെ ജനങ്ങൾ യേശുക്രിസ്തുവിനെ കുറിച്ചു കൂടുതൽ അറിയുവാൻ താൽപര്യപ്പെടുന്നു.

ജനങ്ങൾ യേശുവിനെ സ്വീകരിക്കുന്നതിനു തടസ്സമായി നിൽക്കുന്ന സമൂഹ്യ ഭയം, അന്ധവിശ്വാസം, പാരമ്പര്യാചാരം, ആത്മീക അന്ധത തുടങ്ങിയ ശക്തി കേന്ദ്രങ്ങൾ ഇല്ലാതകേണ്ടതിനായി പ്രാർത്ഥിക്കുക. രാജ്പൂട്, ഗുജ്ജാർ എന്നീ ജാതിക്കൂട്ടങ്ങൾ യേശുവിലൂടെയുള്ള രക്ഷ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. റീയാസി ജില്ലയിൽ ഞായറാഴ്ച ആരാധന നടത്തുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സലാൽ, ജ്യോതിപുരം, കാൻത്താൻ, പൗനി എന്നീ ഗ്രാമങ്ങളിൽ സുവിശേഷത്തിനു നല്ല സ്വീകരണം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### വഴിതെറ്റിപോകുന്നവരെ വീണ്ടെടുക്കുന്നു

ജമ്മുവിൽ നൗഷേര മിഷൻ വയലിലെ കുൽദീപ് ദൈവാലയം പണിയുന്നതിനു വസ്തു ദാനമായി നൽകയവരിൽ ഒരാളാകുന്നു. അദ്ദേഹം വിശ്വാസത്തിൽ വേരുന്നിയവനാകുന്നു. എന്നിരുന്നാലും കുടുംബത്തിൽ പ്രശ്നങ്ങൾ ഉണ്ടായപ്പോൾ വിശ്വാസത്തിൽ നിന്നു പിന്മാറി ആരാധന യോഗത്തിൽ സംബന്ധിക്കാതിരിക്കുന്നു. ദൈവം അവന്റെ ജീവിതത്തിൽ അത്ഭുതം പ്രവർത്തിച്ചു. അനേക വർഷങ്ങൾക്കു ശേഷം ഇപ്പോൾ അവൻ ഭാര്യയോടൊപ്പം ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

**ജൂൺ**
**2**
**തിങ്കൾ**

## ജന്മദിനാശംസകൾ

സോമാ ബായി വാലു ബായി,
ബിഭാബ പാനി, സുന്ദർ ദുരൈ വൈ,
സുനിൽ പ്രസാദ് സിങ്,
വിമല പീറ്റർ പ്രഭാകരൻ,
വസാവ സുനിത ബൻ,
ശിവഗാമി സ്റ്റീഫൻ, നിഷ ആനന്ദൻ,
ജോത്സന ജറാൾഡ് സേവ്യർ

### നൗഷേര

**ഷൈക് സുഭാനി & എമി ഭാഗ്യ**

നൊനിയാൽ ഗ്രാമത്തിലെ വിവിധ വെല്ലുവിളികളുടെ മദ്ധ്യത്തിൽ ഒരാൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. നൊയമ്പു കാലത്തു 40 ദിന പ്രാർത്ഥന ഓൺ ലൈനിൽ സംഘടിപ്പിച്ചു. ഇതിൽ സംബ ന്ധിച്ച അനേകരുടെ ആത്മീയ ജീവി തത്തിൽ ദൈവം അതിശയകരമായ മാറ്റ ങ്ങൾ വരുത്തി. ദൈവാലയം പണിയു ന്നതിനു വസ്തു ദാനമായി നൽകിയ വ്യക്തികളിൽ ഒരാളായ കുൽദീപ് കുടുംബപ്രശ്നം നിമിത്തം വിശ്വാസ ത്തിൽ നിന്നും പിന്മാറിപോയിരുന്നു. എന്നാൽ ഇപ്പോൾ അയാൾ ഭാര്യ യോടൊപ്പം ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

യേശുവിലുള്ള വിശ്വാസം പര സ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്ന ആറു പേരുടെ മുൻപി ലുള്ള തടസ്സങ്ങൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. പാലി ഗ്രാമത്തിലെ ബൽ വീർ മദ്യത്തിനടിമയാകുന്നു. സാവ ധാനത്തിൽ അവന്റെ കാഴ്ച ശക്തിയും നഷ്ടപ്പെടുന്നു. സൗഖ്യത്തിനായി പ്രാർ ത്ഥിക്കുക. എതിർപ്പിനെ തുടർന്നു പിന്മാറ്റ ത്തിലായ ബോരാരി, ലാം, കെനെതി, ധിങ്, സെറി, കംഗ്ദി, മാൻപൂർ, ഗീത്പൂർ, സോൾകി, ദബ്ബാർ, ധങ്ക, ബഗോണത്തി, കൽസിയ, നാരിയൻ, പന്ദോരി, ബോഹാ നി എന്നീ ഗ്രാമങ്ങളിലുള്ളവർ വിശ്വാ സത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. അതിർത്തി പ്രദേശ ത്തുള്ള സംഘർഷാവസ്ഥയുടെ പശ്ചാ ത്തലത്തിൽ ജീവിക്കുന്ന മിഷനറിമാരു ടെയും വിശ്വാസികളുടെയും സുരക്ഷി തത്വത്തിനായും അവിടെ സമാധാന അന്തരീക്ഷം ഉരുവാകേണ്ടതിനായും പ്രാർത്ഥിക്കുക.

### ദൈവകരം പ്രവർത്തിക്കുന്നു

കർണ്ണാടകയിൽ ഹലിയാൽ മിഷൻ വയലിലെ സൗഭാഗ്യയെ അംഗൻവാടി അദ്ധ്യാപികയായി തിരഞ്ഞെടുത്തു. എന്നാൽ അവളുടെ നിയമം സംബന്ധിച്ചു പ്രശ്നം ഉണ്ടായി. എന്നാൽ ഈ പ്രശ്നം പരിഹരിക്കുവാൻ അധികാരികൾ ശ്രമിച്ചില്ല. ജോലിയിൽ പ്രവേശിപ്പിക്കുന്നതിനു 1.5 ലക്ഷം രൂപ കൈക്കൂലി ചോദിച്ചു. എന്നി രുന്നാലും അവൾ ജാഗ്രതയോടെ ഉപവസിച്ചു പ്രാർത്ഥിച്ചു. ദൈവം അവളുടെ പ്രാർത്ഥന കേട്ടു. ആറു മാസത്തിനു ശേഷം സൗഭാഗ്യയെ ജോലിയിൽ പ്രവേശിക്കുന്നതിനായി വിളിച്ചിരി ക്കുന്നു.

### ദൈവീക ആശ്വാസം അനുഭവിക്കുന്നു

മഹാരാഷ്ട്രയിൽ ഖാന്തബാര, നവപൂർ എന്നീ മിഷൻ വയലിലുള്ള ഡെമോഗ്ര ഗ്രാമത്തിലെ ശ്രീമതി സുദി ഭായി അടുത്തയിടെ ഗർഭാശയ ശസ്ത്രക്രിയ നടത്തി. ശസ്ത്രക്രിയയിലെ സങ്കീർണ്ണത നിമിത്തം അവൾക്കു തലവേദനയും കണ്ണുകളിൽ പുകച്ചിലും ഉണ്ടായി. ആത്മാർ ത്ഥമായ പ്രാർത്ഥനയുടെ ഫലമായി ദൈവം അവളെ സൗഖ്യമാക്കി. ശ്രീമതി. സുധി ഭായി ഇപ്പോൾ നമ്മുടെ എല്ലാ പ്രാർത്ഥന യോഗ ത്തിലും ക്രമമായി സംബന്ധിക്കുന്നു. ദൈവത്തിനു മഹത്വം!

## ജൂൺ 3 ചൊവ്വ

### ജന്മദിനാശംസകൾ

എഡ്വേർഡ് സാം, വേദിയപ്പൻ എൽ, പോൾ ദാനിയേൽ വി, വിജയകുമാർ കെ, രാസ്മിത പരിദ, ബാല മുരുകൻ വി, യേശുമണി മയിൽസ്വാമി, രൂപ കുമാരി പ്രശാന്ത്, അന്തോണി രാജം കെ, ആശപ്രഭത, വാൽവി എജു അരവിന്ദ്

## പഞ്ചാബ്

**ബത്തിണ്ട : സജ്ജീബ് ആനന്ദ് & പ്രസ്തുതബതി പാനി**

നൊയമ്പു പ്രാർത്ഥനകൾ, കഷ്ടാനുഭവ ആഴ്ചയിലെ പ്രോഗ്രാമുകൾ, പെസഹ വ്യാഴം ആരാധന, ദുഃഖവെള്ളി ആരാധന, ഉയിർപ്പ് ഞായറാഴ്ച ആരാധന എന്നിവ അനുഗ്രഹകരമായി ബത്തിണ്ട മിഷൻ വയലിലെ എല്ലാ ഇടത്താവളങ്ങളിലും നടത്തി. ഈ ശുശ്രൂഷക്കായി 60 കുടുംബങ്ങൾ നിരന്തരം പ്രാർത്ഥിക്കുന്നു. അതിനാൽ മണ്ടിക്കാലൻ ഇടത്താവളത്തിൽ പുതിയ സുവിശേഷകനെ നിയമിച്ചു. ആശ പതി മൗർ മാന്ദിയിൽ നടത്തിയ നൊയമ്പു പ്രാർത്ഥനയിലൂടെ ഒരു പുതിയ കുടുംബത്തെ ലഭിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും ഉപാസനയെ കർത്താവ് വിടുവിച്ചു. ഗുരുതരമായ ടൈഫോയ്ഡിൽ നിന്നും ഗുരുദീപിനെ സൗഖ്യമാക്കി. അപകടത്തിൽ വലതു കാലിൽ പൊട്ടലുണ്ടായ വിശ്വനാഥിനെ കർത്താവ് സൗഖ്യമാക്കി. ഇപ്പോൾ അയാൾ ആരോഗ്യത്തോടിരിക്കുന്നു.

വിശ്വാസ പ്രഖ്യാപന യോഗം, നാലു സ്ഥലത്തു നടത്തുവാനുദ്ദേശിക്കുന്ന സത്സാംഗ് പ്രോഗ്രാം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. 1100 വ്യക്തികളോടു സുവിശേഷം പങ്കുവെക്കുക 1400 ലഘുലേഖകൾ വിതരണം ചെയ്യുക തുടങ്ങിയ പദ്ധതികൾ വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭായ് റൂബ ഇടത്താവളത്തിൽ പ്രവർത്തിക്കുന്നതിനു ഒരു സുവിശേഷകനെയോ സന്നദ്ധ സുവിശേഷകനെയോ ലഭിക്കേണ്ടതിനും അങ്ങനെ വേല അഭിവൃദ്ധിപെടേണതിനുമായി പ്രാർത്ഥിക്കുക. മൗർ മാന്തി ഇടത്താവളത്തിലുള്ള റാം നഗർ, യാത്രി, ജോത്പുർ, ഭഗവാൻപുര, മാദി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാന്ദി കാലൻ ഇടത്താവളത്തിൽ പുതുതായി നിയമിച്ച സുവിശേഷകൻ പ്രേം ജോൺ പുതിയ ആത്മാക്കളെ ക്രിസ്തുവിനായി നേടേണ്ടതിനായി പ്രാർത്ഥിക്കുക. വൃക്ക തകരാറിലായതിനാൽ കഷ്ടപ്പെടുന്ന രാജയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ദൈവം തടസ്സങ്ങളെ നീക്കുന്നു

കർണ്ണാടകയിൽ ഹലിയാൽ മിഷൻ വയലിലെ നികഷയുടെ കുടുംബം ഒരു വർഷത്തേക്കു പണം ധർമ്മസ്ഥല്ലയിൽ നിക്ഷേപിച്ചു. കഴിഞ്ഞ രണ്ടു വർഷം അവർ നിക്ഷേപിക്കുന്നില്ല. കുടുംബം സാമ്പത്തീക ബുദ്ധിമുട്ട് നേരിട്ടപ്പോൾ അവർ ചെന്നു തങ്ങൾ നിക്ഷേപിച്ച പണം തിരികെ ചോദിച്ചു. എന്നാൽ അധികാരികൾ പണം നൽകാതെ നാളെ തരാം എന്നു പറഞ്ഞു അനേക നാളുകളായി നടത്തുന്നു. ഈ പ്രശ്നം ഞങ്ങൾ ദൈവസന്നിധിയിൽ വെച്ചു പ്രാർത്ഥിച്ചു. ദൈവം അവർക്കു ഒരു വഴി കാണിച്ചു കോടുത്തു. അവർക്കു തങ്ങളുടെ പണം വീണ്ടെടുക്കുവാൻ കഴിയും.

ജൂൺ
4
ബുധൻ

ഉപവാസ
പ്രാർത്ഥന
ദിനം

## ജന്മദിനാശംസകൾ

ജമീമ ദാനിയേൽ, കരോടോ ബിശ്വോ രജ്ജൻ,
എബി ജ്ഞാന സെലിൻ എസ്,
വസാവ നിത കുമാരി, ജീവർ ജോയേശ്വ ഇ

### അമൃത്സർ : ചിത്തരഞ്ജൻ താണ്ടി & തേജസ്വിത താണ്ടി

മൂന്നു സത്സാംഗ് പ്രോഗ്രാം, അഞ്ച് രാത്രി യോഗങ്ങൾ, ഒരു സ്ത്രീജന യോഗം എന്നിവയിലൂടെ 110 വ്യക്തികളോടു സുവിശേഷം പങ്കുവെക്കുവാൻ ദൈവം സഹായിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നും രാമൻ കൗർ അത്ഭുത വിടുതൽ പ്രാപിച്ചതിനെ തുടർന്നു അവരുടെ കുടുംബത്തിൽ സമാധാനം സ്ഥാപിതമായി. അവർ കുടുംബമായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. മൻജിത് സിങിനെ കർത്താവ് മദ്യാസക്തിയിൽ നിന്നും പ്രാർത്ഥനയാൽ വിടുവിച്ചു. അവന്റെ മുഴു കുടുംബവും ഇപ്പോൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. സന്നദ്ധ സുവിശേഷകനായി ജാസ്പാൽ സിങ് നമ്മോടു ചേർന്നു പ്രവർത്തിക്കുന്നു.

നമ്മുടെ മിഷനറിയായ ചിത്തരഞ്ജൻ അപകടത്തിൽ പെട്ട് കണങ്കാലിൽ ഒടിവുണ്ടായി ലുധിയാന സിഎംസിയിൽ ചികിത്സയിലാണ്. വേഗത്തിൽ സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സഭാമൂപ്പനായ ഖാസാ ഗ്രാമത്തിലെ ബോഹാർ സിങ് കഴിഞ്ഞ 20 വർഷമായി മാനസിക രോഗത്താൽ വലയുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ സുവിശേഷകന്റെ മകൻ അധിരാജ് സിങ് പകർച്ച പനിയിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനും നമ്മുടെ വിശ്വാസികളുടെ മക്കളായ ആകാശ് സിങ്, മാനിഷ കൗർ, കരൻദീപ് സിങ് എന്നിവർക്കു ഗവൺമെന്റ് ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### സങ്കരൂർ : ഗിമ്പാൽ ദിലിപ് ഭായ് & ബിരാരി റീതബൻ

സങ്കരൂർ മിഷൻവയലിൽ മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കക്കദ ഗ്രാമത്തിലെ ഷെങ്കി സിങിനെ പോലീസ് അറസ്റ്റ് ചെയ്ത് ജയിലിൽ ഇട്ടു. വിശ്വാസികളുടെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥനയാൽ അവനെ വെറുതെ വിട്ടു. ലോങ്കോവാൾ ഗ്രാമത്തിൽ സത്സാംഗ് പ്രോഗ്രാം നടത്തി. മൈന റാണിയുടെ കണ്ണിന്റെ ശസ്ത്രക്രീയ വിജയകരമായി നടത്തി.

ഈ മാസത്തെ ലക്ഷ്യം നേടേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറയുന്നതിനു പൂജയും വന്ദനയും നേരിടുന്ന തടസ്സങ്ങൾ മാറേണ്ടതിനായി പ്രാർത്ഥിക്കുക. സങ്കരൂർ സഭയിലെ യുവതി ജ്യോതി റാണി പനി ബാധിച്ചു അവളുടെ രക്തത്തിന്റെ കൗണ്ട് അനുദിവസം കുറയുന്നു. ചികിത്സകൾ ഒന്നും ഫലിക്കുന്നില്ല. അവളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അപകടത്തിൽ കാലിൽ പൊട്ടലുണ്ടായി ബൽജീത് കൗർ ഓപ്പറേഷനു വിധേയയായി. എന്നാൽ ആ കാലിൽ അണുബാധയുണ്ടായതിനാൽ കഷ്ടപ്പെടുന്നു. അവൾ തന്റെ ആരോഗ്യം വീണ്ടെടുത്തു നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളും യുവജനങ്ങളും ആവേശത്തോടു കൂടെ സവിശേഷ വേലയിൽ സജീവമായി പങ്കെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ജൂൺ**
**5**
**വ്യാഴം**

## ജന്മദിനാശംസകൾ

എഫ്രയിം മല്ലി, മായിൽസാമി ജോസഫ് റ്റി,
ബ്യൂല സുലോചന ജെ,
ശിവശങ്കരൻ @ ജപശീലൻ,
യെൽമുൽവാർ സ്വപ്നിൽ രാമലു,
രാമപുരം പെദേക്ക മാത്യു, നരേന്ദ്ര കുമാർ,
ശങ്കർ എ, പച്ചിഗൊല്ല പ്രവീൺ

### അഹമ്മദ്ഗട് മാന്തി

**കൃപ രക്ഷണ ബറെ & ഷക്കീന**

സ്ത്രീകളുടെ പരിശീലന പ്രോഗ്രാം, കുട്ടികളുടെ ക്യാമ്പ്, അക്രൈസ്തവ ഗ്രാമങ്ങളിൽ നടത്തുന്ന സത്സാംഗ് പ്രോഗ്രാം, ഫിലിം പ്രദർശനം, ആത്മാക്കളെ ആദായപ്പെടുത്തുവർക്കായുള്ള പരിശീലനം, അക്രൈസ്തവ ഗ്രാമങ്ങളിലെ രാത്രിയോഗങ്ങൾ, വേദപഠന ക്ലാസ്സുകൾ, 500 വ്യക്തികളോടു സുവിശേഷം പങ്കുവെക്കുക എന്നിവ വിജയകരമായി നടത്തി. 40 ദിന ഉപവാസ പ്രാർത്ഥന, ഹോശന്ന ഞായർ ആരാധന, പെസഹ വ്യാഴം ആരാധന, ദുഃഖവെള്ളി ആരാധന, ഉയിർപ്പ് ഞായർ ആരാധന എന്നിവ അനുഗ്രഹകരമായി നടത്തി. വിശ്വാസികൾക്ക് അനുഗ്രഹകരമായി. അനേക രോഗികൾ സൗഖ്യം പ്രാപിക്കുകയും പൈശാചിക ബന്ധനത്തിൽ നിന്നു വിടുതൽ പ്രാപിക്കുകയും ചെയ്തു. ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന പ്രാർത്ഥന യോഗത്തിന്റെയും സുവിശേഷീകരണ പ്രവർത്തനത്തിന്റെയും വിജയത്തിനായി പ്രാർത്ഥിക്കുക. റായ്ക്കോട് ആരാധനക്കൂട്ടത്തിൽ പുതിയ വ്യക്തികൾ കടന്നു വരുന്നു. സമീപ ഗ്രാമങ്ങളിൽ നിന്നും അനേകർ നമ്മുടെ യോഗങ്ങളിൽ കുടുംബമായി സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബന്ധുക്കളെ ഭയപ്പെടുന്നതിനാലും മറ്റു ചിലർ തെറ്റായി വഴിനടത്തുന്നതിനാലും യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു മടിക്കുന്നു ഇവർ ധൈര്യപൂർവ്വം വിശ്വാസം ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. ഈ മിഷൻ വയലിൽ പ്രവർത്തിക്കുന്നതിനു പ്രവർത്തകരെ ആവശ്യമായിരിക്കുന്നു. വിശ്വാസികളും യുവജനങ്ങളും കർത്താവിന്റെ വേലയിൽ സഹകരിക്കുവാൻ മുന്നോട്ടു വരേണ്ടതിനായി പ്രാർത്ഥിക്കുക.

### ബർണാല : ബിധാൻ ഹൻസ്ത & പൻസുരി മോഹ്ലിൻ

മൂന്നു സത്സാംഗ് പ്രോഗ്രാം, രണ്ട് ഫിലിം പ്രദർശനം, 40 ദിവസ ഉപവാസ പ്രാർത്ഥന, ദുഃഖവെള്ളി ആരാധന, ഈസ്റ്റർ ആരാധന എന്നിവയിലൂടെ 300 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. സെഹ ഗ്രാമത്തിലെ ഹസൻപ്രീത് സിങ്, ഉദരത്തിലെ അണുബാധ, വൈറൽ പനി, ശരീര ബലഹീനത എന്നിവയിൽ നിന്നു പ്രാർത്ഥനയാൽ വിടുതൽ പ്രാപിച്ചു. സാമ്പത്തിക ബുദ്ധിമുട്ടനുഭവിച്ച ജയ് സിങും കുടുംബവും മിഷനറിമാരുടെയും വിശ്വാസികളുടെയും നിരന്തരമായ പ്രാർത്ഥനയാൽ വിടുതൽ പ്രാപിച്ചു. അവരുടെ മകൻ രാഹുലിനു ഒരു കമ്പനിയിൽ ജോലി കിട്ടി. മകൾ തയ്യൽ തുടങ്ങി.

സുവിശേഷീകരണ പ്രവർത്തനത്തിലൂടെയും വിവിധ പ്രോഗ്രാം സംഘടിപ്പിക്കുന്നതിലൂടെയും ഈ വർഷത്തെ ലക്ഷ്യം നേടിയെടുക്കുവാൻ ആവശ്യമായ ദൈവീക പരിജ്ഞാനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവരാജ്യ വിപുലീകരണത്തിനാവശ്യമായ പ്രവർത്തനകരെ ലഭിക്കേണതിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്താലും ഓർമ്മശക്തി തകരാറിലാകുന്നതിനാലും കഷ്ടപ്പെടുന്ന 20 വയസ്സുള്ള രവിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. ഗുനൻസ ഗ്രാമത്തിലെ മൻജീത് കൗർ കാൻസർ രോഗം നിമിത്തം അതിവേദനയാൽ കഷ്ടപ്പെടുന്നു. അവളുടെ ആശ്വാസത്തിനായി നൽകുന്ന ഒരു മരുന്നും പ്രയോജനപ്പെടുന്നില്ല. ദൈവീക സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




**ജന്മദിനാശംസകൾ**

ഉദിപ്ത കുമാർ ബാഗ്,
ശ്യാമള ഷാമിനി മാത്യു, പുഷ്പം മഹേന്ദ്രൻ,
ബുക്കിയ ഝാൻസിബായ്,
നത്തിയ എസ്

## ഉത്തർഖാണ്ഡ്

**നനക്മിട്ട : വി രാമസ്വാമി ജറോം & അന്തോണി ജറോം**

ദിയോറി, സുന്ദർ നഗർ എന്നീ ഗ്രാമങ്ങളിൽ ദുഃഖവെള്ളിയാഴ്ച ആരാധന ഭംഗിയായി നടത്തി. ദിയോറി ഗ്രാമത്തിൽ നടത്തിയ ഈസ്റ്റർ ആരാധനയിൽ മൂന്നു ഗ്രാമങ്ങളിലെ ആളുകൾ സംബന്ധിച്ചു. ആത്മാക്കളെ നേടുന്ന ശുശ്രൂഷയിൽ ദയോരി ഗ്രാമത്തിലെ ഗുൽദീപ്, ഹർദാസ്പൂർ ഗ്രാമത്തിലെ ശിവാനി എന്നിവർ ആത്മാർത്ഥമായി പങ്കെടുക്കുന്നു. ശിവാനി സണ്ടെസ്കൂളിന്റെ പ്രവർത്തനത്തിലും സജീവമായി പങ്കെടുക്കുന്നു. വളക്കച്ചവടം ചെയ്യുന്ന ബൽവിന്ദർ രണ്ടു വർഷമായി വ്യാപാരത്തിൽ മന്ദത അനുഭവിക്കുന്നു. പ്രാർത്ഥനയെ തുടർന്നു ബിസിനസ്സ് നല്ലവണ്ണം പുരോഗമിക്കുന്നു.

തെറ്റിദ്ധാരണമൂലം അസമാധാനത്തിൽ കഴിയുന്ന അമിത്തിന്റെ ഭവനത്തിലുള്ളവർ പരസ്പരം സ്നേഹിക്കേണ്ടതിനും സമാധാനം അനുഭവിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. കരൾ സംബന്ധമായ രോഗത്താലും ഉദരത്തിൽ ഉണ്ടായ മൂന്നു മുഴകളാലും കഷ്ടപ്പെടുന്ന രാജുവിന്റെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സുന്ദർ നഗറിലെ രാംപ്രകാശിന്റെ കുടുംബത്തിലുള്ളവർ തമ്മിൽത്തമ്മിൽ ഐക്യവും സമാധാനവും ഉളവാകേണ്ടതിനായി പ്രാർത്ഥിക്കുക.

**ബാസ്പൂർ : ക്രിസ്റ്റ്യൻ പ്രകാശ് & കൊങ്കാനി സുമിത്രബൻ**

നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കനക് പന്ത്രണ്ടാം ക്ലാസ്സ് പരീക്ഷ സ്കൂളിൽ ഒന്നാം റാങ്കോടെ പാസ്സായി. പുതിയ ഗ്രാമങ്ങളിൽ സുവിശേഷീകരണ പ്രവർത്തനം നടത്തി. സുൽത്താൻപുരപട്ടിയിൽ വിശ്വാസികളുടെ പരിശീലന പ്രോഗ്രാം സംഘടിപ്പിച്ചു. ചിരങ്ങിൽ നിന്നും ബാനിഷ്ക, ആരാധ്യ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ബനക്കേദ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

വിവിധ ഗ്രാമങ്ങളിൽ സുവിശേഷം ശ്രവിച്ചവരുടെ ഹൃദയങ്ങളിൽ ദൈവം പ്രവർത്തിക്കേണതിനും അവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ക്ഷയ രോഗത്താൽ വലയുന്ന 50 വയസ്സുള്ള ജങ്കീരോ കൗറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ബന്നെക്കേദ ഗ്രാമത്തിലെ വിശ്വാസികളുടെ സമാധാന ജീവിതത്തിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാരും വിശ്വാസികളും സജീവമായി സുവിശേഷ വേലയിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക അമിത മദ്യപാനിയായി കുടുംബത്തെ ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനു അനുവദിക്കാത്ത ഇട്ടാവ ഗ്രാമത്തിലെ കിഷൻ സിങ്ങിന്റെ മനസ്സ് മാറേണ്ടതിനായും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

ജൂൺ
7
ശനി

**ജന്മദിനാശംസകൾ**

എലിസബേത്ത് കരുണാകരൻ,
ഡെയ്സി യിസ്രായേൽ ദാനിയേൽ,
ഗമിത് സാരുബൻ, ആലിസ് ഷീബ

## ഹരിയാന

### ഫത്തെബാദ്

**ഡേവിഡ് എസ് & പി ജബഗ്രേസ്**

110 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു. വിവാഹിതയായ അഭിലാഷയുടെ ഗർഭസ്ഥ ശിശു രണ്ടു പ്രാവശ്യം നഷ്ടപ്പെട്ടു. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന അവൾ ഇപ്പോൾ ദൈവത്തിന്റെ കൃപയാൽ മൂന്നു മാസ ഗർഭണിയാണ്. നേഹയും കുടുംബവും തങ്ങളുടെ പഴയ ജീവിതത്തെ ഉപേക്ഷിച്ചു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

മജ്ര ഗ്രാമത്തിലെ 19 വയസ്സുള്ള ഹർദീപ് പൈശാചിക ബന്ധനത്തിൽ നിന്നും സമ്പൂർണ്ണ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭാര്യമാരെയും മക്കളെയും ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനു അനുവദിക്കാത്ത ഭട്ടിയ കോളനിയിലെ റാം സ്വരൂപ്, സുഭാഷ് എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. മാനസിക വിഭ്രാന്തിയിൽ നിന്നു സജ്ഞൈയും തളർവാതത്തിൽ നിന്നു സൻസാർ ചാന്ദും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പത്‌ലിദബാർ സഭാമൂപ്പന്മരായ ദേവിലാൽ, സൻസാർ ചന്ത്, വിജയ്, ബൻവാരിലാൽ എന്നിവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക.

### പെഹോവ

**ബൊർസാത് ബാബുഭായ് & യാദവ് സരസ്വതിബൻ**

റോഡപകടത്തിൽ നമ്മുടെ സഭാമൂപ്പയായ സാവിത്രിയെ ദൈവം ഗുരുതര പരുക്കുകളേൽക്കാതെ സംരക്ഷിച്ചു. രാജയ്ക്കു ക്രിസ്തീയ വിശ്വാസിയായ വധുവിനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവാലയത്തിന്റെ മേൽക്കൂര വൃത്തിയാക്കുന്നതിനിടയിൽ താഴെ വീണ സുശീലിനെ പരുക്കുകളേൽക്കാതെ ദൈവം അതിശയകരമായി വിടുവിച്ചു.

ആരാധന യോഗത്തിൽ പുതുതായി സംബന്ധിക്കുന്ന സജ്ഞൈ, സരോജ് എന്നീ കുടുംബങ്ങൾക്കായി പ്രാർത്ഥിക്കുക. ഇവരുടെ ജീവിതം ചുറ്റുപാടുമുള്ളവർക്കു സാക്ഷ്യമായി തീരേണ്ടതിനും അവരിലൂടെ അയൽക്കാർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു ആലയത്തിലേക്കു കടന്നു വരേണ്ടതിനുമായി പ്രാർത്ഥിക്കുക. കൈത്തേൽ ഗ്രാമത്തിലെ ഗുരുമിത് എന്ന ബാലൻ നടക്കുവാനോ സംസാരിക്കുവവനോ കഴിയുന്നില്ല. സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### തോഷാം : അജയ് ബർദെ & ഷത്യുൾ ജിഹോൾഡ്

അണുബാധ നിമിത്തം തോഷാം ഗ്രാമത്തിലെ മുകേഷ് ദിദിയെ ആശുപത്രിയിൽ പ്രവേശിച്ചു. വിശ്വാസികളുടെ പ്രാർത്ഥനയാൽ സൗഖ്യം പ്രാപിച്ചു. ദൈവകൃപയാൽ മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു.

വലതു വശം തളർന്നു പോയ ബിജോ ദേവി, പ്രമേഹത്താലും കരൾ സംബന്ധമായ രോഗത്താലും വലയുന്ന ബീരാൻ ഗ്രാമത്തിലെ പാവൻ, കാൻസർ രോഗിയായ 24 വയസ്സുള്ള സാന്ത് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ബാലവാസ് ആരാധനക്കൂട്ടം ദൈവസാന്നിധ്യത്തിൽ വളരേണ്ടതിനും വിശ്വാസികൾ സജീവമായി സഭ നടപടികൾ പങ്കെടുക്കേണ്ടതിനുമായി പ്രാർത്ഥിക്കുക.

**ജൂൺ**

# 8

**ഞായർ**

**ജന്മദിനാശംസകൾ**

ജോൺ സുന്ദർ സിങ്, എയ്ഞ്ചലിൻ ഗ്രേസ് ഡി, തിലകവതി ത്യാഗരാജൻ, സൗന്ദര്യ രേഖ വ്യാസു ബാബു

## രാജസ്ഥാൻ

### ഉദൈപൂർ

**ആശിഷ് കുമാർ & സവിത ദേവി**

18 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നൊയമ്പു നാളുകളിൽ 14 ഗ്രാമങ്ങളിൽ ഉപവാസ പ്രാർത്ഥനകൾ നടത്തി. നാലു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നമ്മുടെ സ്വദ്ദേശ സുവിശേഷകൻ ആനന്ദിലാലിന്റെ കൊച്ചുമകന്റെ വിവാഹം യാതൊരു തടസ്സവുമില്ലാതെ ക്രീസ്തീയ രീതിയിൽ അനുഗ്രഹകരമായി നടത്തി.

പൈശാചിക ബന്ധനത്തിൽ നിന്നും രാംലീല, ഹക്രി, കമല എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപകടത്തിൽ ഇടത്തു കാലിൽ പൊട്ടലുണ്ടായ ദേവിലാൽ, ഒരുമാസമായി രോഗശയ്യയിലായിരിക്കുന്ന 90 വയസ്സുള്ള അമ്പാബ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ലീല, സോണിയ എന്നിവരുടെ ഗർഭസ്ഥ ശിശുക്കൾ നഷ്ടപ്പെട്ടു പോയി. ദൈവം അവർക്കു മക്കളെ നൽകി അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രക്തസമ്മർദ്ദത്താലും പ്രമേഹ രോഗത്താലും കഷ്ടപ്പെടുന്ന ആനന്ദിലാൽ, പ്രകാശി ഭായ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഗോഗുണ്ട താലൂക്കിൽ സുവിശേഷം അറിയിക്കുവാൻ അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാജസ്ഥാനിലെ ഭിൽ സമുദായത്തിലെ ജനങ്ങൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിയുടെ കുടുംബവും പ്രാദേശിക സുവിശേഷകരായ ആനന്ദിലാൽ, ശ്യാം, ആശിഷ് ദാമോർ, മോഹൻ ലാൽ, സുശീൽ കസോത എന്നിവർ നല്ല ആരോഗ്യത്തോടെ സുരക്ഷിതരായിരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**കജുവാല : വി കുമാർ & പാട്രിസിയാൽ തമിഴ് സെൽവി**

32 kyd ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. കടുക്, കടല, കോതമ്പ് എന്നീ കൃഷികളിൽ നല്ല വിളവ് ലഭിച്ചു. ഈ മാസത്തെ പ്രോഗ്രാമായ കുട്ടികളുടെ യോഗം, രണ്ടു വേദപഠനക്ലാസ്സുകൾ, ഏഴു പ്രാർത്ഥനക്കൂട്ടങ്ങൾ, എട്ടു സുവിശേഷ യോഗങ്ങൾ, വ്യക്തിഗത സുവിശേഷ വേല, 13 ഗ്രാമങ്ങളിലെ അനുധാവന പ്രവർത്തനം, ആറു ഭവന സന്ദർശന പ്രോഗ്രാമുകൾ, മറ്റു പ്രാർത്ഥനക്കൂട്ടങ്ങൾ, ഞായറാഴ്ച ആരാധന എന്നിവകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

സാഷി സമുദായത്തിലെ എല്ലാവരും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. താൽപര്യപൂർവ്വം സുവിശേഷം ശ്രവിച്ച സത്നാം, പ്രീതം എന്നിവർ വേഗത്തിൽ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിതാവ് രോഗശയ്യയിൽ കിടക്കുന്നതിനാൽ മോനിക്ക, സിമ്രൻ എന്നിവർക്കു ഉന്നത പഠനത്തിനു പോകുവാൻ കഴിയുന്നില്ല. ഉടനെ നടത്തുവാൻ പോകുന്ന പ്രോഗ്രാമുകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

**ജൂൺ**

**9**

**തിങ്കൾ**

## ജന്മദിനാശംസകൾ

കോയിൽ പുഷപം എൽ
ജോശില സുന്ദരി ബായി
സെൽവമ്മാൾ സെൽവരാജ്
സാഗരിക പ്രധാൻ

### കെർവാര : കിനോസ് സ്റ്റാൻലി & വങ്കലപുടി ചാന്ദിനി

ദീപീക, ജയന്തിഭായിയുടെ മകൻ എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിച്ചു. ഉദരത്തിൽ വീക്കമുള്ള ലക്ഷ്മൺ ഭാർഹത്, ദിനേശ് ബർഹത് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മാനസിക രോഗിയായ രമേശ് ഭായിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കരിഷ്മ ബന്നിന്റെ ഉദരത്തിലുണ്ടായിരുന്ന മുഴ സൗഖ്യമായി.

സുവിശേഷം ശ്രവിച്ച ലമാഭ പത്ദ ഗ്രാമത്തിലെ നഥു മോലാത് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എട്ടു വർഷം ഊമയായിരിക്കുന്ന ശങ്കർ കാരാദിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. വൃക്ക സംബന്ധമായ രോഗത്താൽ വലയുന്ന ഷില്പയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മമതക്കു സുഖ പ്രസവത്തിലൂടെ ആരോഗ്യമുള്ള ഒരു പൈതലിനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മീനാക്ഷി ബന്നിനു നല്ലൊരു ജീവതി പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മനീക്ഷ ബന്നിനെ വീട്ടിൽ നിന്ന് ഇറക്കിവിടുമെന്നു അടിക്കടി ഭീഷണിപ്പെടുത്തുന്ന ഭരത്താവിന്റെ മാനസാന്തരത്തിനും ആ ഭവനത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനു മായി പ്രാർത്ഥിക്കുക.

### സങ്കരിയ : അമിർകാന്ത് ദിഗാൽ & നിരോല ദിഗാൽ

സാദുൽസഹാറിൽ നിന്നും സങ്കരിയായിലേക്കു ഈ മാസം സ്ഥലം മാറി വന്ന മിഷനറിക്കു ദൈവം ആവശ്യമായ സുരക്ഷിതത്വം നൽകി. സക്കെർക്കേദ, ദബ എന്നീ ഗ്രാമങ്ങളിൽ ചില കുടുംബങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. നാലു രാത്രി യോഗങ്ങൾ ഒരു ഫിലിം പ്രദർശനം, 15 ഗ്രാമങ്ങളിലെ അനുധാവന പ്രവർത്തനം, വിശ്വാസികൾക്കായി നടത്തിയ രണ്ടു ആത്മീക യോഗം എന്നിവ അനുഗ്രഹകരമായി നടത്തി. ലബപിനി ഗ്രാമത്തിലെ ബാസിഗാർ ജനങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

പുതിയ ഗ്രാമങ്ങളിലുള്ളവർ സുവിശേഷത്തോടു താൽപര്യം കാണിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാഹുലും കുടുംബവും സന്നദ്ധസുവിശേഷകരായി മെയ്മാസം മുതൽ പ്രവർത്തനം ആരംഭിച്ചു. ഇവർ വിശ്വസ്തതയോടെ ഫലകരമായ ശുശ്രൂഷ ചെയ്യേണ്ടതിനു ദൈവം കൃപ നൽകേണ്ടതിനായി പ്രാർത്ഥിക്കുക. കുൽവിന്ദറും കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവാലയം നിർമ്മിക്കുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ വർഷത്തേക്കു നിശ്ചയിച്ച ലക്ഷ്യങ്ങൾ നേടിയെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. അധരത്തിൽ കാൻസർ ബാധിച്ച ഹർഗോവിന്ദന്റെയും ഗർഭപാത്രത്തിൽ ട്യൂമർ ബാധിച്ച അമൻദീപിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**ജൂൺ**

**10**

**ചൊവ്വ**

## ജന്മദിനാശംസകൾ

പോൾ രവി രാജ്, തോമസ് ആർ, നാഗരാജൻ എം, ഷെയ്ഷുൾ, രാജേശ്വരി പ്രധാൻ, പോളിൻ മേരി ജി, നേത്രാവതി മുത്തുകുമാർ

## ഡൽഹി

### പട്പർഗഞ്ച്

**എസ് ജോൺ ഡേവിഡ്സൺ & ജി. എസ്ഥേർ**

മുന്നു ദിവസം നടത്തിയ വിബിഎസ്, സണ്ടേസ്കൂൾ അദ്ധ്യാപക പരിശീലന പ്രോഗ്രാമിൽ ത്രിലോകപുരി, കല്യാൺപുരി എന്നീ ആരാധനക്കൂട്ടങ്ങളിലെ യൗവ്വനക്കാരും കൗമാരക്കാരും പങ്കെടുത്തു. കുട്ടികളുടെ ഇടയിൽ ശുശ്രൂഷ ചെയ്യുവാൻ ഇവരെ ഉത്സാഹിപ്പിച്ചു. ദേശീയ ഹൈവെയിൽ വെച്ചുണ്ടായ വലിയ അപകടത്തിൽ പെട്ട രാജേന്ദ്രൻ നിസ്സാര പരുക്കുകളോടെ രക്ഷപ്പെട്ടു.

നമ്മുടെ വിശ്വാസിയായ പ്യാരെലാലും അയാളും മക്കളും സ്വയം ദൈവാലയത്തിൽ നിന്ന് അകന്ന് തിന്മ പ്രവർത്തികളിൽ ഏർപ്പെടുന്നു. ഇവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഓൺലൈൻ കളികളിൽ ആസക്തരായി തൊഴിൽ നഷ്ടപ്പെട്ട, കുടുംബത്തെ കരുതാതിരിക്കുന്ന യൗവ്വനക്കാരായ ജതിൻ, റോയൽ വിൽസൺ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. അത്ഭുത രോഗസൗഖ്യം ലഭിച്ച ചന്ദ്രവതി, ജ്യോതി, സാവിത്രി എന്നിവർ യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഉത്തർപ്രദേശ്

**ഗോണ്ട : ഓം പ്രകാശ് ഗുപ്ത & തുമ്പ ചൗദരി**

യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവർക്കായ് ദൈവത്തെ സ്തുതിക്കാം. കാൻപൂർ റീജിയിനിലെ വിവിധ മിഷൻ വയലുകളിലുള്ള 13 കുട്ടികളെ പുതിയതായി ഗോണ്ട് ബാലഭവനത്തിൽ പ്രവേശിപ്പിച്ചു. നമ്മുടെ ബാലഭവനത്തിലെ കുട്ടികൾ ദുഃഖ വെള്ളിയാഴ്ചയിലെയും ഉയിർപ്പ് ഞായറാഴ്ചയിലെയും ആരാധനയോഗങ്ങളിലും മറ്റു പ്രോഗ്രാമുകളിലും പങ്കെടുത്തു.

10,12 ലെയും പരീക്ഷകളിൽ വിജയിച്ച ബാലഭവനത്തിലെ കുട്ടികളുടെ തുടർപഠനത്തിനായി പ്രാർത്ഥിക്കുക. ഗോണ്ടയിലെ വസ്തു സംബന്ധമായ കേസ് ലക്നൗ ഹൈക്കോടതിയിലാണ്. ഈ കേസിനു നീതിപൂർവ്വമായ തീർപ്പ് വേഗത്തിൽ ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ബാലഭവനത്തിലെ കുട്ടികൾ ആരോഗ്യം, വിദ്യാഭ്യാസം, ആത്മീകം എന്നീ മേഖലകളിൽ വളരേണ്ടതിനായും ഉടനെ നടത്തുവാനുദ്ദേശിക്കുന്ന കുടുംബ സംഗമത്തിന്റെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കുക.

### നീതിയുള്ള ന്യായവിധി

കർണ്ണാടകയിൽ ഷിഗ്ഗൗൺ മിഷൻ വയലിലുള്ള നമ്മുടെ വിശ്വാസി ശ്രീ. സന്തോഷിന്റെ വസ്തു സംബന്ധമായ വിഷയം അനേക വർഷങ്ങളലായി കോടതിയിലാണ്. കോടതി കേസ് എടുക്കുമ്പോൾ നീതിയുള്ള വിധി ലഭിക്കേണ്ടതിനായി നാം പ്രാർത്ഥിച്ചു. ദൈവം നമ്മുടെ പ്രാർത്ഥന കേട്ടു. ഒടുവിൽ സന്തോഷിനനുകൂലമായ വിധി ലഭിക്കുകയുണ്ടായി. ദൈവം അവനു 15 ഏക്കർ സ്ഥലം നൽകി. അതിനാൽ അവൻ ഒരേക്കർ സ്ഥലം ദൈവാലയം നിർമ്മിക്കുന്നതിനു FMPB ക്കു ദാനമായി നൽകി. ദൈവത്തിനു സ്തോത്രം!

**ജൂൺ**
**11**
**ബുധൻ**

ഉപവാസ പ്രാർത്ഥന ദിനം

## ജാലൂൻ

### രാകേശ് ഗവിത് & രേഷ്മ മാരുതി

ഈ മാസം രക്ഷയിലേക്കു കടന്നവന്നവർക്കായി ദൈവത്തെ സ്തുതിക്കാം. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. വിശ്വാസികളുടെ യോഗം നടത്തി. 132 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു.

മക്കൾ ജനിക്കുന്നതിനായി നാലു വർഷമായി കാത്തിരിക്കുന്ന ഹേമലതക്കും 15 വർഷമായി കാത്തിരിക്കുന്ന ദിനേശിനും മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹൃദയ സംബന്ധമായ രോഗത്താൽ വലയുന്ന രാംബഹദൂറിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന വിബിഎസിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. തടസ്സങ്ങളില്ലാതെ ശുശ്രൂഷ പുരോഗമിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കരളിൽ അണുബാധയുണ്ടായ ഗുടിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## ഗാട്ടംപൂർ

### ജിങ്കോലുൻ ദോത്താങ് & നഗൈതിയാൻചിങ് ഹൗസെൽ

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഹോശന്ന ഞായർ, ദുഃഖവെള്ളി, ഈസ്റ്റർ ഞായർ എന്നീ ദിവസങ്ങളിലെ ആരാധന യോഗങ്ങൾ ഗാട്ടംപൂർ പ്രധാന ദൈവാലയത്തിൽ രണ്ടു വർഷത്തിനു ശേഷം സമാധാനപരമായി നടത്തി.

വനിത സുവിശേഷകയായ ഗീതയുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. പൊതു ഗതാഗതത്തെ ആശ്രയിച്ച് തനിയെ ഗ്രാമങ്ങൾ തോറും സഞ്ചരിച്ച് കർത്താവിന്റെ വേല ചെയ്യുന്നു. സത്യാന്വേഷകരെയും വിശ്വാസികളെയും വീണ്ടും ജനനാനുഭവത്തിലേക്കു കൊണ്ടു വരുന്നതിനു ആവശ്യമായ ദൈവീക ആഭിഷേകം ഞങ്ങൾക്കു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശുശ്രൂഷയുടെ അനുഗ്രഹത്തിനായി നമ്മുടെ സീനിയർ സുവിശേഷകർ അവരുടെ സുരക്ഷിത മേഖല വിട്ടു പുതിയ പ്രദേശങ്ങളിലേക്കു പോകുവാൻ തയ്യാറാകേണ്ടതിനായി പ്രാർത്ഥിക്കുക. സുനിത, റാം വികാശ്, സുഭാഷിന്റെ മകൾ, സോണി എന്നിവർ പൈശാചിക ബന്ധനത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## റാണിയ

### അനിൽ കുമാർ & കവിത

സിക്കന്ദ്രയിൽ ക്ലസ്റ്റർ തലത്തിൽ നടത്തിയ സഭാമൂപ്പന്മാരുടെ യോഗത്തിൽ 40 മൂപ്പന്മാർ പങ്കെടുത്തു. ദുഃഖവെള്ളി, ഉയിർപ്പ് ഞായർ ഈ ദിവസങ്ങളിലെ ആരാധനകൾ തടസ്സങ്ങളില്ലാതെ നടത്തി. വൈറൽ പനിയിൽ നിന്നും നമ്മുടെ സുവിശേഷകൻ സുരേഷ് കുമാർ വിടുതൽ പ്രാപിച്ചു.

പൈശാചിക ബന്ധനത്തിൽ നിന്നും മാനസിക രോഗത്തിൽ നിന്നും സംഗീത വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉദരത്തിൽ ട്യൂമർ ബാധിച്ച റാമ്പാറിന്റെ സൗഖ്യത്തിനായ് പ്രാർത്ഥിക്കുക. കാൻസർ രോഗത്തിൽ നിന്ന് സിക്കന്ദർപൂർ ഗ്രാമത്തിലെ ഗുലാബിന്റെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാൻ പോകുന്ന വിബിഎസിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

ജൂൺ
12
വ്യാഴം

## ജന്മദിനാശംസകൾ

മോക്ഷ്യായി ഷോം ബി, പ്രിൻസി സാം പോൾ
വസാവ തോമസ് ബായി, മധു സുമിത പാനി
അജിത് പാണ്ഡ്യൻ സി

### സിക്കന്ദ്ര

### പച്ചിയഭായ് & സവിതാബെൻ

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 300 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു സ്ഥലത്തു സ്ത്രീകളുടെ ക്യാമ്പും രണ്ടു സ്ഥലത്തു വിശ്വാസികളുടെ ക്യാമ്പും വിജയകരമായി നടത്തി. നമ്മുടെ വിശ്വാസിയുടെ മകളുടെ വിവാഹം അനുഗ്രഹകരമായി നടത്തി. അപകടത്തിൽ പ്രായാൻശുവിന്റെ ജീവൻ കർത്താവ് കാത്തു പരിപാലിച്ചു.

ബുധേര, ഭക്ഷികദേര, സില്ലൗര എന്നീ ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുന്ന ആത്മാക്കളെ നേടുന്ന ക്യാമ്പ്, പരിശീലന പ്രോഗ്രാമുകൾ, സുവിശേഷീകരണ പ്രവർത്തനം, ആത്മീക യോഗങ്ങൾ തുടങ്ങിയവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ബാലഗ്രഹമാവ് ദൈവാലയവസ്തുവിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതിനും കോമ്പൗണ്ട് മണ്ണിട്ടു നിരത്തേണ്ടതിനായും പ്രാർത്ഥിക്കുക.

## മദ്ധ്യപ്രദേശ്

### കാദൗര : ബിമൽ ചന്ദ്ര മുർമ്മു & ചിന്താമണി കിസ്കു

ഒരു ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. രണ്ടു രാത്രി യോഗങ്ങൾ, രണ്ടു സ്ഥലത്തു ദുഃഖവെള്ളിയാഴ്ച ആരാധന, അഞ്ചു ഗ്രാമങ്ങളിൽ ഈസ്റ്റർ ആരാധന എന്നിവ തടസ്സങ്ങൾ ഒന്നുമില്ലാതെ നടത്തി. കുസുമാര ഗ്രാമത്തിലെ രാമകാന്തി, പാപ്പി എന്നിവരെ പൈശാചിക ബന്ധനത്തിൽ നിന്നും പ്രാർത്ഥനയാൽ ദൈവം വിടുവിച്ചു ചെറിയ ശസ്ത്രക്രീയക്കു വിധേയായ സുമനെയും ഒരു മാസത്തോളം രോഗത്താൽ കഷ്ടപ്പെട്ട സജ്ജനയെയും കർത്താവ് സൗഖ്യമാക്കി.

ഈ സാമ്പത്തിക വർഷം 100 വ്യക്തികളെ രക്ഷയിലേക്കു നയിക്കുക എന്ന ലക്ഷ്യം നേടേണ്ടതിനായി പ്രാർത്ഥിക്കുക. കദൗര ഗ്രാമത്തിൽ നടത്തുന്ന സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം, എട്ടോര, ചന്ദപൂർ പ്രദേശത്തു നടത്തുന്ന സുവിശേഷീകരണ പ്രോഗ്രാം എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ICU വിൽ കിടക്കുന്ന ഷിവാനി ഗ്രാമത്തിലെ വിമസ ദേവിയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ഖാൽവ : ഐസക് സി ആർ & സീത ഐസക്

എല്ലാ ആരാധന യോഗങ്ങളും ക്രമമായി നടക്കുന്നു. സ്ത്രീകളുടെ പരിശീലന പ്രോഗ്രാം വിജയകരമായി നടത്തി. ഹസൻപുര ഗ്രാമത്തിൽ സഭാമൂപ്പന്മാർക്കായി ഏകദിന പരിശീലന പ്രോഗ്രാം സംഘടിപ്പിച്ചു. 30 സഭാമൂപ്പന്മാർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു.

ജാംതാഡ്, മോജ്‌വാടി, ഹസൻപുര, ഗർബേദി എന്നീ ഗ്രാമങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന വിബിഎസിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാരായ കദ്മി, ദീപക്, സുക്രാം, മങ്കിലാൽ എന്നിവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. കോർക്കു ജനസമൂഹം വിശ്വാസത്തിലേക്കു വരുന്നതിനു തടസ്സമായി നിൽക്കുന്ന അന്ധ വിശ്വാസത്തിൽ നിന്നും അവർ മോചനം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.




ഗെദ്ദാം ശ്രീനിവാസ റാവു
ജപറാണി ജോൺസൺ
സാഗരിക മോഹിനിമാല ബീറോ

## അസം

### ഗോഹ്പൂർ

**നാഥൻ കുമാർ ബബർത്ത & നിരുപമ ബബർത്ത**

FMPB സ്പോൺസർ ചെയ്യുന്ന ചക്കോള ഗ്രാമത്തിലെ ബിജു കുതുമിന്റെ മകൻ സ്റ്റീഫൻ കുതുമിനു പത്താം ക്ലാസ്സിലെ പരീക്ഷയിൽ ഒന്നാം സ്ഥാനം കിട്ടി. ലുയിത്മുഖ് ഗ്രാമത്തിലെ ദേവനാഥ് പത്ഗിരിയുടെ മകൻ ജാക് പത്ഗിരിക്കും പത്താം ക്ലാസ്സിലെ പരീക്ഷയിൽ ഒന്നാം സ്ഥാനം കിട്ടി. 40 ദിവസ ഉപവാസ പ്രാർത്ഥന അനുഗ്രഹകരമായി നടത്തി. അനിൽ കാമൻ, റീമ പത്ഗിരി കുതും എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

10,12 ക്ലാസ്സുകളിലെ പരീക്ഷ പാസ്സായ കുട്ടികൾക്കു ഉന്നത പഠനത്തിനു പ്രവേശനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പ്രയാസങ്ങൾ ഇല്ലാതെ എല്ലാ പ്രോഗ്രാമുകളും അനുഗ്രഹകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സന്നദ്ധ സുവിശേഷകർക്കു അവരുടെ സമുദായത്തെ രക്ഷയിലേക്കു നയിക്കണമെന്ന ആവേശമുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ നല്ല ഫലം ലഭിക്കേണ്ടതിനായി പ്രാർത്ഥികക്കുക.

### ജോരൈ

**സുനിൽ പ്രസാദ് & ജോയ് ബല്ല**

വിഷ പാമ്പിന്റെ ദംശനമേൽക്കാതെ രാകേഷ് പെഗുവിനെ കർത്താവ് രക്ഷിച്ചു. ഇവിടെ നടത്തിയ യുവജന യോഗത്തിൽ സംബന്ധിച്ച യൗവ്വനക്കാരിൽ ഒരാൾ മിഷനറിയായി പോകുന്നതിനു സ്വയം സമർപ്പിച്ചു. പുതുതായി നാലു പ്രാർത്ഥനക്കൂട്ടങ്ങൾ രൂപീകരിച്ചു. 40 ദിന ഉപവാസ പ്രാർത്ഥന, ദുഃഖവെള്ളിയാഴ്ച ആരാധന, ഉയിർപ്പ് ഞായർ ആരാധന എന്നിവ അനുഗ്രഹകരമായി നടത്തി. പുതുതായി കണ്ടെത്തിയ സ്നേഹതർക്കായും ഈ മാസം നടത്തുന്ന എല്ലാ പരിശീലന പ്രോഗ്രാമിന്റെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കുക.

രാകേഷ് പെഗുവിന്റെ കുടുംബം വിശ്വാസത്തിൽ വളരേണ്ടതിനായി പ്രാർത്ഥിക്കുക. യോഗങ്ങളിൽ പങ്കെടുക്കുന്ന യൗവ്വനക്കാർ വിശുദ്ധ ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷം ശ്രവിച്ചവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വീടിന്റെ മേൽക്കൂരയിൽ നിന്നും താഴെ വീണ നന്ദലാൽ ഡൊലെക്കു ഇരിക്കുവാനോ നടക്കുവാനോ കഴിയുന്നില്ല. അവൻ ചികിത്സയിലാണ്. അവന്റെ വിടുതലിനും മാനസാന്തരത്തിനുമായി പ്രാർത്ഥിക്കുക. പിപുൽഗുരി ഗ്രാമത്തിലെ ദൈവാലയ നിർമ്മാണത്തതിനായി പ്രാർത്ഥിക്കുക. 2025 - 26 ലേക്കു നിർണ്ണയിച്ച ലക്ഷ്യം നേടേണ്ടതിനായി പ്രാർത്ഥിക്കുക.

ജൂൺ
14
ശനി

## ജന്മദിനാശംസകൾ

ലാൽമണി ഡിഗാൽ

### ലക്കിംപൂർ

**ആരോൺസിങ് നർസാരി & റീന ബസുമാതെത്ര**

48 വ്യക്തികളോടു വ്യക്തിഗതമായി സുവിശേഷം പങ്കുവെച്ചു. എട്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 11 ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. ഒമ്പതു അക്രൈസ്തവ ഗ്രമങ്ങളിലും വിശ്വാസികളുടെ 11 ഗ്രാമങ്ങളിലും രാത്രി യോഗങ്ങൾ നടത്തി. ഇവിടെയുള്ള ജനങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു.

എട്ടു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തുന്നതിനുള്ള പദ്ധതികൾ വിജയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷം പങ്കുവെക്കുന്നതിനു ആ ഗ്രാമങ്ങളിൽ സ്നേഹിതരെ ലഭിക്കേണതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാൻ ഉദ്ദേശിക്കുന്ന ഫിലിം പ്രദർശനം, സഭാമൂപ്പന്മാരുടെ യോഗം, മറ്റു പ്രേഗ്രാമുകൾ എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുവാൻ തയ്യാറെടുക്കുന്നവർക്കായി പ്രാർത്ഥിക്കുക. വിശ്വാസികളുടെ ഉണർവ്വിനും ആത്മീക വളർച്ചക്കുമായി പ്രാർത്ഥിക്കുക. സന്നദ്ധ സുവിശേഷകരായി ദൈവവേല ചെയ്യുന്നതിനു തയ്യാറായ പുതിയ വിശ്വാസികളായ രമേശ് ടെയ്ഡ്, ബാബുൽ ചുങ്കരാഗ് എന്നിവർക്കായി പ്രാർത്ഥിക്കുക.

## ബീഹാർ

### ചാതാപൂർ

**രവി & സുധാറാണി എം; പവാർ ദിനേശ് ബായ്**

മസ്കാൻ, രാജ്പൂർ എന്നിവിടങ്ങളിലുള്ള പത്തു പേർ യേശുവിലുള്ള വിശ്വാസം ധൈര്യപൂർവ്വം ഏറ്റു പറഞ്ഞു. ലാൽപൂർ ഗ്രാമത്തിലെ ബിസ്നു സാദക്കു മറ്റൊരാൾ അവകാശം സ്ഥാപിക്കുവാൻ ശ്രമിച്ച സ്വന്തവസ്തു തിരികെ ലഭിച്ചു. ദുഃഖവെള്ളിയാഴ്ചയിലെയും ഉയിർപ്പു ഞായറാഴ്ചയിലെയും അനുഗ്രഹകരമായ ആരാധനയിലൂടെ ദൈവനാമം മഹിമപ്പെട്ടു. ജക്കരഗഞ്ച് ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിക്കുന്നതിനു ദൈവം അവസരം നൽകി.

പുതിയ വിശ്വാസികളെ വഴിതെറ്റിക്കുന്ന, ആരാധനക്കു പോകുവാൻ അനുവദിക്കാത്ത പാപ്പു സാദയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സഹോദരൻ ധർമ്മേന്ദ്രയുടെ ഭാര്യ അയാളെ ഉപേക്ഷിച്ചിട്ടു പോയി അനുരഞ്ജനത്തിനു തയ്യാറാകുന്നില്ല. അവരുടെ മനസ്സ് മാറേണ്ടതിനായി പ്രാർത്ഥിക്കുക. കുഷ്ഠ രോഗത്താൽ കഷ്ടപ്പെടുന്ന ബരുൺ സാദയുടെയും കുടുംബത്തിന്റെയും പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ദോഷകരമായ പരിചയങ്ങളിൽ നിന്നും മുക്തരായി വിശ്വാസികൾ ക്രിസ്തേശുവിൽ ഉറച്ചു നിൽക്കേണ്ടതിനും അവർ ആത്മീകമായി വളർന്നു ശക്തരാകേണ്ടതിനുമായി പ്രാർത്ഥിക്കുക. മോഹൻപൂർ, മസ്കാൻ എന്നീ ഗ്രാമങ്ങളിലെ നമ്മുടെ ട്യൂഷൻ സെന്ററിൽ വരുന്ന കുട്ടികൾ അറിവിൽ വളരുന്നതിനൊപ്പം വിശ്വാസത്തിൽ ശക്തിപ്പെടടേണ്ടതിനായി പ്രാർത്ഥിക്കുക.




## ജന്മദിനാശംസകൾ

പുനിത മെയിൻരാജ്, അരുളാനന്ദം എം,
ലത ഐസക്ക്, മറിയാൾ കുമാരവേൽ,
ജോതി പെഗു, ആൽബി ഹരീസ്,
പൊന്നു സ്വാമി എസ്, ഡേവിഡ് എസ്,
ദെബദത്ത ലിമ, ഹോസെൻ ജറായ്,
സെൽവി ഭരതൻ

### റാണിഗഞ്ച്

**ആനന്ദൻ എം & നിഷ ഐ**

പുർണി ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിക്കുവാൻ അവസരം ലഭിച്ചു. ഇവിടെയുള്ളവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. പച്ചു റിസി, സുധാകർ റിസി, വിജയ റിസി എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുകയും യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുകയും ചെയ്തു. റെയ്ക്ക ഗ്രാമത്തിൽ ജീസസ് ഫിലിം പ്രദർശിപ്പിച്ചു. ഉയിർപ്പു ഞായറാഴ്ച ആരാധന നടത്തി. ജനങ്ങൾ ഉയിർത്തെഴുന്നേറ്റു ജീവിക്കുന്ന ക്രിസ്തുവിനെ അറിഞ്ഞു.

മദ്യാസക്തിയിൽ നിന്നും സോനു റീസി വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ചോന്ത ഗ്രാമത്തിലെ വിശ്വാസികൾ ചാരായം വാറ്റി വില്പന നടത്തുന്ന തൊഴിൽ ഉപേക്ഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനവധിയാളുകൾ മദ്യപാനത്തിന്റെ ദൂഷ്യഫലങ്ങൾ അറിയാതെ അതിൽ ആസക്തരായിരിക്കുന്നു. ജോലി തേടി കുടിയേറി പോയ റീഷി സമുദായത്തിലുള്ള ജനങ്ങൾക്കു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ജാർഖണ്ഡ്

**ജാമ : മുന്ന മൊഹന്തിയാർ & സുമിത ദാസ് മൊഹന്തിയാർ**

21 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 27 ഗ്രാമങ്ങളിൽ വിവിധ പ്രകാരത്തിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ 2600 പേർ സുവിശേഷം ശ്രവിച്ചു. സുവിശേഷക പരിശീലനത്തിനായി ഔട്ട്റീച്ച് പരിശീലന കേന്ദ്രത്തിലേക്കു അയച്ച അരവിന്ദ് കിസ്കു, ബാബ്ലു കിസ്കു എന്നീ കുടുംബങ്ങൾക്കായി പ്രാർത്ഥിക്കുക. 1250 ലഘു ലേഖകളും പത്തു വേദപുസ്തകവും വിതരണം ചെയ്തു. ആത്മാക്കളെ ആദായപ്പെടുത്തുന്നവർക്കും ചെറിയ പ്രാർത്ഥനക്കൂട്ടങ്ങൾക്കു നേതൃത്വം നൽകുന്നവർക്കും പരിശീലനം നൽകി.

ഈ പ്രദേശത്തു സജീവമായിട്ടുള്ള ആഭിചാര പ്രവർത്തനങ്ങൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തുള്ള സുവിശേഷ വിരോധികളുടെ സ്വാധീനവും വിഗ്രഹാരാധനയും നീങ്ങിപ്പോകേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതം, കാൻസർ, ക്ഷയം, അപസ്മാരം മാനസിക വിഭ്രാന്തി തുടങ്ങിയ രോഗങ്ങളാൽ കഷ്ടപ്പെടുന്നവർക്കായി പ്രാർത്ഥിക്കുക. ധനമോഹികളായ വിശ്വാസികളുടെയും സഭാ നേതാക്കന്മാരുടെയും മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സുവിശേഷകരും സഭാമൂപ്പന്മാരും ആത്മീക ഉണർവ്വ് പ്രാപിച്ചു കർത്താവിന്റെ വേലയിൽ സജീവമാകേണ്ടതിനായി പ്രാർത്ഥിക്കുക.ഈ മിഷൻ വയലിൽ സുവിശേഷീകരണ പ്രവർത്തനത്തിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ജൂൺ
16
തിങ്കൾ

## ജന്മദിനാശംസകൾ

ജോൺസൺ ശങ്കർ ഐ
സുശീല വിജയകുമാർ
ബിനിത് പ്രസാദ് ഭരതൻ
എലിയ ചന്ദ്രൻ എസ്

**രാംഘട് : ലത്ഖോലുൻ ബൈതെ & ഹത്നെയ്കിം**

യേശുവിനെ രക്ഷിതാവായി സ്വീകരിച്ച പുതിയ വ്യക്തികൾക്കായി ദൈവത്തെ സ്തുതിക്കാം. ആറു സ്ഥലത്തു വിശ്വാസികുടെ ക്യാമ്പും രണ്ടിടത്തു സ്ത്രീകളുടെ ക്യാമ്പും വിജയകരമായി സംഘടിപ്പിച്ചു. സിമ്ര ഗ്രാമത്തിലെ ജുബ്രി ടുഡു, മിർജടോള ഗ്രാമത്തിലെ സാന്ദ്രി മുർമ്മു എന്നിവർ ടൈഫോയ്ഡിൽ നിന്നും മഞ്ഞപിത്തത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മോട്ടർ സൈക്കിൾ അപകടത്തിൽ പെട്ട കിന്ദ്വാദിക്കൂർ ഗ്രാമത്തിലെ സുരേഷ് കോളിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

കിന്തുവതികൂർ ദൈവാലയത്തിനു ചുറ്റുമതിൽ പണിയുന്നതിനു അനുവാദം ലഭിച്ചു. പണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബക്കോന ഗ്രാമത്തിലെ കന്തേശ് ടുഡു, ഗുണ്ടുരു ഗ്രാമത്തിലെ റൂബിലാൽ കിസ്കു എന്നിവർ അപസ്മാര രോഗത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. പക്ഷാഘാതത്തിൽ നിന്നും പ്രമേഹത്തിൽ നിന്നും സിമ്ര ഗ്രാമത്തിലെ അനിക സൊറൻ, ചാന്ദിനി ചോക്കിലെ സുശീൽ കിസ്കു എന്നിവർ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന റീനോ ബെഹാർ ഗ്രാമത്തിലെ ശ്രീറാം ഹെബ്രം വേഗത്തിൽ യേശുവിലുള്ള വിശ്വാസം പരസ്യമായി പ്രഖ്യാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ലാൽമട്ടിയ**

**അമരേന്ദ്രൻ & ഗൗരമ്മ**

മൂന്നു വ്യക്തികൾ തങ്ങളുടെ പഴയ സ്വഭാവം ഉപേക്ഷിച്ചു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നൊയ്മ്പു കാലഘട്ടത്തിൽ അനേക വിശ്വാസികൾ 40 ദിവസം ഉപവസിച്ചു പ്രാർത്ഥിച്ച് ആത്മീക വളർച്ച പ്രാപിച്ചു. എല്ലാ ചൊവ്വാഴ്ചയും നമ്മുടെ വിശ്വാസികൾ നടത്തുന്ന ആശുപത്രി സന്ദർശനം വിജയകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. ചിത്തർക്കുറ്റി ഗ്രാമത്തിലെ സഭയിൽ രണ്ടു പുതിയ കുടുംബം ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

സുവിശേഷകൻ ശീലാസിന്റെ കുടുംബത്തിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുശാന്തി പ്രാർത്ഥിക്കുന്നതിനും സുവിശേഷം പ്രഘോഷിക്കുന്നതിനും താൽപര്യമുള്ളവളാണ്. അവളുടെ താല്പര്യത്തിനു തടസ്സം നിൽക്കുന്ന ഭർത്താവിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. മഹാദേവബതാൻ ഗ്രാമത്തിലെ വിലാസ്, നിക്കോളസ് എന്നിവർ മദ്യാസക്തിയിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. സംസാര ശേഷിയില്ലാത്ത അഞ്ചു വയസ്സുള്ള അനിത മുർമ്മുവിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ബുനൈ ഗ്രാമത്തിലെ മോനിക്ക മാറാണ്ടിക്കു തലമുറയെ നൽകി ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ജൂൺ
17
ചൊവ്വ

**ജന്മദിനാശംസകൾ**

എഡ്വിൻ സെൽവരാജ് ആർ
രാജദുരൈ എൻ, കവിത

**ബർഹർവ : മല്ല വിദ്യാസാഗർ & ദീപിക റാണി പാനി**

റാണിപൂർ റീജിയനിലെ മാൽ സമുദായത്തിലുള്ള 16 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ദുഃഖ വെള്ളിയാഴ്ച ആരാധന മൂന്നു ദിവസത്തെ ഉപവാസയോടെ നടത്തി. ജികിത, ഗുമാനി, റാണീപൂർ എന്നീ ആരാധനക്കൂട്ടങ്ങളിൽ ഉയിർപ്പ് ഞായർ ആരാധന നടത്തി. ജിത്തികയിൽ ദൈവാലയ നിർമ്മാണം ആരംഭിച്ചു.

ഉഷ ഗുപ്തയുടെ മകനു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സന്നദ്ധ സുവിശേഷകനായ ഡേവിഡ് മാൽട്ടോയുടെ പരിപൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. സത്യാന്വേഷികളായ ഇവ, കൃഷൻ മാൽ, ബബ്ലു ഷാ, വിഷ്ണു ദാസ്, മനോജ് എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**സെന്റ് തോമസ് ഇംഗ്ലീഷ് സ്കൂൾ**
**വിക്ടർ ജയശീലൻ & പ്രിൻസസ്; സ്റ്റാലിൻ ജീവ & ജ്ഞാന സെൽവ റാണി; മേഴ്സി എം എച്ച്; സുവാജി; ജയശ്രീ**

ചാദിയിൽ നിന്നും പന്മേനിയിലേക്കു സ്ഥലം മാറി വന്ന മിഷനറിമാരെ ദൈവം സഹായിച്ചു. സ്കൂളിൽ അവർ തങ്ങളുടെ അദ്ധ്യാപക വൃത്തി ഭംഗിയായി ചെയ്യുന്നു. ആറാം ക്ലാസ്സു മുതൽ ഒമ്പതാം ക്ലാസ്സുവരെയുള്ള കുട്ടികൾ അടുത്ത ക്ലാസ്സിലേക്കു വിജയിച്ചിരിക്കുന്നു.

അവസാന വർഷ പരീക്ഷ എഴുതിയ എല്ലാ കുട്ടികൾക്കും നല്ല വിജയം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബോർഡ് പരിക്ഷ എഴുതി വിജയിച്ച കുട്ടകൾക്കെല്ലാം ഉന്നത പഠനത്തിനു നല്ല കോളജുകളിൽ പ്രവേശനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്ധ്യ വേനൽ അവധിക്കു വീട്ടിൽ പോയ കുട്ടികളുടെ ആരോഗ്യത്തിനും സുരക്ഷിതത്വത്തിനുമായി പ്രാർത്ഥിക്കുക. അവർ തങ്ങളുടെ ഗ്രാമങ്ങളിൽ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ഭഗയ്യ : ജപകുമാർ പെരിയസ്വാമി & പൊൻലത**

ജീപ്പ് ടീമിന്റെ സഹായത്തോടെ 14 ഗ്രാമങ്ങളിൽ ജീസസ് ഫിലിം പ്രദർശിപ്പിക്കുകയും സുവിശേഷം അറിയിക്കുകയും ചെയ്തു. അവരിൽ അഞ്ചു കുടുംബങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ദൈവാലയത്തിൽ പാചകത്തിനാവശ്യമായ പാത്രങ്ങൾ വിശ്വാസികളായ നരേശ്, ഗീത എന്നിവർ സംഭാവനയായി നൽകി.

ബജ്രങ്കിയുടെ കുടുംബം സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ബജ്രങ്കി എതിർക്കുന്നതിനാൽ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു മടിക്കുന്നു. നമ്മുടെ സുവിശേഷകൻ സുശീൽ ലക്ത തന്റെ വസ്തുവിന്റെ മുൻവശം ദൈവാലയം പണിയുന്നതിനു ദാനമായി നൽകി. ഇവിടെ വേഗത്തിൽ ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക.

**ജൂൺ**

# 18

**ബുധൻ**

ഉപവാസ
പ്രാർത്ഥന
ദിനം

**ജന്മദിനാശംസകൾ**

രാംധോൻ മുർമ്മു

## പശ്ചിമ ബംഗാൾ

### ഇതഹാർ

**അഷ്ടബൻ ആദിത്യ കുമാർ ലിമ്മ & മാനിനി കുമാരി**

ഹത്മുച്ച്ദ, ഉജന്തോർ എന്നീ ഗ്രാമങ്ങളിലെ മൂന്നു വ്യക്തികൾ പഴയ സ്വഭാവം ഉപേക്ഷിച്ചു യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ആറു രാത്രി യോഗങ്ങൾ 10 ഗ്രാമങ്ങളിൽ ഫിലിം പ്രദർശനം, 24 ഗ്രാമങ്ങളിൽ സംഘടിതമായ സുവിശേഷീകരണ പ്രവർത്തനം എന്നിവ വിജയകരമായി നടത്തി സുവിശേഷം പ്രഘോഷിച്ചു. വയറിളക്കത്തിൽ നിന്ന് ലെഹ്രഗ്രാമത്തിലെ ജോഹാൻ സൊറൻ പ്രാർത്ഥനയാൽ വിടുതൽ പ്രാപിച്ചു. കഠിനമായ ഉദരവേദനയാൽ കഷ്ടപ്പെട്ട സോനദങ്കിയലെ സന്ധ്യമുനി സൊറനെയും ഹത്മുച്ച ഗ്രാമത്തിലെ സജ്ജാലി ഹെമ്പ്രത്തെയും കർത്താവ് പ്രാർത്ഥന കേട്ടു സൗഖ്യമാക്കി.

കുഷോണ,. ബാലബോൺ എന്നീ ഗ്രാമത്തിലുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷത്തോടു താൽപര്യം കാണിക്കുന്ന ഉജോൺതോർ ഗ്രാമത്തിലെ ആളുകൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പക്കുഹഹട്ട്

**എ രാമകൃഷ്ണ ഏലിയ & അഞ്ജലി ദേവി**

സിൽത്താനി ഗ്രാമത്തിലെ രാജൻ സൊറന്റെ വിവാഹം ക്രിസ്തീയ രീതിയിൽ ഭംഗിയായി നടത്തി. ക്രിസ്തീയ വിശ്വാസം നിമിത്തം ഗ്രാമത്തിലുള്ളവർ ഈ കുടുംബത്തിനു ഭ്രഷ്ട് കൽപിച്ചിരുന്ന സാഹചര്യത്തിലാണ് വിവാഹം നടന്നത്. ഹോശന്ന ഞായറാഴ്ച ഗ്രാമത്തിലെ യൗവ്വനക്കാർ നമ്മുടെ വിശ്വാസികളെ മർദ്ദിക്കുവാൻ പദ്ധതിയിട്ടിരുന്നു. എന്നാൽ ദൈവം വിശ്വാസികളെ സംരക്ഷിച്ചു. സംസാരിക്കുവാൻ കഴിയാതിരുന്ന രാജീവ് മുർമ്മുവിന്റെ ഭാര്യ പ്രാർത്ഥനയാൽ വിടുതൽ പ്രാപിച്ചു. ദൈവം അവൾക്കു ആവശ്യമായ ആരോഗ്യം നൽകി. സിലത്താനി ഗ്രാമത്തിൽ ഹോശന്ന ഞായറാഴ്ച ആരാധന നടത്തി. എല്ലാ ആരാധനക്കൂട്ടത്തിലും ദുഃഖവെള്ളിയാഴ്ച ആരാധന നടത്തി. നീംദഘ ഗ്രാമത്തിൽ ഉയർപ്പു ഞായറാഴ്ച ആരാധന നടത്തി.

നമ്മുടെ വിശ്വാസികളെ ഉപദ്രവിക്കുന്ന സുശീലയുടെ സഹോദരന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. അന്ധനും ഊമനുമായ അമിത് സൊറന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മുദുർഗങ്ക ഗ്രാമത്തിലെ വിശ്വാസികൾ ഞായറാഴ്ച ആരാധനയിൽ പതിവായി സംബന്ധിക്കുന്നു. ദൈവത്തിൽ നിന്നു അകന്നു കഴിയുന്ന മാതാപിതാക്കളുടെ മുമ്പാകെ സോനാലി ടുഡു സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭവനത്തിൽ നാലാമതു പെൺകുഞ്ഞ് ജനിച്ചതിന്റെ പേരിൽ ഭവനത്തിൽ നിന്നും ഇറങ്ങിപ്പോയ കുത്രുദങ്ക ഗ്രാമത്തിലെ സുനിൽ മുർമ്മു മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക.




സെൽവിൻ യേശുദാസ്
ജോതിലക്ഷ്മി ജെ

**ബാലൂർഗാട്ട്**

**കിങ്സ്ലി ലിവിങ്സ്റ്റൺ ആർ & ഡെൽഫിൻ കിങ്സ്ലി**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.. ഒമ്പതു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 130 ഭവനങ്ങൾ സന്ദർശിച്ചു. 12 രാത്രി യോഗങ്ങൾ, മൂന്നു പ്രദേശത്തു സംഘമായി സുവിശേഷീകരണ പ്രവർത്തനം നടത്തി. മൂന്നു സ്ഥലത്തു ജീസസ് ഫിലിം പ്രദർശിപ്പിച്ചു. ഈ പ്രവർത്തനത്തിലൂടെ 700 ലഘുലേഖകൾ വിതരണം ചെയ്യുകയും 800 വ്യക്തികളോടു സുവിശേഷം പങ്കുവെക്കുകയും ചെയ്തു. സുവിശേഷകൻ നയാൻ ഹസ്തയുടെ നേതൃത്വത്തിൽ ബലൈൻ പ്രദേശത്തുള്ള വിശ്വാസികൾ അവരുടെ ബന്ധുമിത്രാദികളോടു സുവിശേഷം പങ്കുവെക്കുന്നു. സ്വാപാം കിസ്കു വും കുടുംബവും സഭാമൂപ്പനായി ആരാധനക്കു നേതൃത്വം നൽകുന്നതിനു തയ്യാറായി. പൈശാചിക ബന്ധനത്തിൽ നിന്നും ബോൺഗാട്ട് ഗ്രാമത്തിലെ ലുക്കിറാം ഹെബ്രം പ്രാർത്ഥനയാൽ വിടുതൽ പ്രാപിച്ചു. അവൻ ഇപ്പോൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിപ്പാൻ താൽപര്യം കാണിക്കുന്നു.

ദുലാൻ ഹസ്ത, കണ്ടാൻ ഹസ്ത, പ്രരസന്തോ ഹെബ്രം, ലുക്കിറാം ഹെബ്രം, അമോൽ സൊറൻ, മറിയം കിസ്കു എന്നിവർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തളർവാത രോഗിയായ സുബർത്തോ ഹെബ്രത്തിന്റെയും മദ്യാസക്തരായ ഷുശാന്തോ മാർദി, സ്വർണ മുർമ്മു എന്നിവരുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന സുവിശേഷ യോഗവും മറ്റു പ്രോഗ്രാമുകളും തടസ്സങ്ങളില്ലാതെ അനുഗ്രഹകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. മിഷനറിമാരും സുവിശേഷകരും സഭാമൂപ്പന്മാരും കുടുംബമായി പരിശുദ്ധാത്മാവിന്റ ശക്തി പ്രാപിച്ച് ഈ പ്രദേശത്തെ പ്രവർത്തനം വിപുലപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക.

**കരൻദിഗി**

**കൈതെങ്കിൻ വായ്ഫെയ് & മെലഡി ഡിംസോൺതിങ്**

14 ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ 560 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. 10 ഗ്രാമങ്ങളിൽ രാത്രി യോഗങ്ങൾ നടത്തുവാൻ ദൈവം കൃപ നൽകി. കുന്ദർഗാവു ഗ്രാമത്തിൽ പണിത ഒരു താൽക്കാലിക ദൈവവാലയത്തിന്റെ പ്രതിഷ്ഠ 2025 ഏപ്രിൽ 20 ന് നടത്തി.

നമ്മുടെ സ്വദ്ദേശ സുവിശേഷകൻ ജെത ഹെബ്രം വിശ്വസ്തതയോടെ കർത്താവിന്റെ വേല ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാരായ ബിജയ് മുർമ്മു, സിബു ഭസ്കെ എന്നിവർ കുടുംബമായി വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.ഉടനെ നടത്തുവാനുദ്ദേശിക്കുന്ന പത്ത് ഗ്രാമങ്ങളിലെ രാത്രി യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

**ജൂൺ 20 വെള്ളി**

## ജന്മദിനാശംസകൾ

കാർത്തികേയൻ എസ്, വിജയകുമാർ ആർ
വസവരാജ കെ, ഭൂപതി പി,
കൃഷൻ കുമാർ, ലുൻജലാൽ സോങ്താറ്റ്

### സാംസി

**ദീപരത്ന & മിഥ്ലേഷ്**

ഒറാവൻ സമുദായത്തിലെ നാലു കുടുംബം യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു. അക്രൈസ്തവ ഗ്രാമങ്ങളിൽ നടത്തിയ 15 രാത്രി യോഗങ്ങൾ അനുഗ്രഹ കരമായിരരുന്നു. രക്തം ശർദ്ദിക്കുന്ന ലുക്കി ഒറാവൻ പൈശാചിക ബന്ധന ത്തിൽ നിന്നും വിടുതലും സൗഖ്യവും പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ഉടനെ നടത്തുവാനുദ്ദേശി ക്കുന്ന സംഘടിതമായ സുവിശേ ഷീകരണം, മുഴുരാത്രി പ്രാർത്ഥനകൾ, സ്ത്രീകളുടെ പ്രാർത്ഥന യോഗങ്ങൾ, യൗവ്വനക്കാരുടെ വേദപഠന ക്ലാസ്സ്, വിബിഎസ് എന്നിവകളുടെ അനുഗ്രഹ ത്തിനായി പ്രാർത്ഥിക്കുക. ഈ മാസം ആറു ഗ്രാമങ്ങളിൽ നടത്തുവാനു ദ്ദേശിക്കുന്ന നാടക പ്രോഗ്രാമിലൂടെ അനേകർ യേശുവിനെ അറിയേണ്ടതിന ായി പ്രാർത്ഥിക്കുക. വാരി ആരാധനക്കൂട്ട ത്തിനു ദൈവാലയം പണിയുന്നതി നാവശ്യമായ വസ്തു ലഭിക്കേണ്ടതി നായി പ്രാർത്ഥിക്കുക. സാംസിക്കു സമീപമുള്ള പരക്രം ഗ്രാമത്തിലെ ജനങ്ങൾ യേശവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മാൽദ : ഉദിപ്ത കുമാർ ബാഗ് & സുർജ്യകാന്ത് ബാഗ്

ദൈവകൃപയാൽ വിവാഹ ശുശ്രൂഷ സമാധാന പരമായും വിജയകരമായും നടത്തി. മോട്ടർ സൈക്കിൾ അപകടത്തിൽ നിന്നും വിഷപാമ്പിന്റെ ദംശനത്തിൽ നിന്നും സാമൈ പഹാഡിയായെ ദൈവം അത്ഭുതകരമായി സംരക്ഷിച്ചു. ദുഃഖ വെള്ളിയാഴ്ച ആരാധന അനുഗ്രഹ കരമായി നടത്തി.

പത്രേനി സ്കൂളിലും ബാല ഭവനത്തിലും പോകുന്നതിനു തയ്യാറെടുക്കുന്ന കുട്ടികൾക്കായി പ്രാർത്ഥിക്കുക. ഈ സാമ്പത്തീക വർഷത്തെ ലക്ഷ്യം നേടേണ്ടതിനായി പ്ര ാർത്ഥിക്കുക. ഈ മാസത്തെ പ്രോഗ്രാ മുകളുടെ അനുഗ്രഹത്തിനായി പ്രാർ ത്ഥിക്കുക. സുഡാനി, ഷിതൽപൂർ എന്നീ പ്രദേശത്തെ ശുശ്രൂഷ അഭിവൃദ്ധി പ്പെടേണതിനായും ജനം യേശുവിനെ സ്വീകരിക്കേണ്ടതിനായും പ്രാർത്ഥിക്കുക.

### ഒരു പുതിയ ഹൃദയം

കർണ്ണാടകയിൽ മാലൂർ മിഷൻ വയലിലെ അക്രൈസ്തവ കുടുംബത്തിലുള്ള ധനുശ്രീ എന്ന മൂന്നു വയസ്സുള്ള പെൺപൈതലിന്റെ ഹൃദയത്തിൽ സുഷിരമുള്ളതായി കണ്ടെത്തി. ഈ കുടുംബം പാർക്കുന്ന ജയമംഗള ഗ്രാമ ത്തിൽ നമുക്കു ഒരു ആരാധനക്കൂട്ടം ഉണ്ട്. അവളുടെ മാതാവ് ധനുശ്രീയെ ആരാധന നടന്നു കൊണ്ടിരിക്കെ ദൈവാലയത്തിൽ കൊണ്ടുവന്നു. പൈതൽ രണ്ടാഴ്ച കൂടെ ജീവിക്കുകയുള്ളു എന്ന ഡോക്ടറന്മാർ പറഞ്ഞ തായി അവൾ വിശ്വാസി സമൂഹത്തോടു പങ്കുവെച്ചു. ആരാധന സമൂഹം ആത്മാർ ത്ഥമായി പൈതലിനു വേണ്ടി പ്രാർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ടു. ധനുശ്രീ ഇപ്പോൾ ദൈവകൃപയാൽ സൗഖ്യത്തോടിരിക്കുന്നു. അവർ കുടുംബമായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

**ജൂൺ 21 ശനി**

## ജന്മദിനാശംസകൾ

ഗെത്സിയ പോൾരാജ്, ജോൺകുമാർ സി
സുവേര മാർത്ത ബോടാർ

### റാണിഗഞ്ച്

**ജെ ജറാൾഡ് സേവ്യർ & ജോത്സന**

ആറു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ദിഷ ബൗറി എന്ന ഏഴു വയസ്സുള്ള പെൺകുട്ടിയെ കഠിനമായ ജ്വരത്തിൽ നിന്ന് ഉപവസിച്ചു പ്രാർത്ഥിച്ചതിനെ തുടർന്നു ദൈവം വിടുവിച്ചു. പ്രാർത്ഥനക്കൂട്ടത്തിൽ സംബന്ധിക്കുന്നവർ യേശുവിൽ വിശ്വസിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബോഗ്രസ പരസുണി എന്നീ ഗ്രാമങ്ങളിൽ പുതിയ ആരാധന തുടങ്ങുവാൻ ദൈവം കൃപ നൽകി. രണ്ടു വലിയ അപകടത്തിൽ നിന്നും മിഷനറിമാരെ ദൈവം ദൂതന്മാരെ അയച്ചു വിടുവിച്ചു. നമ്മുടെ പ്രവർത്തനത്തെ സഹായിക്കുന്ന ഉത്പൽ ബൗറി ജോലിയില്ലാതെ സാമ്പത്തീകമായി ബുദ്ധിമുട്ടി. ദൈവം അവനു നല്ലൊരു ജോലി നൽകി.

പ്രാർത്ഥന യോഗത്തിൽ സംബന്ധിക്കുന്ന പുതിയ കുടുംബങ്ങൾ സൗഖ്യം പ്രാപിക്കേണ്ടതിനും ഹൃദയത്തിൽ മാനസാന്തരമുണ്ടായി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജനങ്ങൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനും വിശ്വാസ പ്രഖ്യാപനം നടത്തുന്നതിനുമുള്ള തടസ്സങ്ങൾ ഇല്ലാതാകേണ്ടതിനായി പ്രാർത്ഥിക്കുക. 14 വയസ്സുള്ള അനിഘേത് ജന്മനാ മുടന്തനാകുന്നു. സകല ബന്ധനത്തിൽ നിന്നും അവൻ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അവന്റെ കുടുംബത്തിലുള്ള 50 പേർ അവന്റെ വിടുതലിനായി കാത്തിരിക്കുന്നു. അവന്റെ സൗഖ്യം ആ കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു കാരണമാകും. പ്രായമാകുന്നതിനോടനുബന്ധിച്ചു കേൾവി ശക്തി കുറയുന്ന ഉത്പൽ ബൗരി സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പ്രയാസം നിമിത്തം കർത്താവിന്റെ വേലയിൽ പങ്കെടുക്കുന്നതിനു സാധിക്കുന്നില്ല.

## ഛത്തീസ്ഘട്

### ഹാത്തി

**ദിനേശ് കുമാർ & നീതു**

ജൊക്കേദ, ജമ്പോനി എന്നീ ഗ്രാമങ്ങളിലെ ആരാധന യോഗത്തിൽ പുതിയ കുടുംബങ്ങൾ സംബന്ധിക്കുന്നു. ആറു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. മഗന്ത് ജാതിക്കൂട്ടത്തിൽ നിന്നുള്ള ഒരു കുടുംബം നമ്മുടെ ആരാധന യോഗത്തിൽ പങ്കെടുക്കുന്നു. റാംസിലക്കു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിച്ചു. ദ്വിദിന ഉപവാസ പ്രാർത്ഥനയും ഞായറാഴ്ച ആരാധനകളും അനുഗ്രഹകരമായി നടന്നു

നമ്മുടെ പുതിയ സ്നേഹിതരായ റാണ ജമാലി, ജഗദീഷ്, അവന്റെ സഹോദരൻ പ്രദീപ് എന്നിവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ ശുശ്രൂഷയെ സഹായിക്കുന്നതിനു പുതിയ രണ്ടു പ്രദേശിക സുവിശേഷകരെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിദിയ സഭയിലെ വിശ്വാസികൾ ഉത്സാഹപൂർവ്വം ആരാധനയിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈ സാമ്പത്തിക വർഷത്തെ ലക്ഷ്യം നേടേണ്ടതിനായി പ്രാർത്ഥിക്കുക.

ജൂൺ

22

ഞായർ

**ജന്മദിനാശംസകൾ**

ഷൺമുഖം ആർ എസ്
ഈവ്‌ലിൻ പാക്കിയ
മഹേന്ദ്രൻ എ, റിസ്മാരാണി അഭിഗൽ ഖാര

## ഒഡിഷ

**ജഗനാഥ്പൂർ : ബസുദേവ മാൾട്ടോ & വാസന്തി മാൾട്ടോ**

എല്ലാ സഭകളിലെയും പ്രാദേശിക സുവിശേഷകർക്കു പരിശീലനം നൽകുന്നതിനായി ക്യാമ്പ് സംഘടിപ്പിച്ചു. ദൈവനാമ മഹത്വത്തിനായി സുവിശേഷകരണ പ്രവർത്തനം നടത്തി. ബാരജമ്ട ഗ്രാമത്തിൽ നടത്തിയ സ്ത്രീജന ക്യാമ്പിൽ 350 പേർ പങ്കെടുത്തു സുവിശേഷം ശ്രവിച്ചു. തിരിപ്പൂരു, പരബസേയ, കിതികേന്ദ്രു എന്നീ ഗ്രാമങ്ങളിലെ വിശ്വാസികൾ കഠിനമായ എതിർപ്പിന്റെ മദ്ധ്യത്തിലും വിശ്വസത്തിൽ ഉറച്ചു നിൽക്കുന്നു.

ഡൊണോ, തോവാർസായ് എന്നീ മഹായിടവകയിലെ നേതാക്കന്മാരും സുവിശേഷകരും വിശ്വാസികളും ചേർന്നു നടത്തുന്ന സുവിശേഷീകരണ പ്രവർത്തനം ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. ബിജയ്, തരിയ, കാനു, ലഹോറി എന്നിവർക്കെതിരെ കോടതിയിലുള്ള കേസിനു വേഗത്തിൽ തീർപ്പുണ്ടാകേണതിനും അനുകൂല വിധി ലഭിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. സാറാന്ത കാട്ടിനുള്ളിൽ നെക്സലൈറ്റ് തീവ്രവാദികളുടെ സ്വാധീന മേഖലയിൽ പാർക്കുന്ന സന്താൾ, ഹോ, കോഫൈ, ലോഹാർ, ഒടിയ എന്നീ സമുദായങ്ങളുടെ ഇടയിലെ ശുശ്രൂഷ അനുഗ്രകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. അവരും ദൈവസ്നേഹത്താൽ സ്പർശിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക.

## ഗുജറാത്ത്

### സൂറത്

**റവ. മാധവറായ് (റിട്ട) & ജപതങ്കം**

ഏഴു വ്യക്തികൾ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റുപറയുന്നതിനു തയ്യാറെടുക്കുന്നു. കാലിൽ കാൻസർ ബാധിച്ച മോനീഷ ഭായിക്കു കർത്താവ് സമ്പൂർണ്ണ സൗഖ്യം നൽകി. ഞായറാഴ്ച ആരാധന യോഗത്തിൽ അയാൾ നടന്നു വന്നു സംബന്ധിക്കുന്നു. 40 ദിവസത്തെ ചങ്ങല പ്രാർത്ഥനയിൽ വിശ്വാസികൾ പങ്കെടുത്തു. ജമ്നനഗറിലെ വീട് അറ്റകുറ്റ പണി ചെയ്യുന്നതിനുള്ള അനുവാദവും, പണവും ലഭിച്ചു.

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്ന വ്യക്തികൾക്കായി പ്രാർത്ഥിക്കുക. മദ്യപാനിയായ അർജുൻ ഭായ് അതിൽ നിന്നും മുക്തനാകേണ്ടതിനും അവന്റെ ഭാര്യ അനിതബന്നിനു മക്കളെ നൽകി അനുഗ്രഹിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. അപകടത്തിൽ ഗുരുതരമായി പരുക്കേറ്റ സോണി ബന്നിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. തെറ്റായ കുറ്റം ആരോപിച്ചു ജയിലിൽ ഇട്ട കുനാൽ (ഗീതാബന്നിന്റെ മകൻ) ജയിൽ മോചിതനാകേണ്ടതിനായി പ്രാർത്ഥിക്കുക.




**ജന്മദിനാശംസകൾ**

മീന കിങ്സ്ലി, പ്രവീണ റാണി കുമാർ
രാമസ്വാമി വി ജറോം

**കെർഘാം ബാലഭവനം**

**കുമാരൻ ജി & ജലീൻ കെ**

പരീക്ഷകളിൽ വിജയം വരിച്ച ബാലഭവനത്തിലെ കുട്ടികൾ ഉന്നത പഠനം തടസ്സമില്ലാതെ തുടരേണ്ടതിനായി പ്രാർത്ഥിക്കുക. കഠിനമായ ചൂടിൽ ബാലഭവനത്തിലെ കുട്ടികളെ ദൈവം പരിപാലിച്ചു. മുബൈ പ്രാർത്ഥക്കൂട്ടത്തിലെ പ്രിയപ്പെട്ടവർ നമ്മുടെ ബാലഭവനം സന്ദർശിച്ച് കുട്ടികളുടെ കൂടെ കുറെ സമയം ചിലവഴിച്ചു. ഈ അദ്ധ്യായന വർഷം മുഴുവൻ നേരിട്ട സകല പ്രശ്നങ്ങളെയും അതിജീവിക്കുവാൻ ദൈവം ഞങ്ങളെ സഹായിച്ചു.

നമ്മുടെ കുട്ടികളിൽ ഒരാളുടെ അമ്മ ഗർഭപാത്ര സംബന്ധമായ രോഗത്താൽ വലയുകയാണ്, ദൈവം അവർക്കു സൗഖ്യം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. മഹുലിന്റെ കാലിലുണ്ടായ മുറിവിനു മൂന്നു കുത്തിക്കെട്ടു വേണ്ടിവന്നു. സൗഖ്യത്തിനായി പ്രാർത്ഥിക്കുക. കരൺ, അർപിത എന്നിവരുടെ കുതികാലിലെ പരുക്കൾ സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. കാതിലെ വേദനയാൽ ഭാരപ്പെടുന്ന വികിൻസിവയുടെയും ശരീര അലർജിയാൽ ഭാരപ്പെടുന്ന ഡിൽസണിന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

**കവാന്ത്**

**അഖിലേശ് കുമാർ & കിരൺ ദേവി**

യേശുവിനെ രക്ഷിതാവായി സ്വീകരിച്ച 15 പേർ വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറാകുന്നു. 40 ദിവസത്തോളം ഉദര വേദനയാൽ കഷ്ടപ്പെട്ട മഹുദ ബാരി ഗ്രാമത്തിലെ നമ്മുടെ വിശ്വാസി ശൈലേഷ് ഭായി നൊയ്മ്പു കാലത്ത് രോഗസൗഖ്യത്തിനു വേണ്ടി പ്രാർത്ഥിച്ചു. പ്രാർത്ഥന കേട്ട കർത്താവ് അവന് പൂർണ്ണ സൗഖ്യം നൽകി. മൂന്നു ഗ്രാമങ്ങളിൽ നടത്തിയ സുവിശേഷീകരണ പ്രവർത്തനത്തിലൂടെ 300 വ്യക്തികൾ സുവിശേഷം ശ്രവിച്ചു. മൂന്നാഴ്ചയായി മൂത്രത്തിലൂടെ രക്തം വന്ന സുമിത ഭായിയെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി.

ചെവിയിലുണ്ടായ അണുബാധ നിമിത്തം കേൾവി ശക്തിയെ ബാധിച്ച നമ്മുടെ വിശ്വാസികളായ ജയറാംബൈ, ഗീതബൻ, സുനിൽഭാസി, രമേശ് ഭായ്, തരസവ എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉമ്പാല ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിക്കുന്നതിനായി ഞങ്ങൾ ചെന്നു എന്നാൽ 15 പേരുള്ള ഒരു സംഘം ഞങ്ങളെ എതിർത്തു. ഗ്രാമത്തിൽ കാൽ കുത്തുവാൻ അനുവദിച്ചില്ല. ആ ഗ്രാമത്തിലുള്ളവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. കെഷർപുര ഗ്രാമത്തിലെ രീക്കബന്റെ ട്യൂമർ നീക്കം ചെയ്യുന്നതിനു മൂന്നു ശസ്ത്രക്രിയ നടത്തി. ചില ഞരമ്പുകൾ തകർന്നതിനാൽ വീണ്ടും ഓപ്പറേഷൻ വേണമെന്നു ഡോക്ടറന്മാർ ആവശ്യപ്പെട്ടു. കഴിഞ്ഞ അഞ്ചു മാസമായി മൂത്രത്തിലൂടെ രക്തം വരുന്ന വിശ്വാസിയായ സാവിബന്നിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന വിബിഎസ്, കുടുംബ സംഗമം, യുവജന ക്യാമ്പ് എന്നിവയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

**ജൂൺ**

**24**

**ചൊവ്വ**

**ജന്മദിനാശംസകൾ**

പോൾരാജ് എബ്രഹാം പി
രാസ്മിത റാണി റൗട്ട്

**നാസ്വാടി : ഹെൻട്രി സോളമൻ & എയ്ഞ്ചൽ ജപ**

രണ്ടു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. 23 പുതിയ വ്യക്തികളും രണ്ടു കുടുംബവും താൽപര്യപൂർവ്വം സുവിശേഷം ശ്രവിച്ചു. പ്രാദേശിക സുവിശേഷകരുടെ സഹായത്തോടെ 43 ഭവനങ്ങൾ സന്ദർശിക്കുകയും അഞ്ചു ഭവന പ്രാർത്ഥനകൾ നടത്തുകയും ചെയ്തു. സ്ത്രീകളുടെ പ്രാർത്ഥന യോഗം 9 സ്ഥലത്തു നടത്തി. വിജയ ഭായിയുടെ കുടുംബത്തെ അപകടത്തിൽ നിന്നും ദൈവം വിടുവിച്ചു. ജിത്തേന്ദ്രയുടെ കുടുംബം തങ്ങളെ എതിർക്കുന്നവരെ സ്നേഹിക്കുന്നു.

യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുന്നതിനു താൽപര്യപ്പെടുന്ന ഗാദി ഗ്രാമത്തിലെ കേമ ഭായ്, ജന്താർ ഗ്രാമത്തിലെ ഹുൻജി ഭായ്, ദിവതി ഭായ് എന്നിവർക്കായി പ്രാർത്ഥിക്കുക. ഗനെർവാത് ഗ്രാമത്തിൽ സുവിശേഷം ശ്രവിച്ചവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികളായ പിസൈദ ഗ്രാമത്തിലെ ദീപ ബൻ, മാത സതക്കൽ ഗ്രാമത്തിലെ രാസൽ ഭായ് എന്നിവർ മാനസിക രോഗത്തിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അഞ്ചു ഗ്രാമങ്ങളിൽ നടത്തുവാൻ പോകുന്ന വിബിഎസിനായി പ്രാർത്ഥിക്കുക.

**മോതപോണ്ട**

**മർക്കൂസ് മാൾട്ടോ & സാറാ മാൾട്ടോ**

14 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ദൈവവചനം വായിച്ചു ദൈവീക പരിജ്ഞാനം പ്രാപിക്കേണ്ടതിനായി മൂന്നു ഗുജറാത്തി വേദപുസ്തകം വിതരണം ചെയ്തു. ദാദക്കുവ ആരാധനയിൽ സംബന്ധിക്കുന്ന രാജേഷ് ഭായ്, കല ബൻ എന്നിവർ ജീവിതത്തിൽ സമാധാനം അനുഭവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ ആരാധനക്കൂട്ടങ്ങളിലും ഹോശന്ന ഞായറാഴ്ച, ഉയിർപ്പു ഞായറാഴ്ച ആരാധനകൾ നടത്തി. ചിവാൽ സഭയിലെ യോഗത്തിൽ 300 പേർ പങ്കെടുത്തു ദൈവനാമം മഹത്വപ്പെടുത്തി. അനേകർ തങ്ങളുടെ ജീവിതത്തെ ക്രിസ്തുവിനായി സമർപ്പിച്ചു. ഭവന സന്ദർശനത്തിലൂടെ 25 വ്യക്തികളോടു സുവിശേഷം പങ്കുവെച്ചു.

പിന്മാറ്റത്തിലായിരുന്ന കുടുംബം വീണ്ടും ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനു താൽപര്യം കാണിക്കുന്നു. അവർ തടസ്സമില്ലാതെ കടന്നു വരേണ്ടതിനായി പ്രാർത്ഥിക്കുക. ദൈവം അവരുടെ വിശ്വാസത്തെ പുതുക്കേണ്ടതിനായി പ്രാർത്ഥിക്കുക. അഞ്ചു കുടുംബം സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ഉടനെ നടത്തുവാൻ പോകുന്ന വിബിഎസ് പ്രോഗ്രാമിന്റെ എല്ലാ ആവശ്യങ്ങളും കർത്താവ് നൽകേണ്ടതിനായും കുട്ടികൾ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. യുവജനങ്ങളുടെ യോഗവും വിശ്വാസികളുടെ കുടുംബ സംഗമവും അനുഗ്രഹകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.




ഉപവാസ പ്രാർത്ഥന ദിനം

## ജന്മദിനാശംസകൾ

ജനില പൊൻ മലർ
പ്രീയ ഹെൻസി

### സിൽവാസ

**ഡേവിഡ് രാജസിങ് & കൺമണി**

ഇരു വൃക്കകളും തകരാറിലായ കൽപേശിനെ നിരന്തരമായ പ്രാർത്ഥനയുടെ ഫലമായി കർത്താവ് സൗഖ്യമാക്കി. വസന ഗ്രാമത്തിലെ ജ്യോതി ബന്നിന്റെ നെഞ്ചു വേദന ഉപവാസ പ്രാർത്ഥനയിലൂടെ കർത്താവ് സൗഖ്യമാക്കി.

ദുത്തി, കാൻസ എന്നീ സഭകളുടെ ആത്മീകാഭിവൃദ്ധിക്കായി പ്രാർത്ഥിക്കുക. ദിലീപ് ഭായ്, അഞ്ജലി ഭായ് എന്നീ കുടുംബങ്ങളിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ക്യാമ്പിൽ പങ്കെടുത്ത യൗവ്വനക്കാർ വിശുദ്ധിയും സാക്ഷ്യവുമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഡെയുസി, ജാത്തിപാട എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയുന്നതിനു പഞ്ചായത്ത് അനുമതി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ദാദ്ര നഗർ ഹാവേലി

**ഖാൻവേൽ : അരുൾ ആശീർ ഡി & സുഗുണ ഉന എൽ**

കളിക്കുന്ന വേളയിൽ വീണു വാരിയെല്ലിൽ പൊട്ടലുണ്ടായ ഒരു വയസ്സുള്ള പൈതലിനെ പ്രാർത്ഥനയിലൂടെ ദൈവം സൗഖ്യമാക്കി. 23 വർഷം കാലിലുണ്ടായ വൃണത്താൽ കഷ്ടപ്പെട്ട കിന്നൗലി ഗ്രാമത്തിലെ വിലാസ് ഭായിയെ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. പത്തു കുടുംബം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

വിശ്വാസികൾക്കായി സർക്കാർ വീടുകൾ പണിയുന്നു. അവർക്കു മതിയായ സാമ്പത്തികം ലഭിക്കേണ്ടതിനായും മഴക്കാലത്തിനു മുമ്പ് നിർമ്മാണം പൂർത്തീകരിക്കേണ്ടതിനുമായി പ്രാർത്ഥിക്കുക. ഡോലാറ ഗ്രാമത്തിലെ ലാഷി ബൻ, പർസായ് ഗ്രാമത്തിലെ ദിനേശ് ഭായ് എന്നിവർ ഞരമ്പു സംബന്ധമായ രോഗത്തിൽ നിന്നും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

### കാണാതെ പോയതു കണ്ടുകിട്ടി

പഞ്ചാബിൽ അഹമ്മദ്ഘട് മാന്തി മിഷൻ വയലിലെ ശ്രീ. സാജൻ, ഭാര്യ ശ്രീമിത സർബ്ജിത് കൗർ എന്നിവർ പതിവായി ഓൺലൈൻ പ്രാർത്ഥനയിൽ സംബന്ധിക്കുന്നു. പ്രാർത്ഥന സംഘത്തിലെ അംഗമെന്നു നാട്യത്തിൽ ഒരാൾ അവളോടു സംസാരിക്കുവാൻ തുടങ്ങി. പ്രാർത്ഥനക്കായി വിളിക്കുന്നു എന്ന വ്യാജേന അവളെയും മക്കളെയും ഒരു ദിവസം ചില മന്ത്രങ്ങൾ ഉപയോഗിച്ചു തട്ടിക്കൊണ്ടു പോയി. അയാൾ അവരെ ഹിമാചലിലെ പർവ്വത പ്രദേശത്തു കൊണ്ടു പോയി ഉപദ്രവിക്കുവാൻ തുടങ്ങി. ശ്രീമതി. സർബ്ജിതിനെയും മക്കളെയും 25 ദിവസം കാണാതെ പോയി. കുടുംബാംഗങ്ങൾ എല്ലാവരും ആകുലചിത്തരായി അവരെ തേടുവാൻ തുടങ്ങി. ദൈവം അവരെ വേഗത്തിൽ തിരികെ വരുത്തേണ്ടതിനായി ഞങ്ങളെല്ലാവരും അവർക്കു വേണ്ടി പ്രാർത്ഥിച്ചു. അധികം താമസിയാതെ കുടുംബാംഗങ്ങൾ ശ്രീമതി സർബ്ജിത്തിനെയും മക്കളെയും അമൃതസറിൽ കണ്ടെത്തുകയും ഭവനത്തിലേക്കു കൂട്ടിക്കൊണ്ടുവരികയും ചെയ്തു. ഈ സംഭവത്തിനു ശേഷം അവരുടെ കുടുംബത്തിൽ സമാധാനമില്ല. ദൈവം ആ കുടുംബത്തിൽ സമാധാനം നൽകേണ്ടതിനായി പ്രാർത്ഥിക്കുക.

ജൂൺ
26
വ്യാഴം

**ജന്മദിനാശംസകൾ**

ഇമ്മാനുവേൽ കാർത്തി പി,
സുനിത മാറാണ്ടി സൂശീൽ

## മഹാരാഷ്ട്ര

### ഖാന്തബാര & നവാപൂർ

**തിമ്മണ്ണ @ തിമോത്തി & മമത ജെ വി**

താരാപൂർ, ജാമദ വാക്കിപാട, കൊൽഗാർ എന്നീ ഗ്രാമങ്ങളിൽ നടത്തിയ വിശ്വാസികളുടെ പരിശീലന പ്രോഗ്രാമിൽ 120 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. ഹർണിപാട, ഖാന്തപാട എന്നീ രണ്ടു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. പുതിയ നിയമങ്ങളും മറ്റു ക്രിസ്തീയ പുസ്തകങ്ങളും വിതരണം ചെയ്തു. ഈ മിഷൻ വയലിലെ ആറു ഗ്രാമങ്ങളിലായി നടത്തിയ വിവിധ യോഗങ്ങളിൽ 420 പേർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു.

നവഗൗൺ, കോൽഗാർ എന്നീ ഗ്രാമങ്ങളിൽ വിശ്വാസികളുടെ ഭവനങ്ങളിൽ പ്രത്യേക പ്രാർത്ഥനകളോ ആരാധനകളോ നടത്തുവാൻ ബുദ്ധിമുട്ടുള്ളതിനാൽ ഇവിടെ ദൈവാലയം പണിയുവാൻ സർക്കാർ അനുവാദം നൽകേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്താൽ ഭക്ഷണം കഴിക്കുവാൻ കഴിയാത്ത ബേബി കിസാന്റെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. അരിവാൾ രോഗത്താൽ കഷ്ടപ്പെടുന്ന അമിത്, ശാന്തി ഭായ് എന്നിവരുടെ വിടുതലിനായി പ്രാർത്ഥിക്കുക. സൂറത്ത്, പൂനെ, മുംബൈ എന്നിവിടങ്ങളിലേക്കു കുടിയേറിയ നമ്മുടെ വിശ്വാസികളുടെ സുരക്ഷിതത്തിനായി പ്രാർത്ഥിക്കുക. അർജുൻ ദാദയുടെ വൃക്ക സംബന്ധമായ രോഗം സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന പ്രോഗ്രാമുകളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

### പിമ്പല്നെർ/ജിർണിപാട & സക്രി

**ബാലാജി നേതാലം & ജഗദ്വീശ്വരി**

തെമ്പ ഗ്രാമത്തിൽ നടത്തിയ സുവിശേഷ യോഗത്തിൽ 42 വ്യക്തികൾ സംബന്ധിച്ചു. അവരിൽ അഞ്ചു പേർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. പ്രാർത്ഥന യോഗത്തിൽ നാലു പുതിയ കുടുംബങ്ങൾ സംബന്ധിക്കുന്നു. എട്ടു സ്ഥലത്തു ഉപവാസ പ്രാർത്ഥനകൾ, രണ്ടിടത്തു വിബിഎസ്, മാലഗൗൺ ഗ്രാമത്തിൽ സഭ മൂപ്പന്മാരുടെ ഒരു ദിവസത്തെ പരിശീലന പ്രോഗ്രാം എന്നിവ അനുഗ്രഹകരമായി നടത്തി. ആരാധനക്കൂട്ടങ്ങളുടെ വികസനത്തെ കുറിച്ചു നടത്തിയ ആലോചന യോഗത്തിൽ സഭാമൂപ്പന്മാർ സജീവമായി പങ്കെടുത്തു.

അക്കട ഗ്രാമത്തിൽ ആഴ്ചതോറും നടത്തുന്ന പ്രാർത്ഥനക്കൂട്ടം ആരംഭിച്ചു. അനേക പുതിയ ഗ്രാമങ്ങളിൽ സുവിശേഷ വേല ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിബിഎസ് പ്രോഗ്രാം അനുഗ്രകരമായി മുന്നേറുന്നു. 30 ഗ്രാമങ്ങളിലൂടെ വിബിഎസ് നടത്തുവാൻ ആഗ്രഹിക്കുന്നു. അനേക കുട്ടികൾ ഇതിൽ പങ്കെടുത്തു അനുഗ്രഹം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സംസാരിക്കുന്നതിനോ നടക്കുന്നതിനോ ഇരിക്കുന്നതിനോ പ്രായാസപ്പെടുന്ന മായയുടെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.




ചാർലറ്റ് ജസിന്ത എസ്
ലില്ലി റാണി വിൻസന്റ്
ലൗച്ചിങ് എൻ

## കുറുക്സ്

**ആർ തോമസ് & കുടുംബം**

എല്ലാ മിഷൻ വയലിന്റെ സ്ഥിതിവിവര കണക്കുകൾ ന വീകരിക്കുവാൻ നമ്മുടെ മിഷനറിയെ കർത്താവ് സഹായിച്ചു. നമ്മുടെ മിഷന റിയുടെ മകൾ NEETപരീക്ഷ നല്ലവണ്ണം എഴുതി.

ന്യായാധിപന്മാരുടെ പുസ്തകം പ രിഭാഷപ്പെടുത്തുന്ന മോഹരാശി, പാട്ടുപുസ്തകം പരിഭാഷപ്പെടുത്തുന്ന പൗലൂസ് എന്നിവർക്കു ദൈവീക പരി ജ്ഞാനവും കൃപയും ലഭിക്കേണ്ടതി നായി പ്രാർത്ഥിക്കുക. ഫീൽഡ് ആഫീ സിന്റെ അറ്റകുറ്റ പണികൾ വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥി ക്കുക. ഇവിടെ ഒരു പാചകക്കാരനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# കർണ്ണാടക

## മാലൂർ

**കിഷന്ത ലിമ്മ & പ്രമീള സിങ്**

നമ്മുടെ വിശ്വാസി ലാവണ്യ യെയും അവളുടെ കുടുംബാംഗ ങ്ങളെയും വീടനു സമീപത്ത് എത്തിയ പുള്ളിപ്പുലിയുടെ ആക്രമണത്തിൽ ന ിന്നും ദൈവം രക്ഷിച്ചു. ഈ മാസം തടസ്സങ്ങളൊന്നുമില്ലാതെ പ്രവർ ത്തിക്കുവാൻ ദൈവം കൃപ നൽകി. ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു.

കഴിഞ്ഞ നാലു വർഷമായി പക്ഷഘാതത്താൽ വലയുന്ന രമേശിന്റെ സൗഖ്യത്തിനായി പ്രാർത്ഥി ക്കുക. വിശ്വാസികളായ സ്ത്രീകൾക്കായി പ്രാർത്ഥിക്കുക. അവരിൽ മിക്കവരു ടെയും ഭർത്താക്കന്മാർ രക്ഷിക്കപ്പെട്ടി ട്ടില്ല, ഇവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഷീഗ്ഗൗൺ

**നരേന്ദ്ര കുമാർ**

ബാലഭവനത്തിലെ കുട്ടികളും നമ്മുടെ വിശ്വാസികളുടെ മക്കളും 12 ക്ലാസ്സിലെ പരീക്ഷ നല്ല മാർക്കോടെ വിജയിച്ചു. സവിത 92 ശതമാനം മർക്ക് നേടി ദൈവത്തെ മഹത്വപ്പെടുത്തി. വൃക്ക സംബന്ധമായ രോഗത്താൽ ആശുപത്രിയിൽ പ്ര വേശപ്പിച്ച ഗിരിജമ്മയെ വിശ്വാസികളുടെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. വിവിധ രോഗങ്ങളാൽ വലഞ്ഞ ശ്രീ രാമിനെ പ്രാർ ത്ഥന കേട്ടു കർത്താവ് സൗഖ്യമാക്കി.

വിബിഎസിൽ പങ്കെടുത്ത കുട്ടികൾ ആത്മീകമായി വളർന്നു ക്രസ്തിയേശുവിൽ പക്വത പ്രാപി ക്കേണ്ടതിനായി പ്രാർത്ഥിക്കുക. ബുരി ലാലിലെ വസ്തു സംബന്ധമായ വിഷയം പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആയതിനായി ഞങ്ങൾ പ്രാദേശിക നേ താക്കളെയും തഹസിൽദാരെയും ജില്ല കളക്ടറെയും എം എൽ എ യും സമീ പിച്ചു സഹായം അഭ്യർത്ഥിച്ചു. ആഭിചാര ദോഷത്താൽ മല്ലവയും അവളുടെ കുടുംബവും കഷ്ടപ്പെടുന്നു. ദൈവം ആ കുടുംബത്തെ വിടുവിക്കേണ്ടതിനും അവളുടെ സംസാര ശേഷിയും ചലന ശേഷിയും തിരികെ ലഭിക്കേണതി നായി പ്രാർത്ഥിക്കുക.

ജൂൺ

**28**

ശനി

**ജന്മദിനാശംസകൾ**

സെൽവി ദൈവനായകം

## ഹലിയാൽ

**തങ്കലാൽ സൗ & നെംസാവാഹ്**

നിരന്തരമായ ഉപവാസ പ്രാർത്ഥനയോടെ രുദ്രേഷ് കുടുംബം കുഴിച്ച കുഴൽ കിണറിൽ നിന്നു സമൃദ്ധിയായ ജലം ലഭിച്ചു. ഒരു പൈതൽ ജനിക്കേണ്ടതിനായി പ്രാർത്ഥിച്ചു കൊണ്ടിരുന്ന ശാന്ത ഇപ്പോൾ ദൈവകൃപയാൽ ഗർഭവതിയായി. രണ്ടു സ്ഥലത്തു പ്രയാസമില്ലാതെ ജീസസ് ഫിലിം പ്രദർശിപ്പിച്ചു.

നന്ദഗാഡിൽ ദൈവാലയം പണിയുന്നതിനുള്ള അനുവാദം പഞ്ചായത്തിൽ നിന്നും എതിർപ്പുകളില്ലാതെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നന്ദഗാഡിൽ എതിർപ്പികളില്ലാതെ ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. ഇത്തിഗിൽ ദൈവാലയം പണിയുന്നതിനു അനുയോജ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. യേശുവിലുള്ള വിശ്വാസം ഏറ്റു പറയുന്നതിനു തയ്യാറാണ് എന്നാൽ അതിനുള്ള ധൈര്യമില്ല. ഇവർ മനസ്സ് പുതുക്കി രൂപാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. കടഭാരത്താൽ സമാധാനമില്ലാതെ കഷ്ടപ്പെടുന്ന രേണുക നന്ദുഗാഡിന്റെ കുടുംബത്തിന്റെ വിടുതലിനായി പ്രാർത്ഥിക്കുക. ഈ വർഷത്തെ ലക്ഷ്യം നേടേണ്ടതിനായി പ്രാർത്ഥിക്കുക.

# ആന്ധ്ര പ്രദേശ്

## കുപ്പം

**വെങ്കിടേശൻ സി ക്രെസൻസ് & എൻ ശശികല**

ആദ്യകാല പ്രവർത്തകരുടെ ലക്ഷ്യം നേടി. ഈ മാസം രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. അഞ്ചു അക്രൈസ്തവ ഗ്രാമങ്ങളിലും വിശ്വാസികളുടെ ഒമ്പതു ഗ്രാമങ്ങളിലും രാത്രി യോഗങ്ങൾ നടത്തി. അഞ്ചു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. ഹോശന്ന ഞായറാഴ്ച ആരാധന, കഷ്ടാനുഭവ ആഴ്ചയിലെ പ്രാർത്ഥനകൾ, പെസഹ വ്യാഴാഴ്ച ആരാധന, ദുഃഖ വെള്ളിയാഴ്ച ആരാധന, ഉയിർപ്പു ഞായറാഴ്ച ആരാധന എന്നിവ അർത്ഥവത്തായും ഫലകരമായും നടത്തി. പൈശാചിക ബന്ധനത്തിൽ നിന്നും മുനിർ, ശകുന്തള എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിവിധ രോഗങ്ങളാൽ വലയുന്ന ശ്രീ റാമിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

യേശുവിനെ രക്ഷിതാവായി സ്വീകരിച്ചവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. 2025-2026 സാമ്പത്തീക വർഷത്തെ ലക്ഷ്യം നേടേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ ഗ്രാമങ്ങളിലെ സുവിശേഷീകരണ പ്രവർത്തനം ഫലകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. പോകുരുപള്ളി ഗ്രാമത്തിൽ പുതുതായി ആരംഭിച്ച ആരാധനക്കൂട്ടം അത്മീകമായും ഭൗതീകമായും വളരേണ്ടതിനായി പ്രാർത്ഥിക്കുക. വേദപഠന ക്ലാസ്സുകളിലൂടെയും പ്രാർത്ഥനക്കൂട്ടങ്ങളിലുടെയും വിശ്വാസികൾ ആത്മീകമായി വളരേണ്ടതിനും വിശ്വാസത്തിൽ സ്ഥിരതയുള്ള വരാകേണ്ടതിനുമായി പ്രാർത്ഥിക്കുക.

**ജൂൺ**

**29**

**ഞായർ**

## ജന്മദിനാശംസകൾ

ജപതങ്കം മാധവറായി, പോൾ രാജ് പി
വേദക്കർ ദിലീപ്ബായി,
സോണിയ റാണി ജന
മിന്റു കുതും, മന്ന സിങ്

### സാദം

**അനിൽ മഹാലി & പ്രശാന്തി**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അനേക ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തുവാൻ ദൈവം കൃപ നൽകി. രാത്രി യോഗങ്ങൾ, രാത്രി പ്രാർത്ഥനകൾ, സഭാമൂപ്പന്മാരുടെ പരിശീലന പ്രോഗ്രാം, ഉപവാസ പ്രാർത്ഥനകൾ, ഞായറാഴ്ച ആരാധന, ജോഗിവാരി പള്ളിയിൽ വിശ്വാസികളുടെ ബോധവത്കരണ ക്ലാസ്സ്, ദർശനവും ദൗത്യ നിർവ ഹണവും എന്നതിലുള്ള പരിശീലനം എന്നിവ അനുഗ്രഹകരമായി സംഘ ടിപ്പിച്ചു. നമ്മുടെ സഭയിലെ യുവാവായ സാം പ്രസാദ് പത്താം ക്ലാസ്സ് പരീക്ഷ നല്ല മാർക്കോടെ ജയിച്ചു.

വിവാഹം കഴിഞ്ഞു പത്തു വർഷമായിട്ടും മക്കൾ ജനിക്കാത്ത സ്വരൂപ റാണി, ലക്ഷ്മി എന്നിവരുടെ കുടുംബങ്ങളിൽ ദൈവം അത്ഭുതം പ്ര വർത്തിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാർ വിശ്വാസത്തിലേക്കു മടങ്ങി വരേണ്ടതിനായി പ്രാർത്ഥിക്കുക. വിവാഹം കഴിഞ്ഞു ഏഴു വർഷമായിട്ടും മക്കളില്ലാതെ ഭാരപ്പെട്ടിരുന്ന നാഗർ കോവിലുകാരി ക്രിസ്റ്റൽ പ്രജക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

## തമിഴ്നാട്

### വെട്ടാവാളം

**സി ബ്രൈറ്റ് ജയകുമാർ &**

**ബ്യൂല അന്ന ശാന്തിനി**

ഒലൈപാടി ഗ്രാമത്തിലെ ശ്രീമതി അസൈമാലിയും അവളുടെ ബാനലോറിൽ പാർക്കുന്ന മൂന്നു കൊച്ചുമക്കളും നമ്മുടെ ഞായ റാഴ്ച യോഗത്തിൽ ആവേശപൂർവ്വം പ ങ്കെടുക്കുന്നു. ഒലൈപാടി ഗ്രാമത്തിലെ ദൈവാലയ കോമ്പൗണ്ടിലെ ചെടികൾ ക്കു വെള്ളം ഒഴിക്കുന്നതിനും പരിപാലി ക്കുന്നതിനമുള്ള ഉത്തരവാദിത്വം അവൾ സ്വയം ഏറ്റെടുത്തു. ഓലപാടി ദൈവാലയത്തിന്റെ കോമ്പൗണ്ടിന്റെ അറ്റകുറ്റ പണി പൂർത്തീകരിച്ചു. രാത്രിയിൽ കരഞ്ഞു കൊണ്ടിരുന്ന പിഞ്ചു പൈതൽ ലോകേഷിനെ പ്രാർത്ഥന യാൽ കർത്താവ് സൗഖ്യമാക്കി. പൈ തലും അവന്റെ മാതാവും അരാധന യിൽ താൽപര്യപൂർവ്വം പങ്കെടുക്കുന്നു.

രാധയുടെ പ്രായാധിക്യത്തിൽ ശയ്യാവലംബയായിരിക്കുന്ന മാതാവ് ചിന്നത്തായി മരിക്കുന്നതിനു മുമ്പ് യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രാധയുടെ മകൾ സുഗന്ധിയും കുടുംബ വും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കലൗ സൊരത്തൂറിലുള്ള നമ്മുടെ ദൈവാലയത്തിന്റെ വസ്തു വേഗത്തിൽ അളന്നു അതിർത്തി തിട്ടപ്പെടുത്തി ചുറ്റുമതിൽ പണിയേണ്ടതിനായി പ്രാർ ത്ഥിക്കുക. അടുത്ത പറമ്പുകാരൻ നമ്മുടെ സ്ഥലം അവകാശപ്പെടുന്നതിനു ശ്രമിക്കുന്നു. വിബിഎസിൽ പങ്കെടുത്ത കുട്ടികൾ അവർ മനസ്സിലാക്കിയ സത്യങ്ങൾ രക്ഷിതാക്കളുമായി പങ്കിടേണ്ടതിനായി പ്രാർത്ഥിക്കുക.

ജൂൺ
30
തിങ്കൾ

**ജന്മദിനാശംസകൾ**

അസറിയ രാജ് കുമാർ,
വെങ്കിടേശൻ സി,
വിഘ്നേശ്വരൻ എൻ, ശിശു പാൽ

## അഞ്ചെട്ടി

**ഡേവിഡ് നിക്കോൾസൺ & ഐവി**

രണ്ടു വൃക്കകളും തകരാറിലായി മരണ കിടക്കയിലായിരുന്ന 53 വയസ്സുള്ള ഗൗരമ്മയെ സഭയുടെ ശ്രദ്ധയോടു കൂടിയ പ്രാർത്ഥനയാൽ കർത്താവ് സൗഖ്യമാക്കി. നാലു പുതിയ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. വെള്ളയിലെ നമ്മുടെ പുതിയ സ്നേഹിതനായ ഗോപാലിന്റെ കൊച്ചു മകന്റെ മൂക്കിൽ കപ്പലണ്ടി കുടുങ്ങി ശ്വാസമടുക്കുവാൻ കഴിയാതെ കഷ്ടപ്പെട്ടു. അതു പുറത്തെടുക്കുവാൻ ഡോക്ടറന്മാർക്കു ദൈവം ജ്ഞാനം നൽകി.

സുവിശേഷം ശ്രവിച്ചവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സരോജ ഭായിയുടെ കഴുത്തിൽ ശസ്ത്രക്രീയ മൂലമുണ്ടായ മുറിവ് സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക. തനപാൽപെട്ടി, തിമ്മൻതോട്ടി, പസപാത്ന, കോവാലി, മദൈവല്ലി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രതിബന്ധങ്ങളില്ലാതെ ഈ മാസത്തെ പ്രാഗ്രാം അനുഗ്രഹകരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

# പരിഭാഷ

## വാർളി തർജ്ജിമ

**ജി ഏബ്രഹാം & പി ഹേമലത**

അമ്പത്തൂർ, അയ്യമ്പാരക്കം പ്രാർത്ഥനക്കൂട്ടങ്ങൾ ദൈവകൃപയാൽ അനുഗ്രകരമായി നടക്കുന്നു. പുതിയ നിയമത്തിന്റെ പരിഭാഷ, ഭാഷാ വിദഗ്ദർ അംഗീകരിച്ചു.

സദൃശ്യവാക്യം 14 -31 അദ്ധ്യായങ്ങൾ പുന പരിശോധന നടത്തി. പുതിയ നിയമ പരിഭാഷ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കു ആരോഗ്യവും ദൈവീക പരിജ്ഞാനവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മദ്യാസക്തിയുടെ ബന്ധനം അഴിയണം

മദ്ധ്യപ്രദേശിൽ ഖാൽവ മിഷൻ വയലിലെ മോജ്‌വാടി ഗ്രാമത്തിലുള്ള ശ്രീമതി. പാർവ്വതി കഴിഞ്ഞ 13 വർഷമായി ക്രിസ്തീയ വിശ്വാസിയാണ്. അവളുടെ ഭർത്താവ് വിലാസും നമ്മുടെ വിശ്വാസിയാണ്. ഒരു സ്നേഹിതന്റെ സ്വാധീനത്തിൽ മദ്യപാനം തുടങ്ങിയ വിലാസ് കഴിഞ്ഞ ഏഴു വർഷമായി മദ്യത്തിനടിമയാണ്. ഇതു നിമിത്തം ആ കുടുംബം ഏറെ ദുരിതം അനുഭവിക്കുന്നു. മിഷനറിമാരും വിശ്വാസികളും അയാൾക്കു വേണ്ടി പ്രാർത്ഥിക്കുകയും പലയാവർത്തി ആലോചനകൾ നൽകുകയും ചെയ്തു. അയാളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുവാൻ രണ്ടു പ്രാവശ്യം മിഷൻ വയലിലെ റിപ്പോർട്ടിനൊപ്പം ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഒരു വ്യത്യാസവും കണ്ടില്ല. ശ്രീമതി പാർവ്വതി ദൈവസന്നിധിയിൽ ഒരു പ്രതിജ്ഞ എടുത്തു. ദൈവം പ്രാർത്ഥനക്കു മറുപടി നൽകി. ശ്രീ. വിലാസ് മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിച്ചു. കഴിഞ്ഞ അഞ്ചു മാസമായി അദ്ദേഹം മദ്യപിക്കുന്നില്ല. ഈ കുടുംബം അനേകർക്കു പ്രചോദനമാകേണ്ടതിനായും അനേകർ ക്രിസ്തുവിങ്കലേക്കു ആനയിക്കപ്പെടേണ്ടതിനുമായി പ്രാർത്ഥിക്കുക.

**402**
**മിഷനറി ആൽബം**



## ശ്രീ. ശംഭുനാഥ് നായക് & ശ്രീമതി. രാജേശ്വരി പ്രധാൻ കുടുംബം

ഒഡിഷയിൽ അങ്കുൾ ജില്ലയിലുള്ള പദാർ മകിട്ടാല ഗ്രാമത്തിലെ പരേതനായ ശ്രീ. സുബൽ നായക്കിന്റെയും ശ്രീമതി ദർബാനി നായക്കിന്റെയും രണ്ടാമത്തെ മകനായി 1979 മാർച്ച് അഞ്ചാം തീയതി ശ്രീ. ശംഭുനാഥ് നായക് ജനിച്ചു. അദ്ദേഹത്തിനു രണ്ടു സഹോദരിമാരും രണ്ടു സഹോദരന്മാരും ഉണ്ട്. അവൻ ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ ആ പ്രദേശത്തു പ്രവർത്തിക്കുന്ന ഒരു മിഷനറിയിലൂടെ യേശുക്രിസ്തുവിന്റെ സ്നേഹം രുചിച്ചറിഞ്ഞ് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. എന്നാൽ അവന്റെ ഈ തീരുമാനം ഗ്രാമീണരിൽ നിന്നും കുടുംബത്തിൽ നിന്നുമുള്ള എതിർപ്പിനും പീഡനത്തിനും കാരണമായി. ഈ വെല്ലുവിളികളുടെ മദ്ധ്യെ യേശുവിനെ ഉപേക്ഷിച്ചില്ലെങ്കിൽ ഭവനത്തിൽ നിന്നും പുറത്താക്കുമെന്ന പിതാവിന്റെ ഭീഷണിയും നേരിടേണ്ടിവന്നു. എന്നിരുന്നാലും അവന്റെ ആത്മാർത്ഥമായ പ്രാർത്ഥനയുടെ ഫലമായി എതിർപ്പുകൾ ശമിച്ചു.

ഉന്നത പഠനത്തിനായി വഴികാട്ടുവാൻ ശംഭുനാഥ് പ്രാർത്ഥിച്ചപ്പോൾ ദൈവം അവനെ സുവിശേഷ വേല ചെയ്യുവാൻ ഉത്സാഹിപ്പിച്ചു. അങ്ങനെ അവൻ രണ്ടു വർഷം ബിലീവേഴ്സ് ചർച്ച് ഓഫ് ഇന്ത്യയുടെ ബൈബിൾ കോളജിൽ പഠിച്ചു. രണ്ടു വർഷം ദൈവവേല ചെയ്തു. ഒഡിഷയിലെ കട്ടക്കിൽ ബാല ഭവനത്തിൽ പ്രവർത്തിക്കുന്ന വേളയിൽ കുട്ടികൾക്കായുള്ള വേദപഠന ക്ലാസ്സിനു നേതൃത്വം നൽകുന്ന മിഷനറി അനിൽ കുമാർ ബാസോയിലൂടെ FMPB യുടെ പ്രവർത്തനങ്ങളെ കുറിച്ചു അറിഞ്ഞു. പൂർണ്ണ സമയ സുവിശേഷ വേലക്കായി ദൈവം വിളിക്കുന്നു എന്ന ബോദ്ധ്യമായ ശംഭുനാഥ് പൂർണ്ണ സമയ ശുശ്രൂഷക്കായ് തന്നെ സമർപ്പിച്ചു.

ഒഡിഷയിൽ ഗജപതി ജില്ലയിലുള്ള സെരാങ്കോ ഗ്രാമത്തിലെ റവ. ശംഭു പ്രധാന്റെയും ശ്രീമതി രേണുക പ്രധാന്റെയും മൂത്ത മകളായി 1982 ജൂൺ പത്താം തീയതി ശ്രീമതി രാജേശ്വരി പ്രധാൻ ജനിച്ചു. രാജേശ്വരിക്കു ആറു വയസ്സുള്ളപ്പോൾ അവളുടെ പിതാവ് ഒരപകടത്തിൽ മരിച്ചു. മാതാവ് അവളെയും അവളുടെ സഹോദരനെയും ഒരു ബാലഭവനത്തിൽ വിട്ടു പഠിപ്പിച്ചു. ഏകാന്തതയിൽ മുങ്ങിയ രാജേശ്വരി വിഷാദവും ഉപേക്ഷിക്കപ്പെട്ടവൾ എന്ന തോന്നലും ഉണ്ടായി. അങ്ങനെയിരിക്കെ ഒരു വിബിഎസിൽ പങ്കെടുക്കവെ ഞാൻ നിന്നെ ഒരുനാളും കൈവിടുകയില്ല; ഉപേക്ഷിക്കയുമില്ല (എബ്രായർ 13:5) എന്ന വാക്യത്തിലൂടെ ദൈവം അവളോടു സംസാരിച്ചു. അവൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ബാലഭവനത്തിലെ പ്രവർത്തകരുടെ സമർപ്പണത്തിൽ പ്രചോദിതയായ അവൾ ദൈവവേലക്കായ് തന്നെ സമർപ്പിച്ചു. സ്കൂൾ പഠനത്തിനു ശേഷം അവൾ ബൈബിൾ കോളജിൽ ചേർന്നു BTh പഠിച്ചു.

2009 ജൂൺ 13 ന് ശംഭുനാഥും രാജേശ്വരിയും തമ്മിലുള്ള വിവാഹം നടന്നു. 2009 ജൂൺ 16 ന് അവർ കുടുംബമായി FMPB യിൽ മിഷനറിമാരായി ചേർന്നു. സേലത്തുള്ള ബഥേൽ കോളജിൽ നിന്നുള്ള മിഷനറി പരിശീലനത്തിനു ശേഷം അവർ ആറു മാസം ഗുജറാത്തിൽ വസാവ ആദിവാസികളുടെ ഇടയിൽ പ്രവർത്തിച്ചു. 2011 മുതൽ അവർ ഗുജറാത്തിന്റെ വടക്കൻ ഭാഗത്തുള്ള ഡേഡിയപാട, മൽസോമോത്, വഗാഗർ, മാൻസ എന്നീ മിഷൻ വയലുകളിൽ പ്രവർത്തിച്ചു. ഇപ്പോൾ അവർ ശ്രീമാലി, പരമാര, പ്രജാപതി എന്നീ ജനസമൂഹങ്ങളുടെ മദ്ധ്യെ പ്രവർത്തിക്കുന്നു.

ദൈവം ഇവർക്കു മൂന്നു മക്കളെ നൽകി അനുഗ്രഹിച്ചു. മൂത്ത മകൾ ജോയ്സ് കെത്സിയ (26/7/2010) ഒമ്പതാം ക്ലാസ്സിലും രണ്ടാമത്തെ മകൾ ജസ്സിക്ക (12/8/2013) ആറാം ക്ലാസ്സിലും ഇളയ മകൻ യോശുവ സാം (15/11/2015) നാലാം ക്ലാസ്സിലും ഡേരാഡൂണിലെ ഗ്രേസ് അക്കാഡമിയിൽ പഠിക്കുന്നു. ഈ മിഷനറി കുടുംബത്തെ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുക.

## We want to help you to be in touch with...
## Friends Missionary Prayer Band

**ZONAL ADVISOR : Bro. C.S. Isaiah,** Mob. 9447 000 899

**ZONAL OFFICE : Rev. Abraham Thomas,** Zonal Secretary, FMPB, Madhavanpady,
..................................Vadavathoor P.O, Kottayam - 686 010.
..................................Mob. 9847799031, 9562750798. E - Mail. samfmpb@gmail.com

**REGION ADVISOR: Rev. Stanly George,** FMPB, Abhayam, Umbernad, Kallumala P.O,
..................................Mavelikara - 90 110 Mob.9495 156 486; 9446 191 886
..................................E- Mail. stanleygeorge@fmpb.org

**SOUTH KERALA REGION : Rev. Manoj P J,** Regional Secretary, FMPB, House No.
..................................CNRA 117, Chathiod pond Road, Nalanchira, Trivandrum - 695015
..................................Mob.8951 766 255, E- Mail. manoj@fmpb.org

**Parassala: ................Rev.Syrus Samuel,** FMPB Mob.88259 26935, 88628 95099

**Neyyattinkara East: Mr.K. Thankappan,** Hon. Pro. secretary, FMPB, “Prabhath”,
..................................Cheruvarakonam, Parasala P.O -695 502 Ph.0471 2200001

**Neyyattinkara West:Mr. N.Selvakumar,** Hon. Prom. Sec., Ph.0471 2390636 Mob.7559 969 446

**Tiruvanathapuram: Eng.P.J.Thomas,** Hon.Prom.Sec. Ph.0471 2540146

**Kattakada : ......... Mr.R.Vimalraj,** Hon. Prom. Sec, Ph. 85474 92327

**CENTER KERALA REGION : Rev. Thomas Mathew,** Zonal Secretary, FMPB,
................................ Choorakuzhiyil House, Makkapuzha P.O, Ranni - 689 676.
..................................Mob. 9495 309 335, E - Mail. thomasmatthew@fmpb.org

**Kollam : .............. Mr.K.M.Mathew,** Hon.Prom.Sec. Kakkalil (H) -689 521, Mob. 9497 147 024

**Thiruvalla:............. Mrs. Rebacamma Paul,** Promotional Secretary Mob 9444 665 917,

**Pathanamthitta : Mr. K.A. John,** Hon. Prom.Secretary, FMPB,Kizhakkearuthickal,
..................................Keekozhur.P.O - 689 672. PH:0468 227 7039, Mob.9495 757 563.

**Kottayam 1 : ..... Mr. Jose Prakash,** Hon.Prom.sec. FMPB, Chackalayil Peace Cottege,
..................................Amalagiri P.O, Ph.0481 259 9262, Mob. 9447 321 298.

**Kottayam 2 : ..... Mr. W.H. George,** Hon.Prom.sec, FMPB, Vazhamattom House,
..................................Manarcadu P.O, Kottayam - 686 019, Mob. 9447 279 825.

**East Kerala :....... Rev. Babu P,** Prom.Sec, Kunnathu house, Melukavumattom P O -
..................................Kottayam - 686 652. Mob.8809 936 270

**Thodupuzha.............Mrs. Usha Parimalam,** Prom. Secretary Mob. 94959 90899

**Munnar : ............. Mr.T. Samuel,** Hon.Pro.Sec. Mob. 8281 286 643

**NORTH KERALA REGION : Rev. Vavachen.M.P,** Regional Secretary, FMPB, ARA 150,
..................................Junior Janatha Road, Vittila P.O- 682 019; Mob. 9847 575 416

**Thripunithura:....... Mr. P. A. Abraham,** Hon.Prom.Sec. Mob.682 039; 9447 024 508

**Perumbavoor........ Mr. K. P. Paul,** Hon.Prom.Sec. Mob: 98473 55189

**Kakkanadu............ Mrs. Ponnamma Abraham,** Hon.Prom.Sec. Mob: 94474 73685

**MALABAR REGION:Rev. Golden Inbaraj,** Regional Secretary, 2/600 Unity garden,
..................................Kaithakuzhi,Erattakulam P O, Palakkad, 678 622. Mob. 09013 042 185.

**Kozhikode : ........ Mr. Roy Mathew Cheeeran,** Hon.Prom. Sec. Mob. 9847 950 811

**Wayanadu : ........ Mr. D. P. Roosevelt,** Hon.Prom.Sec. Mob. 9961 613 066; 04936 281008

**Palakkad : .......... Mr. P. P. Cherian,** Hon.Prom. Sec. Mob. 9496 193 322

**403**
**മിഷനറി ആൽബം**



## ശ്രീ. ബസുദീയ മാൽട്ടോ & ശ്രീമതി. ബാസന്തി കുടുംബം

ജാർഖണ്ഡിൽ സാഹിബ്ഗഞ്ച് ജില്ലയിലുള്ള ടോക് ബസ്കോ പഹാട് ഗ്രാമത്തിലെ പരേതരായ ശ്രീ. ധർമ്മ പഹാടിയായുടെയും ശ്രീമതി ദേവി പഹാടിയുടെയും മൂത്തമകനായി 1987 ഏപ്രിൽ 17 ന് സഹോദരൻ ബസുദീയ മാൽട്ടോ ജനിച്ചു. അദ്ദേഹത്തിനു രണ്ടു സഹോദരിമാരും ഒരു സഹോദരനും ഉണ്ട്.

അവന്റെ പിതാവ് നിരക്ഷരനാണെങ്കിലും ഗ്രാമത്തിൽ ഏറെ സ്വാധീനമുള്ള വ്യക്തിയായിരുന്നു. കുട്ടികൾക്കു വിദ്യാഭ്യാസം നൽകണമെന്ന തീക്ഷണതയുള്ളതിനാൽ ജാർഖണ്ഡിൽ സാഹിബ്ഗഞ്ചിലെ ബഞ്ചിയിലുള്ള സർക്കാർ ബാലഭവനത്തിൽ ചേർത്തു പഠിപ്പിച്ചു. അവന്റെ ഗ്രാമത്തിൽ പത്താം ക്ലാസ്സിലെ പരീക്ഷ പാസ്സാകുന്ന ആദ്യ വ്യക്തി ബസുദീയ മാൽട്ടോ ആയിരുന്നു. FMPB യുടെ ശുശ്രൂഷയാൽ അവൻ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. യാക്കോബ് 2: 26 ലൂടെ അവനു ദിവ്യമായ ദൈവവിളി ലഭിച്ചു. മഹാരാഷ്ട്രയിലെ യവത്മാളിലുള്ള യവത്മാൾ കോളജ് ഫോർ ലീഡർഷിപ് ട്രെയിനിംഗിൽ ചേർന്നു പഠിക്കവെ 2 തിമോഥെയോസ് 4:12 ലൂടെ സുവിശേഷ വേലക്കായുള്ള അവന്റെ സമർപ്പണത്തെ ദൈവം സ്വീകരിച്ചു. 2000 ജൂണിൽ അവൻ ഇന്ത്യ ക്യാമ്പസ് ക്രൂസേഡ് ഫോർ ക്രൈസ്റ്റിൽ ചേർന്നു മാൽട്ടോ ജനങ്ങളുടെ മദ്ധ്യേ ജീസസ് ഫിലിം പ്രദർശിപ്പിക്കുന്ന ശുശ്രൂഷയിൽ ഏർപ്പെട്ടു. ബർഹർവായിലുള്ള FMPB യുടെ തൊഴിൽ പരിശീലന കേന്ദ്രത്തിൽ ചേർന്നു സാങ്കേതിക വിദ്യ അഭ്യസിച്ചു. പഠനം പൂർത്തീകരിച്ച ഉടനെ (2001) അവർ അതെ സ്ഥാപനത്തിൽ പരിശീലകനായി ജോലി ചെയ്തു. അവൻ റാഞ്ചി പ്ര മോഷണൽ ആഫീസിൽ സന്നദ്ധ പ്രവർത്തകനായി പ്രവർത്തിച്ചു കൊണ്ട് +2 പഠനം പൂർത്തീകരിച്ചു. തുടർന്നു ചെന്നയിൽ B.Th. പഠിക്കുവാനായി ചേർന്നു. പഠനം പൂർത്തീകരിച്ചതിനെ തുടർന്ന 2008 ൽ ജാർഖണ്ഡിൽ ദുംക റീജിനൽ ആഫീസിൽ സന്നദ്ധ പ്രവർത്തകനായി ചേർന്നു പ്രവർത്തിച്ചു.

ജാർഖണ്ഡിൽ പാക്കൂട് ജില്ലയിലുള്ള സിമൽക്കുണ്ടി ഗ്രാമത്തിലെ ക്രിസ്തീയ കുടുംബമായ ശ്രീ മീഖായേൽ മാൽട്ടോയുടെയും പരേതയായ ശ്രീമതി സരോജിനി മാൽട്ടോയുടെയും മൂത്ത മകളായി 19/11/1986 ൽ സഹോദരി ബാസന്തി മാൽട്ടോ ജനിച്ചു. അവൾക്കു ഒരു ഇളയ സഹോദരിയുണ്ട്. അവളുടെ മുത്തശ്ശൻ സി എൻ ഐ സഭയിലെ ഉപദേശിയായിരുന്നു. ക്രിസ്തീയ അച്ചടക്കത്തിലും ഭക്തിയിലും വളർന്നു വന്ന അവൾ ബീഹാറിലെ ജമാൽപുറിൽ നടന്ന ഒരു ആത്മീയ കൺവൻഷനിൽ സംബന്ധിക്കവെ യോഹന്നാൻ 3:16 ലൂടെ ദൈവം അവളോടു സംസാരിക്കുകയും അവൾ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കുകയും ചെയ്തു. സുവിശേഷ വേലക്കായി അവൾ സമർപ്പിക്കപ്പെട്ടെങ്കിലും ഒരു പെൺകുട്ടി ആകയാൽ ദൈവവേലക്കായി അവളെ അയച്ചില്ല. അവൾ ജാർഖണ്ഡ് ഗവൺമെന്റ് അദ്ധ്യാപക പരിശീലന കോഴ്സിൽ ചേർന്നു. പരിശീലനം പൂർത്തീകരിച്ച ഉടനെ സർക്കാർ സ്കൂളിൽ അദ്ധ്യാപികയായി ജോലിയിൽ പ്രവേശിച്ചു.

2009 മെയ് 21 ന് ശ്രീ. ബസുദീയ മാൽട്ടോയും ശ്രീമതി ബാസന്തി മാൽട്ടോയും തമ്മിലുള്ള വിവാഹം നട ന്നു. 2009 ജൂണിൽ 16 ന് അവർ FMPB യിൽ മിഷനറിമാരായി ചേർന്നു. മിഷനറി പരിശീലനത്തിനായി അവരെ ഉത്തരപ്രദേശിലുള്ള ഝാൻസിയിലേക്കു അയച്ചു. 2010 ഡിസംബർ ഒന്നു മുതൽ ഒടിഷയിൽ കിയോൻജുഹർ ജില്ലയിലെ അങ്കുലിലുള്ള ജുയാങ് ജനവിഭാഗങ്ങളുടെ മദ്ധ്യേ പ്രാരംഭ മിഷനറിമാരായി പ്രവർത്തിച്ചു. 2022 ജൂൺ 16 മുതൽ ജാർഖണ്ഡിലെ ജഗനാഥ്പൂരിലെ ഹോ ജിനവിഭാഗങ്ങളുടെ മദ്ധ്യേ കർത്താവിന്റെ വേല ചെയ്യുന്നു.

ദൈവം ഇവർക്കു ഒരു പൈതലിനെ നൽകി അനുഗ്രഹിച്ചു. ഇവരുടെ മകൻ ബ്ലസ്സൻ മാൽട്ടോ ആറാം ക്ലാസ്സിൽ ഉത്തരാഖാണ്ഡിലുള്ള ഡേരാഡൂണിലെ ഗ്രേസ് അക്കാദമിയിൽ പഠിക്കുന്നു. ഈ മിഷനറി കുടുംബത്തെ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുക.




***Published by:*** S. John Berlin on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. John Berlin***